2024 ജനുവരി | പുസ്തകം 16 | ലക്കം 1 | പേജ് 40 | ISSN 0970 - 0579 | വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ



## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന ബൃഹത് പദ്ധതി ഒരവലോകനം

## ഭക്ഷ്യയോഗ്യമായ സവിശേഷ നാളികേര ഇനങ്ങൾ

# ഇന്ത്യൻ നാളികേര ജേണൽ

പുസ്തകം 16 ലക്കം 1

2024 ജനുവരി

കൊച്ചി – 11



**ഉപദേശകസമിതി**

**ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ**

ഡോ. പ്രഭാത് കുമാർ

**അംഗങ്ങൾ**

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്

ഡോ. ജിജു പി അലക്സ്

ശ്രീ. പി.ആർ. മുരളീധരൻ

**പത്രാധിപസമിതി**

**ചെയർമാൻ**

ഡോ. പ്രഭാത് കുമാർ

**അംഗങ്ങൾ**

ഡോ. സി. തമ്പാൻ

ശ്രീ. മുരളീധരൻ തഴക്കര

**ചീഫ് എഡിറ്റർ**

ഡോ. ബി ഹനുമന്ത് ഗൗഡ

**എഡിറ്റർ**

ശ്രീമതി. ദീപ്തി നായർ എസ്

**അസിസ്റ്റന്റ് ഡയറക്ടർ**

ശ്രീമതി. മിനി മാത്യു

**പബ്ലിസിറ്റി ഓഫീസർ**

ശ്രീമതി. സോന ജോൺ



**നാളികേര വികസന ബോർഡ്**

(കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ)

കേര ഭവൻ, എറണാകുളം, കൊച്ചി – 682 011.

ഫോൺ : 0484 – 2377266, 2377267, 2376553, 2375216, 2376265 ഫാക്സ് : 91-0484-2377902

Grams : KERABOARD

E-mail : kochi.cdb@gov.in

Website : www.coconutboard.gov.in

**വരിസംഖ്യ**

പ്രതിവർഷം 40 രൂപ, ഒറ്റപ്രതി 4 രൂപ


തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.

## നാളികേര വികസന ബോർഡ്

കേരകൃഷിയുടേയും വ്യവസായത്തിന്റേയും സർവ്വതോമുഖമായ വികസനത്തിനുവേണ്ടി 1979 – ലെ പാർലമെന്റ് നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണാധികാര സ്ഥാപനമായ നാളികേര വികസനബോർഡ് 1981 ജനുവരി 12ന് നിലവിൽ വന്നു. കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ആസ്ഥാനം കൊച്ചിയിലാണ്. ബാംഗ്ലൂർ, ഗോഹട്ടി, ചെന്നൈ, പാറ്റ്ന എന്നിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും ഭുവനേശ്വർ, കൽക്കട്ട, പോർട്ട് ബ്ലെയർ, ഹൈദരാബാദ്, താനെ, ജുനഗഡ്, ഡൽഹി എന്നിവിടങ്ങളിലായി സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

### ചുമതലകൾ

• കേര വ്യവസായത്തിന്റെ വളർച്ചയ്ക്കും, വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റെയും നാളികേരോത്പന്നങ്ങളുടേയും വിപണനം മെച്ചപ്പെടുത്തുന്നതിനു വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക • കേര കൃഷി, സംസ്ക്കരണം, വിപണനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുക. • ഉൽപാദന ശേഷി കൂടിയ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, ആധുനിക കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും, നാളികേര സംസ്ക്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ അവലംബിക്കുന്നതിനും പുനഃകൃഷിയടക്കമുള്ള മാർഗ്ഗങ്ങൾ വഴി കൂടുതൽ സ്ഥലത്തേക്ക് തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും നൽകുക. • നാളികേരത്തിനും കേരോത്പന്നങ്ങൾക്കും ഏറ്റവും കുറഞ്ഞതും കൂടിയതുമായ വിലകൾ ശുപാർശ ചെയ്യുന്നതടക്കം കേര കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് പ്രായോഗിക നടപടികൾ ശുപാർശ ചെയ്യുക. • കേര കർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരിൽ നിന്നും കേരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. • നാളികേരത്തിനും, നാളികേരോൽപന്നങ്ങൾക്കും വിവിധ ഗ്രേഡുകൾ, വ്യവസ്ഥകൾ, പ്രമാണങ്ങൾ എന്നിവ നിശ്ചയിക്കുക. • കേന്ദ്ര ഗവൺമെന്റുമായും, വ്യാപകമായി തെങ്ങു കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായും കൂടിയാലോചിച്ച് നാളികേരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങിന്റെ വർഗ്ഗ ഗുണവും, വിളവും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് ധനസഹായം നൽകുക. • ഇതിനായി കേര കർഷകർഷകർക്കും, നാളികേരോത്പന്നങ്ങൾക്കും വിപണന സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. • നിലവിലുള്ള സ്ഥാപനങ്ങൾ മുഖേന നാളികേരത്തേയും, നാളികേരോത്പന്നങ്ങളെയും പറ്റിയുള്ള ഗവേഷണങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക. • നാളികേരത്തേയും, നാളികേരോത്പന്നങ്ങളേയും കുറിച്ചുള്ള ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതടക്കമുള്ള പ്രചാരണ പരിപാടികൾ നടത്തുക. • തെങ്ങ് വളരുന്ന സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും ഉല്പാദനം, ഗ്രേഡിംഗ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി പ്രാദേശിക കാര്യാലയങ്ങളും മറ്റ് ഏജൻസികളും സ്ഥാപിക്കുക. • വ്യാപകമായ തോതിൽ കേര കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള മറ്റു നടപടികൾ സ്വീകരിക്കുക.




# ഉള്ളടക്കം


04  **സന്ദേശം**

05 **തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന ബൃഹത് പദ്ധതി ഒരവലോകനം**
മിനി മാത്യു

10 **തെങ്ങിന്റെ ചങ്ങാതിക്കൂട്ടം സാമൂഹിക പ്രതിബദ്ധതയുള്ള തെങ്ങ് കയറ്റക്കാരുടെ നൂതന കൂട്ടായ്മ**
തമ്പാൻ. സി, എസ്. ലീന

14 **തെങ്ങു കയറ്റ തൊഴിലാളികൾക്ക് സുരക്ഷയൊരുക്കി കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി**
വിഷ്ണുപ്രിയ കെ. റ്റി

17 **ക്ലൈമറ്റ് സ്മാർട്ട് കൃഷിക്ക് സി ടി സി ആർ ഐയുടെ കിഴങ്ങിനങ്ങളും തെങ്ങ് – കിഴങ്ങധിഷ്ഠിത വിള സമ്പ്രദായങ്ങളും**
ജി. ബൈജു

20 **ഭക്ഷ്യയോഗ്യമായ സവിശേഷ നാളികേര ഇനങ്ങൾ**
മായാലക്ഷ്മി, ഷെരീഫ എം, റെജി ജേക്കബ് തോമസ്

23 **നാളികേരം നേരിടുന്ന പ്രശ്നങ്ങൾ : നാളികേര കർഷകനുമായി അഭിമുഖം**
ടി. എസ്. വിശ്വൻ

26 **നാളികേരത്തിന്റെ നാട്ടിൽ നിന്നും ഒരു വടക്കൻ വീരഗാഥ**
സദാനന്ദൻ കൊക്കഞ്ഞാത്ത്

28 **തെങ്ങിൻ തോപ്പിലെ ഈർപ്പ സംരക്ഷണം**
ആനന്ദ് ആർ ദാസ്

30 **കുരുത്തോലപ്പന്തൽ**


32 **വാർത്തകൾ**

35 **തെങ്ങിൻ തോപ്പിൽ ജനുവരി മാസത്തിലെ കൃഷിപ്പണികൾ**
തമ്പാൻ. സി, പി. സുബ്രഹ്മണ്യൻ, ജോസഫ് രാജ്കുമാർ

37 **കമ്പോളം**

# സന്ദേശം

പ്രിയ നാളികേര കർഷകരെ

വാഗ്ദാനപ്രദമായ മറ്റൊരു വർഷത്തിലേക്ക് കടക്കുമ്പോൾ, ഇന്ത്യൻ നാളികേര ജേർണലിന്റെ പ്രിയപ്പെട്ട വായനക്കാർക്ക് വളർച്ചയും വിജയവും സമൃദ്ധിയും നിറഞ്ഞ ഒരു വർഷം ആശംസിക്കുന്നു. നാളികേര വികസന ബോർഡിന്റെ അശ്രാന്ത പരിശ്രമത്തിലൂടെ 2023 സാമ്പത്തിക വർഷം രാജ്യത്തെ നാളികേര മേഖലയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും കാര്യമായ സംഭാവന നൽകാൻ സാധിച്ചു. സുസ്ഥിര കാർഷിക രീതികളുടെ പ്രോത്സാഹനം മുതൽ നൂതന സാങ്കേതികവിദ്യകളുടെ പ്രോത്സാഹനം വരെ, നല്ല മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ നാളികേര വികസന ബോർഡ് മുൻപന്തിയിലാണ്. ഗവേഷണ വികസന സംരംഭങ്ങൾ തീവ്രമാക്കുന്നതിനും നാളികേര കർഷകർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ലക്ഷ്യമിട്ടുള്ള ഗവേഷണ ശ്രമങ്ങളെ ബോർഡ് സജീവമായി പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഗവേഷണ ഫലങ്ങൾ വിള ഉൽപ്പാദനക്ഷമത വർധിപ്പിക്കുക മാത്രമല്ല, മികച്ചതും കാര്യക്ഷമവുമായ കീടരോഗ പരിപാലനത്തിന്റെ വികസനത്തിനും സഹായകമായി. നാളികേര ടെക്നോളജി മിഷൻ പദ്ധതിക്കു കീഴിൽ നാളികേരാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകിക്കൊണ്ട് നാളികേരമേഖലയെ ശക്തിപ്പെടുത്താനുള്ള ബോർഡിന്റെ പ്രതിജ്ഞാബദ്ധത, നാളികേര വികസനത്തിന് സമഗ്രമായ ഒരു ആവാസവ്യവ സ്ഥസൃഷ്ടിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ പങ്കാളികൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. ഈ സഹകരണ സമീപനം നാളികേര വ്യവസായത്തിന് സുസ്ഥിരമായ ഒരു പാത ഉറപ്പാക്കിക്കൊണ്ട് നവീകരണത്തിന്റെയും വിജ്ഞാന വിനിമയത്തിന്റെയും വേഗത വർദ്ധിപ്പിച്ചു. സാങ്കേതിക പുരോഗതിയുടെ മേഖലയിൽ, നാളികേര കൃഷി രീതികളിൽ ആധുനിക സാങ്കേതികവിദ്യകൾ സമന്വയിപ്പിക്കുന്നതിൽ നാളികേര വികസന ബോർഡ് പ്രതിജ്ഞാബദ്ധമാണ്. പ്രിസിഷൻ ഫാമിംഗ് പ്രോത്സാഹിപ്പിക്കുക, പ്രകൃതിദത്ത കൃഷി, വിള നിരീക്ഷണത്തിനായി ഡ്രോണുകളുടെ ഉപയോഗം, ജലസേചന സംവിധാനങ്ങളുടെ പ്രയോഗം എന്നിവയാണ് നാളികേര കൃഷിയുടെ കാര്യക്ഷമതയും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന ഭാവി പദ്ധതികൾ. വിപുലമായ പരിശീലനത്തിലൂടെയും ബോധവൽക്കരണ പരിപാടിയിലൂടെയും ബോർഡിന്, സംയോജിതവും കാർഷിക പാരിസ്ഥിതികവും സുസ്ഥിരവുമായ സമീപനങ്ങൾ സ്വീകരിക്കുന്നതിന് ആവശ്യമായ അറിവും ഉപകരണങ്ങളും ഉപയോഗിച്ച് രാജ്യത്തുടനീളമുള്ള കർഷകരെ ശാക്തീകരിക്കാൻ സാധിക്കും. നാളികേര കർഷകരുടെയും അവരുടെ സമൂഹങ്ങളുടെയും ഉപജീവനമാർഗ്ഗം ഉയർത്തുന്നതിനുള്ള ഇൻഷുറൻസ് പദ്ധതികൾക്കൊപ്പം വിവിധ നൈപുണ്യ വികസന സംരംഭങ്ങളിലൂടെയും ശാക്തീകരണ പദ്ധതികളിലൂടെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുള്ള പ്രയത്നങ്ങളും നടക്കുന്നു. നിരവധി പുതിയ അവസരങ്ങൾ കാത്തിരിക്കുമ്പോഴും ഈ മേഖലയിൽ നിരവധി വെല്ലുവിളികൾ നിലനിൽക്കുന്നുണ്ട്. വരും വർഷത്തേക്കുള്ള പ്രധാന ശ്രദ്ധാകേന്ദ്രങ്ങളിലൊന്ന് ഗവേഷണ വികസന സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ്. ഗവേഷണ സ്ഥാപനങ്ങൾ, കാർഷിക സർവ്വകലാശാലകൾ, വ്യവസായ പങ്കാളികൾ എന്നിവരുമായി സഹകരിച്ച് രോഗ കീട നിയന്ത്രണം, ഉയർന്ന വിളവും ഒപ്പം പരിസ്ഥിതി സമ്മർദങ്ങളെ പ്രതിരോധിക്കുന്ന തെങ്ങിനങ്ങളുടെ വികസനം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ബോർഡ് ലക്ഷ്യമിടുന്നത്. സുസ്ഥിര വികസനത്തിനായുള്ള ആഗോള പ്രതിബദ്ധതയുമായി ഒത്തുചേർന്ന്, ജൈവകൃഷി, പുനരുപയോഗ ഊർജ്ജ പരിഹാര മാർഗ്ഗങ്ങളുടെ പര്യവേക്ഷണം, നാളികേര മൂല്യശൃംഖലയിൽ മാലിന്യം കുറയ്ക്കുന്നതിനും വിഭവശേഷി വർദ്ധിപ്പിക്കുന്നതിനും ചാക്രിക സമ്പദ്‌വ്യവസ്ഥ നടപ്പിലാക്കൽ തുടങ്ങിയ പരിസ്ഥിതി സൗഹൃദ രീതികളുടെ വിപുലീകരണവുമെല്ലാം ബോർഡ് വിഭാവനം ചെയ്യുന്നു. ഇന്ത്യൻ നാളികേര ജേണൽ, നാളികേര മേഖലയിൽ വിവര കൈമാറ്റം, വിജ്ഞാന വ്യാപനം, സാമൂഹിക അവബോധം വളർത്തൽ എന്നിവയ്ക്കുള്ള ഒരു പാതയായി തുടരും. കഴിഞ്ഞ കാലത്തിന്റെ പാഠങ്ങൾ ഉൾകൊണ്ട് സുസ്ഥിരവും സമൃദ്ധവുമായ ഒരു നാളികേര മേഖലയുടെ മുന്നേറ്റത്തിനായി നമുക്കൊത്തൊരുമിച്ച് 2024ലേക്ക് മുന്നേറാം.

ചെയർമാൻ

പത്രാധിപസമിതി



# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന ബൃഹത് പദ്ധതി ഒരവലോകനം

**മിനി മാത്യു**
അസി. ഡയറക്ടർ, നാളികേര വികസന ബോർഡ്

നാളികേര വികസന ബോർഡ് 2011 ആഗസ്റ്റ് 17 ന് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിലൂടെ കേര കൃഷി മേഖലയിൽ സൃഷ്ടിച്ച തൊഴിലവസരങ്ങൾ അനവധിയാണ്. ഇന്ത്യൻ കാർഷിക മേഖലയിൽ മറ്റേതൊരു രംഗത്തും പ്രത്യേകിച്ചും ഗ്രാമീണ യുവതീ യുവാക്കൾക്ക് ഇത്രയധികം തൊഴിലവസരം സൃഷ്ടിച്ചിട്ടുള്ള നൈപുണ്യ വികസന പരിപാടിയുണ്ടോ യെന്ന് സംശയം. ഇത് അഗ്രിക്കൾച്ചർ സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യയും സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞു. കേര മേഖലയിൽ വിപ്ലവാത്മകമായ ഒരു മാറ്റത്തിനാണ് ഇവിടെ തുടക്കം കുറിച്ചത്. അതായത് 15 സംസ്ഥാനങ്ങളിലും 3 കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 12 വർഷം കൊണ്ട് 66874 പേർക്ക് തൊഴിലവസരമൊരുക്കി.

രോഗ കീടാക്രമണം മൂലം തെങ്ങ് നശിക്കുകയും വിളവെടുപ്പു നടത്താൻ തൊഴിലാളികളുടെ ദൗർലഭ്യവുമുണ്ടായ കാലഘട്ടത്തിലാണ് നാളികേര ബോർഡിന്റെ ചെയർമാനായിരുന്ന ശ്രീ. ടി. കെ ജോസ് ഐഎഎസിന്റെ നേതൃത്വത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി അഥവാ 'ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ' ട്രെയിനിംഗ് ആരംഭിക്കുന്നത്.

തെങ്ങു കയറ്റ യന്ത്രമുപയോഗിച്ച് യഥാസമയം തെങ്ങിൽ കയറി വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, രോഗ കീടാക്രമണങ്ങൾക്കെതിരെ മരുന്നു തളിക്കൽ, തെങ്ങിന് വളപ്രയോഗം നടത്തൽ, ഇളനീര്, മൂപ്പെത്തിയ തേങ്ങ എന്നിങ്ങനെ വിവിധ പ്രായത്തിലുള്ള നാളികേരത്തെ തിരിച്ചറിയാനുള്ള വൈദഗ്ധ്യം, വിത്തുതേങ്ങ ശേഖരിക്കൽ, ഇളനീരിന്റെ വിളവെടുപ്പ്, പ്രധാന തെങ്ങിനങ്ങളെ തിരിച്ചറിയൽ, നഴ്സറി പരിപാലനം എന്നിങ്ങനെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലുമുള്ള പരിജ്ഞാനം നൽകി തൊഴിൽ രഹിതരായ യുവതീ യുവാക്കളെ തെങ്ങിന്റെ ചങ്ങാതിമാരാക്കുകയാണ് ബോർഡ് ചെയ്തത്. കേരളത്തിൽ 10 ജില്ലകളിലായി 5000 തെങ്ങിന്റെ ചങ്ങാതിമാരെ അതായത് ഒരു ജില്ലയിൽ 500 ചങ്ങാതിമാർ എന്ന രീതിയിൽ തൊഴിലവസരം സൃഷ്ടിക്കുകയെന്നതായിരുന്നു ആദ്യ ലക്ഷ്യം. കേര കാർഷിക മേഖല ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന സമയത്തായിരുന്നു ഈ പദ്ധതി ആവിഷ്ക്കരിച്ചത്. ഇപ്പോൾ 13-ാം ഘട്ടത്തിലേക്ക് കടന്നിരിക്കുന്ന പരിശീലന പരിപാടി ബോർഡിന്റെ വിജ്ഞാന വ്യാപന പ്രചാരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇന്ത്യയൊട്ടാകെ നടത്തി വരുന്നു.

തളപ്പിട്ട് തെങ്ങു കയറുന്നത് അഭിമാനക്കുറവായി കണ്ട കാലഘട്ടത്തിലാണ് അന്തസ്സോടും അഭിമാനത്തോടെയും തെങ്ങു കയറ്റയന്ത്രമുപയോഗിച്ച് ചങ്ങാതിയുടെ



സൗകര്യാർത്ഥം തൊഴിൽ ചെയ്ത് സ്വന്തം ദേശത്ത് മെച്ചപ്പെട്ട വരുമാനമുണ്ടാക്കാൻ കഴിയുന്ന തൊഴിലായി ഈ നൈപുണ്യ വികസന പരിപാടിയെ മാറ്റാൻ കഴിഞ്ഞത്.

**ചങ്ങാതിക്കൂട്ടം രൂപീകരണം**

പ്രാരംഭമായി 2011 ജൂലൈ 28 ന് തൃശൂരിലെ മണ്ണുത്തിയിൽ വെച്ച് കേരള കാർഷിക സർവ്വകലാശാലയിലെ ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. പി. വി. ബാലചന്ദ്രന്റേയും ബോർഡ് ചെയർമാൻ ടി. കെ. ജോസ് ഐഎ.എസിന്റേയും നേതൃത്വത്തിൽ പരിശീലന പരിപാടി നടപ്പാക്കുന്നതു സംബന്ധിച്ച് പ്രത്യേക യോഗം ചേർന്നു.

കേരളത്തിലെ വിവിധ ജില്ലകളിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രതിനിധികൾ കേരള കാർഷിക സർവ്വകലാശാലയിലെ വകുപ്പു തലവന്മാർ, നാളികേര വികസന ബോർഡിന്റെ പ്രതിനിധികൾ (പദ്ധതിയുടെ പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്ന നിലയിൽ ലേഖികയും തദവസരത്തിൽ സന്നിഹിതയായിരുന്നു) തെങ്ങു കയറ്റ യന്ത്ര നിർമ്മാതാക്കളായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, മാർഷൽ ഇൻഡസ്ട്രീസ്, തെങ്ങു കയറ്റ പരിശീലനം നൽകുന്ന 30 മാസ്റ്റർ ട്രെയിനർമാർ എന്നിവർ ചർച്ചയിൽ പങ്കെടുക്കുകയും ഈ ബൃഹത് പദ്ധതിയിലൂടെ 10 ജില്ലകളിൽ പരിശീലനം നൽകേണ്ട വിധം, പരിപാടിയുടെ കോഴ്സ് കരിക്കുലം ഒരു പരിശീലന പരിപാടിക്കു വരുന്ന ചിലവ് തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കുകയും ചെയ്തു. അടുത്ത ലക്ഷ്യം പരിശീലന പരിപാടി സംബന്ധിച്ച് തൊഴിൽ രഹിതരായ യുവാക്കളേയും കർഷകരേയും പൊതു ജനങ്ങളേയും അറി

യിക്കുക എന്നതായിരുന്നു. ഇതിനായി പത്ര ദൃശ്യമാധ്യമങ്ങൾ വഹിച്ച പങ്ക് അവിസ്മരണീയമാണ്. 'ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ' എന്ന ഇംഗ്ലീഷ് പദപ്രയോഗം മൊഴിമാറ്റം നടത്തി ഏവർക്കും ആകർഷകമായ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരിടൽ കർമ്മം നടത്തിയതിന് തിരുവനന്തപുരം ആകാശവാണിയോട് കടപ്പെട്ടിരിക്കുന്നു.

ഈ വിളിപ്പേരിലൂടെ പദ്ധതിക്ക് പറഞ്ഞറിയിക്കാനാവാത്ത സ്വീകാര്യതയാണ് ലഭിച്ചത്. ഇപ്രകാരം തുടക്ക പദ്ധതിയായ 5000 ചങ്ങാതിമാർ എന്ന ലക്ഷ്യം 5445 ലേക്ക് എത്തി. കേരം തിങ്ങും കേരള നാട്ടിൽ ഏറെ ആവശ്യകതയുള്ള ഒരു തൊഴിൽ സംസ്ക്കാരത്തിനാണ് തുടക്കമായത്. 10 ജില്ലകളിലെ പരിശീലന പരിപാടിക്ക് മേൽനോട്ടം വഹിക്കുന്നതിനായി ബോർഡിലെ ടെക്നിക്കൽ ഓഫീസർമാരെ ചാർജ്ജ് ഓഫീസർമാരായി നിയോഗിച്ചു. ഇവരുടെ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നതിനായി രണ്ടു കോ - ഓർഡിനേറ്റർമാർക്ക് കേരളത്തിന്റെ വടക്കൻ ജില്ലകളുടേയും തെക്കൻ ജില്ലകളുടേയും ചുമതല നൽകി. തെങ്ങു കയറ്റ യന്ത്രം രൂപകൽപ്പന ചെയ്ത് തെങ്ങുകയറ്റ തൊഴിലാളിക്ക് ഉപയോഗപ്രദമായ രീതിയിൽ തെങ്ങു കയറ്റ യന്ത്രമുണ്ടാക്കിയിരുന്ന കോഴിക്കോട് ജില്ലയിലെ മാർഷൽ ഇൻഡസ്ട്രീസിന്റെ പക്കൽ നിന്നും യന്ത്രമുപയോഗിച്ച് പരിശീലനം നൽകുന്ന 30 മാസ്റ്റർ ട്രെയിനർമാരെ കണ്ടെത്തി. ഓരോ പരിശീലന പരിപാടിക്കും രണ്ട് മാസ്റ്റർ ട്രെയിനർമാരെ വീതമാണ് തുടക്കത്തിൽ നിയോഗിച്ചത്. 6 ദിവസത്തെ താമസിച്ചുള്ള പരിശീലന പരിപാടി പ്രധാനമായും കേരളത്തിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കൃഷി ഭവനുകൾ, പ്രമുഖ സർക്കാരേതര സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് നടത്തിയത്. 6 ദിവസത്തെ പരിശീലന പരിപാടിക്കുവേണ്ടി കോഴ്സ് കരിക്കുലം ആവിഷ്ക്കരിച്ചത് ഏറെ ചിട്ടയോടെയും ക്രമത്തോടെയുമാണ്. പ്രത്യേകിച്ച് ഈ തൊഴിലിനോട് ആഭിമുഖ്യം പുലർത്താൻ പരിശീലനാർത്ഥികളെ പ്രാപ്തരാക്കും വിധം 2011 ആഗസ്റ്റ് 17 ന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ 11 ജില്ലകളിൽ ആരംഭിച്ച ആദ്യ ബാച്ചിൽ 194 പേർ പരിശീലനത്തിന് ഹാജരായി. 20 പേരടങ്ങുന്നതാണ് ഒരു ബാച്ച്. പരിശീലനാർത്ഥികൾക്ക് 150 രൂപ സ്റ്റൈപ്പന്റായി നൽകിയിരുന്നു. പരിശീലനം നൽകുന്നതിന് രണ്ട് മാസ്റ്റർ ട്രെയിനർമാരെ വീതം നിയോഗിച്ചു. പരിശീലനാർത്ഥികൾക്ക് തെങ്ങു കയറ്റ യന്ത്രവും സൗജന്യമായി നൽകി. വടക്കൻ ജില്ലകളിൽ കേരള സംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള റെയ്ഡ്കോ വഴിയും തെക്കൻ ജില്ലകളിൽ കെയ്കോ വഴിയും മെഷീൻ പരിശീലന കേന്ദ്രങ്ങളിലെത്തിച്ചു. തെങ്ങുകയറ്റ യന്ത്രത്തിന്റെ പ്രവർത്തന രീതി, യന്ത്രമുപയോഗിച്ചുള്ള ട്രയൽ, തെങ്ങിന്റെ എല്ലാ വിധത്തിലുള്ള കൃഷിപരിപാലന സംരക്ഷണ മുറകളും മനസ്സിലാക്കുന്നതിനും തെങ്ങിൻ തോപ്പുകളിൽ അവ പ്രാവർത്തികമാക്കുന്നതിനുമുള്ള പ്രായോഗിക പരിശീലനം എന്നിവയാണ് പ്രധാനമായും കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പരിശീലനാർത്ഥികളുടെ മനോബലവും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ തക്കവണ്ണമുള്ള ശ്വസന ക്രമീകരണ രീതികളും യോഗാ ക്ലാസ്സുകളിലൂടേയുമാണ് ഓരോ ദിവസം തുടങ്ങുന്നത്. ബാങ്കിംഗ്, മാനേജ്മെന്റ് ക്ലാസ്സുകളിൽ ചങ്ങാതിമാർ തങ്ങളുടെ തൊഴിലിലൂടെ ലഭിക്കുന്ന വരുമാനം വേണ്ട വിധം ഉപയോഗപ്പെടുത്തുന്നതിന് പ്രാപ്തരാക്കി. ഇതോടൊപ്പം ആശയവിനിമയപാടവത്തോടൊപ്പം നേതൃത്വപരിശീലനവും നൽകി. ആദ്യഘട്ടത്തിൽ പരിശീലനം നേടിയവരിൽ 390 പേർ സ്ത്രീകളായിരുന്നു. ഈ ചങ്ങാതിമാർക്ക് സ്വന്തം നാട്ടിൽ അഥവാ സ്വന്തം ദേശത്ത് തൊഴിൽ ചെയ്ത് വരുമാനമുണ്ടാക്കാനുള്ള സാധ്യതയാണ് ബോർഡ് ഒരുക്കിയത്. ഓരോ ജില്ലയിലും പരിശീലനം നേടിയവരുടെ വിശദവിവരങ്ങൾ അടങ്ങിയ ഡയറക്ടറി 2011 - 12 സാമ്പത്തിക വർഷം പരിശീലന കാലയളവിനു ശേഷം ബോർഡ് പുറത്തിറക്കി. ഈ ഡയറക്ടറി കേരളത്തിലെ പഞ്ചായത്ത് ഓഫീസുകൾ, കൃഷി ഭവനുകൾ, റെസിഡൻസ് അസോസിയേഷനുകൾ, ബ്ലോക്ക് ഓഫീസുകൾ, നിയമസഭാ സാമാജികർ എന്നിവർക്കിടയിൽ വിതരണം ചെയ്തു. മുനിസിപ്പൽ കോർപ്പറേഷനുകളിൽ ചങ്ങാതിമാരുടെ വിവരങ്ങളടങ്ങിയ ബിറ്റ് നോട്ടീസുകൾ വിതരണം നടത്തി. ഇതോടൊപ്പം തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം സംബന്ധിച്ച് വിവധ ഭാഷകളിലായി വീഡിയോ ഫിലിം നിർമ്മിച്ച് രാജ്യമെമ്പാടും പ്രദർശിപ്പിച്ചു. തെങ്ങുമായി ബന്ധപ്പെട്ട ഒട്ടുമിക്ക സേവനങ്ങളും ചങ്ങാതിമാരിലൂടെ കർഷകർക്ക് ലഭ്യമായി. പരിശീലനം ലഭിച്ച ചങ്ങാതിമാർ വിളിച്ചാൽ വിളിപ്പുറത്തു വന്നു. പരിശീലനം നേടിയവരുടെ വിശദവിവരങ്ങൾ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

ആദ്യ വർഷം ഒരു ബാച്ചിന് 74500 രൂപയാണ് പരിശീലന ചിലവായി വകയിരുത്തിയത്. ഇതിൽ ചങ്ങാതിമാർക്കുള്ള സ്റ്റൈപ്പന്റും പ്രത്യേകമായി ഏർപ്പെടുത്തിയിരുന്നു. തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് ഈയൊരു തുക ഏറെ ആശ്വാസകരമായിരുന്നു. രണ്ടാം ഘട്ടം മുതൽ ഒരു ബാച്ചിനുള്ള പരിശീലന തുക 68500 രൂപയാക്കി. 2017-18 കാലയളവ് മുതൽ പരിശീലന ചെലവിനുള്ള തുക 56500 രൂപയാക്കി കുറച്ചു. ജില്ല തോറും ചങ്ങാതിമാർ നൽകുന്ന സേവനങ്ങളെക്കുറിച്ചും മികച്ച ചങ്ങാതിമാരെക്കുറിച്ചുമുള്ള വാർത്തകൾ തുടർച്ചയായി മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നത് കർഷകർക്ക് ഏറെ ആശ്വാസകരമായി. ചങ്ങാതിമാരുടെ അനുഭവ കഥകൾ ബോർഡിന്റെ ജേർണലുകളിലൂടെ പ്രസിദ്ധീകരിച്ചു. പരിശീലനം നേടിയ ചങ്ങാതിമാരെല്ലാം ബോർഡ് പ്രസിദ്ധീകരിക്കുന്ന നാളികേര ജേർണലിന്റെ വരിക്കാരായി. ഓരോ ബ്ലോക്ക് പഞ്ചായത്തിലും കുറഞ്ഞത് 10 ചങ്ങാതിമാരെങ്കിലും പ്രവർത്തനത്തിലുണ്ടാവണമെന്ന ലക്ഷ്യമാണ് ബോർഡിനുണ്ടായിരുന്നത്. തെങ്ങിന്റെ ചങ്ങാതിമാരുടെ സേവനം സംബന്ധിച്ച് ബോർഡിന്റെ ചാർജ്ജ് ഓഫീസർമാരുടെ അനുഭവ സാക്ഷ്യങ്ങൾ ജേർണലുകളിൽ പ്രസിദ്ധീകരിച്ചു. സമാന്തരമായി ബോർഡ് ഏറ്റെടുത്തു നടത്തിയ പദ്ധതിയാണ് കേരോൽപാദക സംഘങ്ങളുടെ രൂപീകരണം. ബോർഡ് രൂപീകരിക്കുന്ന ഓരോ സിപിഎസിലും ചങ്ങാതിമാരുടെ സേവനം ഉറപ്പാക്കണമെന്നും ലക്ഷ്യമിട്ടിരുന്നു. പിന്നീട് പരിശീലന പരിപാടി

നടത്താൻ പ്രാപ്തിയുള്ള ഉത്പാദക ഫെഡറേഷനുകളിലൂടെയും കമ്പനികളിലൂടെയും പരിശീലനം നൽകി.

കേരളത്തിൽ ആദ്യ ഘട്ടമായ 2011 – 12 കാലയളവിൽ പരിശീലനം കഴിഞ്ഞ ചങ്ങാതിമാരുടെ സേവനവും കർഷകർക്കുണ്ടായ നേട്ടങ്ങളും മനസ്സിലാക്കി പരിശീലന പരിപാടി കേരളത്തിനു പുറമെ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, ലക്ഷദ്വീപ് എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു. ഈ പരമ്പരാഗത കേരോൽപാദക സംസ്ഥാനങ്ങളിൽ തെങ്ങിന്റെ ചങ്ങാതിമാരുടെ സേവനം ഏറെ പ്രചാരം നേടി. പിന്നീട് പരിശീലന പരിപാടി 15 സംസ്ഥാനങ്ങളിലും 3 യൂണിയൻ ടെറിട്ടറികളിലേക്കും വ്യാപിപ്പിച്ചു. ചില സംസ്ഥാനങ്ങളിൽ നാഷണൽ റൂറൽ ലൈവ്ലി ഹുഡ് മിഷനിൽ ഉൾപ്പെടുത്തി അവരുടെ സാമ്പത്തിക സഹായത്തോടെ നടത്തി.

**സംസ്ഥാനതലത്തിൽ പരിശീലനം നേടിയവരുടെ എണ്ണം**

| സംസ്ഥാനം | 1–ാം ഘട്ടം | 2–ാം ഘട്ടം | 3–ാം ഘട്ടം | 4–ാം ഘട്ടം | 5–ാം ഘട്ടം | 6–ാം ഘട്ടം | 7–ാം ഘട്ടം | 8–ാം ഘട്ടം | 9–ാം ഘട്ടം | 10–ാം ഘട്ടം | 11–ാം ഘട്ടം | 12–ാം ഘട്ടം | 13–ാം ഘട്ടം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കേരളം | 5445 | 5197 | 8818 | 8982 | 3025 | 420 | 485 | 122 | 80 | 60 | 172 | 120 | | 32926 |
| തമിഴ്നാട് /പോണ്ടിച്ചേരി | | 1196 | 1520 | 2100 | 2000 | 1420 | 720 | 560 | 540 | 80 | 140 | 140 | | 10416 |
| കർണ്ണാടക | 18 | 705 | 2740 | 1200 | 780 | 300 | 680 | 180 | 120 | 60 | 160 | 300 | | 7243 |
| വെസ്റ്റ് ബംഗാൾ | | | 237 | 1896 | 1710 | 2005 | 500 | 200 | 0 | 0 | 40 | 60 | 20 | 6668 |
| മഹാരാഷ്ട്ര | 40 | 196 | 296 | 135 | 320 | 100 | 40 | 80 | 100 | 40 | 80 | 40 | | 1467 |
| ആന്ധ്രാപ്രദേശ് | | 80 | 380 | 224 | 705 | 480 | 260 | 160 | 140 | 20 | | 40 | | 2489 |
| ഒഡിഷ | | 40 | 300 | 300 | 221 | 235 | 256 | 148 | 100 | 40 | 80 | 40 | 40 | 1800 |
| ആസ്സാം/ നാഗാലാന്റ് | | | 100 | 201 | 417 | 200 | 200 | 200 | 140 | 40 | 140 | 60 | | 1698 |
| ത്രിപുര | | | | | | | | | 77 | | 40 | | | 117 |
| ഗുജറാത്ത് | | | 84 | 80 | 43 | 44 | 45 | | 0 | | | | | 296 |
| ഛത്തീസ്ഗഢ് | | 17 | 100 | 60 | 60 | 120 | 120 | 0 | 0 | 40 | | 79 | | 596 |
| മധ്യപ്രദേശ് | | | | | | | | | | | | 40 | | 40 |
| ഗോവ | | 60 | 60 | | | | | 120 | 80 | 20 | 97 | 120 | | 557 |
| ലക്ഷദ്വീപ് | 101 | | | | | | | | | | 60 | | | 161 |
| ബീഹാർ | | | 40 | | 69 | 25 | 45 | 60 | 0 | 61 | 40 | 20 | | 360 |
| ആൻഡമാൻ & നിക്കോബാർ | | | | | | | | | | | | 40 | | 40 |
| ആകെ | 5604 | 7491 | 14675 | 15178 | 9350 | 5349 | 3351 | 1830 | 1377 | 461 | 1049 | 1099 | 60 | **66874** |

**ജില്ലാ തലത്തിൽ കേരളത്തിൽ പരിശീലനം നൽകിയവരുടെ എണ്ണം താഴെ കൊടുക്കുന്നു.**

| ക്ര. നം | ജില്ലാ | എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 2945 |
| 2 | എറണാകുളം | 1202 |
| 3 | ഇടുക്കി | 3040 |
| 4 | കൊല്ലം | 1953 |
| 5 | കണ്ണൂർ | 3442 |
| 6 | കാസർഗോഡ് | 2342 |
| 7 | കോട്ടയം | 1491 |
| 8 | കോഴിക്കോട് | 2476 |
| 9 | മലപ്പുറം | 3696 |
| 10 | പാലക്കാട് | 2240 |
| 11 | പത്തനംതിട്ട | 867 |
| 12 | തൃശൂർ | 1625 |
| 13 | തിരുവനന്തപുരം | 4615 |
| 14 | വയനാട് | 992 |
| | **ആകെ** | **32926** |

സ്രോതസ്സ് : നാളികേര വികസന ബോർഡ്, കൊച്ചി.



വിദേശത്തുൾപ്പെടെ തൊഴിലവസരങ്ങൾ ലഭിക്കാനുള്ള സാദ്ധ്യതയും വിദൂരത്തല്ല. 2019 ൽ ജമൈക്കയിൽ തെങ്ങു കയറ്റ പരിശീലനം നൽകുതിനായി ബോർഡ് കേരളത്തിൽ നിന്ന് മികച്ച 2 ചങ്ങാതിമാരെ അയയ്ക്കുകയുണ്ടായി. തെങ്ങു കൃഷിയുള്ള പസഫിക് ഓഷ്യൻ– ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് തെങ്ങു കയറ്റ യന്ത്രം റെയ്ഡ്കോയിലൂടെ നൽകി വരുന്നുണ്ട്.

**തെങ്ങു കയറ്റ യന്ത്ര വിതരണം**

20 പേരടങ്ങുന്ന ഒരു ബാച്ചിന് പരിശീന പരിപാടിയുടെ തുടക്കത്തിൽ തന്നെ മെഷീൻ സൗജന്യമായി വിതരണം ചെയ്യുന്നു. ഇതോടൊപ്പം പരിശീലനം നൽകുന്ന 2 മാസ്റ്റർ ട്രെയിനർമാർക്കും ആദ്യ ബാച്ചിൽ




ഓരോ മെഷീൻ വീതം നൽകി. ഇന്ത്യയൊട്ടാകെ 100 ൽപരം കേന്ദ്രങ്ങളിൽ പരിശീലന പരിപാടി ഇതുവരെ സംഘടിപ്പിച്ചു. പരിശീലനത്തിന്റെ ഭാഗമായി ഇതിനോടകം 70000 ൽപരം മെഷീനുകൾ രാജ്യമെമ്പാടും വിതരണം ചെയ്തു കഴിഞ്ഞു.

വടക്ക് ബീഹാർ മുതൽ തെക്ക് കന്യാകുമാരി വരെ പരിശീലനത്തിന് തൊട്ടു മുമ്പ് യാതൊരു വീഴ്ചയും കൂടാതെ തെങ്ങു കയറ്റ യന്ത്രം നൽകാൻ കഴിഞ്ഞതിന് കേരള സംസ്ഥാന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനോടും കേരള റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനോടും ബോർഡ് കടപ്പെട്ടിരിക്കുന്നു.

ആദ്യ ഘട്ടത്തിൽ ഒരു മെഷീന്റെ വില 2100 രൂപയായിരുന്നു. ഇതോടൊപ്പം യാതൊരുവിധ കേടുപാടും കൂടാതെ അതാത് സെന്ററുകളിൽ എത്തിക്കുന്നതിനുള്ള ചെറിയൊരു തുകയും ബോർഡിന് ചെലവു വരുന്നുണ്ട്. പിന്നീടിത് 2500 രൂപയിലേക്ക് വർദ്ധിപ്പിച്ചു ഇപ്പോൾ ബോർഡ് സൗജന്യമായ നൽകുന്ന മെഷീന്റെ വില 3000 രൂപയാണ്.

**വരുമാനം**

ചങ്ങാതിക്കൂട്ടത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിയ സോഷ്യൽ ഓഡിറ്റ് പ്രകാരം 60 ശതമാനം ചങ്ങാതിമാർ ഈ മേഖലയിൽ തൊഴിൽ ചെയ്ത് മെച്ചപ്പെട്ട വരുമാനം നേടുന്നു. കേരളത്തിൽ തെങ്ങുകൃഷി വ്യാപകമായിട്ടുള്ള വടക്കൻ ജില്ലകളിലെ ചങ്ങാതിമാരാണ് മെച്ചപ്പെട്ട വരുമാനമുണ്ടാക്കുന്നത് ഇവരിൽ പലർക്കും 1500 മുതൽ 2000 രൂപ വരെ ദിവസവേതനം ലഭിക്കുന്നുണ്ട്. തെങ്ങു കൃഷി വ്യാപനത്തിൽ ഏറെ ശ്രദ്ധ ചെലുത്തുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ സംസ്ഥാനങ്ങളിൽ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി കർഷകർക്ക് ഏറെ ആശ്വാസം നൽകി.

ആന്ധ്രാപ്രദേശിൽ ചങ്ങാതിക്കൂട്ടം അസ്സോസിയേഷനുകൾ ശക്തമായി പ്രവർത്തിക്കുന്നുണ്ടെന്ന് നാളികേര ബോർഡിൽ ആന്ധ്രാ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ പറയുന്നു. ഒരു ചങ്ങാതിയുടെ ശരാശരി മാസ വരുമാനം 10000 – 11000 രൂപയാണ്. ഗ്രൂപ്പായിട്ട് ജോലി ചെയ്യുന്നവരിൽ പലർക്കും 2000 രൂപ ദിവസ വരുമാനം ലഭിക്കുന്നുണ്ട്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും പശ്ചിമ ബംഗാളിലും ഒറീസ്സയിലും മറ്റും ചങ്ങാതിമാർ 1000 രൂപ വരെ വരുമാനമുണ്ടാക്കുന്നു. തെങ്ങു കൃഷിയുള്ള ഓരോ സംസ്ഥാനത്തും ചങ്ങാതിമാർ ഏറെ പ്രോത്സാഹജനകമായ സേവനമാണ് ചെയ്യുന്നത്.

തെങ്ങിന്റെ ചങ്ങാതിമാരുടെ കാർഷിക തല സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് സഞ്ചാര സൗകര്യം ഉറപ്പാക്കി സംസ്ഥാന ഗവൺമെന്റിന്റെ കൃഷി വികാസ് യോജന പദ്ധതി പ്രകാരം യൂണിയൻ ബാങ്കിന്റെ ജില്ലാതല ബ്രാഞ്ചുകളിലൂടെ 25% സബ്സിഡിയോടെ ടൂവീലറുകൾ തത്പരരായ നൂറോളം ചങ്ങാതിമാർക്ക് നൽകുകയുണ്ടായി. 2012 – 14 കാലയളവിൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി മൊബൈൽ കോക്കനട്ട് ക്ലിനിക്കിന്റെ പ്രവർത്തനം ഏറെ ആർഷകമായിരുന്നു. കോട്ടയം നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ കോട്ടയം സർവ്വീസ് സൊസൈറ്റിയുടെ സേവനം വ്യാപകമായി ലഭിച്ചിരുന്നു.

ദമ്പതിമാരായിട്ടുള്ള ചങ്ങാതിമാർ ഏറെയുണ്ട്. പ്രത്യേകിച്ചും മാസ്റ്റർ ട്രെയിനർമാരായിട്ടുള്ളവർ. 2012 – 13 കാലയളവിൽ തെങ്ങിന്റെ ചങ്ങാതിമാർക്ക് യൂണിഫോം നൽകാൻ ബോർഡ് തയ്യാറെടുപ്പു നടത്തിയെങ്കിലും അധികരിച്ച ചെലവ് കണക്കാക്കി ഇതിൽ നിന്ന് പിന്മാറുകയായിരുന്നു.

**വിലയിരുത്തൽ (സോഷ്യൽ ഓഡിറ്റിംഗിലൂടെ)**

2014 –15 ൽ നാലാം ഘട്ടം പൂർത്തിയാക്കിയപ്പോൾ ബോർഡ് പരിശീലനം നൽകിയവരുടെ എണ്ണം 42948 ആയി. ഈയവസരത്തിലാണ് പരിശീലന പരിപാടി സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് നടത്തേണ്ട ആവശ്യകത ഉയർന്നത്. പരിശീലന പരിപാടിയിൽ പങ്കെടുത്തവരിൽ 4 % സ്ത്രീകൾ തൊഴിലിൽ ഏർപ്പെടുന്നതായി കണ്ടെത്തി. പങ്കെടുത്തവരിൽ 39% പേർ പരിശീലനത്തിനു മുമ്പ് തെങ്ങിൽ കയറിയിട്ടില്ലാത്തവരായിരുന്നു. പരിശീലനാർത്ഥികളിൽ പലർക്കും 2015 ൽ 3–4 മണിക്കൂർ ജോലി ചെയ്തപ്പോൾ പ്രതിദിനം ലഭിച്ചത് 500 – 600 രൂപയായിരുന്നു. പരിശീലനത്തിൽ പങ്കെടുത്ത 37 ശതമാനം, കുറഞ്ഞത് 10 തെങ്ങെങ്കിലുമുള്ള കർഷകരായിരുന്നു. പരിശീലനം ലഭിച്ച 60 ശതമാനം ചങ്ങാതിമാർ തൊഴിലെടുക്കുന്നതായി ഓഡിറ്റിംഗിലൂടെ വെളിപ്പെട്ടു.

പരിശീലനം ലഭിച്ച സ്ത്രീകളിൽ ചിലർക്കും തങ്ങളുടെ ഭർത്താക്കന്മാർ സമ്പാദിക്കുന്നതിലും കൂടുതൽ വരുമാനം തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിലൂടെ ലഭിച്ചവരായിരുന്നു. ചങ്ങാതിമാരിൽ പലർക്കും തങ്ങൾക്കുണ്ടായിരുന്ന ലോണുകൾ തിരിച്ചടയ്ക്കാൻ കഴിഞ്ഞു. മണ്ട വൃത്തിയാക്കലിലൂടെയും മരുന്നു തളിക്കലിലൂടേയും കൂടുതൽ വരുമാനവും നേടാൻ കഴിഞ്ഞു.

45 ദിവസത്തിനുള്ളിൽ നാളികേരത്തിന്റെ വിളവെടുപ്പ് നടത്താൻ കഴിഞ്ഞതിൽ കർഷകരിൽ പലരും സന്തുഷ്ടരായി. സ്ത്രീകളിൽ പലരും ബാങ്കിൽ പുതിയ അക്കൗണ്ടുകൾ തുടങ്ങി. കുടുംബശ്രീ ഗ്രൂപ്പുകളിലും സ്ത്രീ ശക്തി ഗ്രൂപ്പുകളിലും അംഗങ്ങളായിട്ടുള്ള സ്ത്രീകൾ ചങ്ങാതിക്കൂട്ടത്തിൽ കൂടുതൽ ശോഭിച്ചു. 8 ശതമാനം ചങ്ങാതിമാർ നാളികേരവുമായി ബന്ധപ്പെട്ട സംരംഭകത്വ പരിപാടികളിലേർപ്പെട്ട് വരുമാനമുണ്ടാക്കുന്നതായി കണ്ടെത്തി.

ഗ്രൂപ്പുകളായി വിളവെടുപ്പു നടത്തുന്ന ചങ്ങാതിമാർക്ക് പ്രതിദിനം നല്ല വരുമാനമാണ് ലഭിച്ചത്. 25 – 30 തെങ്ങുകളിൽ കയറുന്നവരാണ് സ്ത്രീകളിൽ പലരും. തങ്ങളുടെ മക്കളെകൂടി ഈ രംഗത്തേക്ക് കൊണ്ടു വരുന്നതിന് ഇവർ താൽപര്യം കാട്ടി. ചങ്ങാതിമാരിൽ പലരും ഈ വരുമാനത്തിൽ നിന്ന് സ്വന്തമായി വീട് വയ്ക്കുകയും മക്കളുടെ കല്ല്യാണം നടത്തുകയും ചെയ്തു.

മത്സ്യത്തൊഴിലാളികൾ, പെയിന്റർമാർ തുടങ്ങിയവർ തെങ്ങുകയറ്റ തൊഴിലാളികളായി ഉപ തൊഴിലായി ചെയ്യുന്നവർ 8% വരും.

**കേര സുരക്ഷ ഇൻഷുറൻസ്**

2011 മുതൽ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന ഓരോ ചങ്ങാതിക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായി കേര സുരക്ഷ ഇൻഷുറസ് പദ്ധതി ആരംഭിച്ചു. പരിശീലന പരിപാടിയുടെ തുടക്ക ദിവസം മുതൽ ഇവർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകി. തുടക്കത്തിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസുമായിട്ടാണ് ബോർഡ് കരാറിൽ ഏർപ്പെട്ടിരുന്നത്. ഇൻഷ്വർ ചെയ്ത വ്യക്തിക്ക് അപകടം മൂലം സംഭവിക്കുന്ന മരണം അഥവാ തൊഴിലെടുത്ത് ജീവിക്കാനാവാത്ത വിധം സംഭവിക്കുന്ന സ്ഥിരം അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അംഗ വൈകല്യത്തിന് 50000 രൂപയും നൽകി. അന്ന് ഓരോ ചങ്ങാതിയും നൽകിയിരുന്ന 25% പ്രീമിയം 66 രൂപ മാത്രമായിരുന്നു. തുടക്കത്തിൽ ഇൻഷ്വർ ചെയ്യുന്ന ചങ്ങാതിമാരുടെ പ്രായപരിധി 18 മുതൽ 45 ആയി നിജപ്പെടുത്തിയിരുന്നു. 12 വർഷങ്ങൾക്കു ശേഷം 5 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ ഇൻഷുറൻസിന് അപേക്ഷിക്കാവുന്ന പ്രായം 18 മുതൽ 65 വയസ്സു വരെയാണ്. ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായുള്ള കരാർ പ്രകാരം ചങ്ങാതി ഇപ്പോൾ നൽകേണ്ട വാർഷിക പ്രീമിയം 25 ശതമാനമായ 94 രൂപ മാത്രമാണ്. ഇന്നിപ്പോൾ യന്ത്രമുപയോഗിച്ച് തെങ്ങ് കയറുന്ന ചങ്ങാതിക്കു പുറമെ പരമ്പരാഗത തെങ്ങുകയറ്റക്കാർക്കും നീര ഉത്പാദിപ്പിക്കുന്ന തൊഴിലാളിക്കും കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാം.

**ചങ്ങാതിമാരുടെ ലഭ്യത ഉറപ്പാക്കി കോൾ സെന്റർ**

നാളികേര വികസന ബോർഡ് പുറത്തിറക്കിയ തെങ്ങിന്റെ ചങ്ങാതിമാർക്കായി (FoCT) കോൾ സെന്റർ 2023 നവംബർ 2 ന് കേന്ദ്ര കൃഷി മന്ത്രാലയത്തിലെ ഹോർട്ടികൾച്ചർ കമ്മീഷണർ ശ്രീ. പ്രഭാത് കുമാറും കേന്ദ്ര കൃഷി മന്ത്രാലയത്തിലെ ഹോർട്ടികൾച്ചർ അഡ്വൈസർ ശ്രീ. സി. എഫ്. ജോസഫും ചേർന്ന് ഉദ്ഘാടനം ചെയ്തു. കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് ചങ്ങാതിമാരെ ലഭ്യമാക്കുകയെതാണ് കോൾ സെന്റർ സ്ഥാപിച്ചതിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. വിളവെടുപ്പിന് തൊഴിലാളികളെ കിട്ടാനില്ലെന്ന കർഷകരുടെ പരിദേവനവും രോഗ കീടാക്രമണങ്ങൾ മൂലം തെങ്ങു കൃഷി നശിക്കുന്ന സാഹചര്യത്തേയും ഏറെക്കുറെ അതിജീവിക്കാൻ കോൾ സെന്ററിന്റെ പ്രവർത്തനത്തിലൂടെ ഇനിയും സാധ്യമാകും. ബോർഡിന്റെ ആസ്ഥാനമായ കൊച്ചിയിലാണ് കേരളത്തിലെ കോൾ സെന്ററിന്റെ പ്രവർത്തനം. കേരളത്തിന് പുറമെ പരമ്പരാഗത കേരോത്പാദക സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും, ആന്ധ്രാപ്രദേശിലും, കർണ്ണാടകത്തിലും പ്രവർത്തിക്കുന്ന ബോർഡിന്റെ പ്രാദേശിക ഓഫീസുകളിലൂടെയും കോൾ സെന്റർ ആരംഭിക്കും. ഇതുവരെ കേരളത്തിൽ നിന്നും മാത്രമായി 900 ൽപ്പരം ചങ്ങാതിമാരാണ് കോൾ സെന്ററിലേയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നാലു സംസ്ഥാനങ്ങളിലായി ഇതുവരെ 1800 ഓളം ചങ്ങാതിമാർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ദേശാതീതമായി തെങ്ങിന്റെ ചങ്ങാതിമാരുടെ ഏകോപനമാണ് കോൾ സെന്ററിലൂടെ സാധ്യമാകുന്നത്. അതാത് ജില്ലകളിൽ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തിൽ പത്ത് ചങ്ങാതിമാരെയെങ്കിലും ലഭ്യമായാൽ കേരളത്തിലെവിടെയും തെങ്ങിൽ കയറാൻ ആളെ കിട്ടുന്നില്ല എന്ന പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിക്കും.

കോൾ സെന്ററിന്റെ പ്രവർത്തനത്തിലൂടെ തെങ്ങിന്റെ ചങ്ങാതിമാരെയും, കേര കർഷകരെയും കർഷക കൂട്ടായ്മകളെയും, നാളികേര സംരംഭകരേയും, കൃഷി വകുപ്പുദ്യോഗസ്ഥരെയും, കേര മേഖലയുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളെയും കോർത്തിണക്കി കേര മേഖലയിലെ പ്രവർത്തനങ്ങൾ സുഗമമാക്കുകയാണ് മുന്നോട്ടുള്ള ലക്ഷ്യം. കേരളത്തിൽ നിന്നും പരിശീലനം നൽകിയവരിൽ കുറഞ്ഞത് 25 ശതമാനം ചങ്ങാതിമാരെങ്കിലും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്ത് കേര കർഷകർക്ക് താങ്ങായി പ്രവർത്തിച്ചാൽ കേര കൃഷിയെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. ചങ്ങാതിമാരും കർഷകരും തമ്മിലുള്ള വിശ്വാസത്തിലൂടെയും സൗഹൃദമനോഭാവത്തിലൂടെയും സഹകരണത്തിലൂടെയും മാത്രമേ ഇതു സാധ്യമാവുകയുള്ളു. ഉത്പാദനക്ഷമതയുള്ള തെങ്ങുകളെ സംരക്ഷിക്കേണ്ടത് ചങ്ങാതിമാരുടെ കൂടെ ചുമതലയായി കരുതണം. ബോർഡ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. ഇനിയും തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് ബോർഡിന്റെ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി മുന്നോട്ട് വരാം. ഇതോടൊപ്പം സൗജന്യമായി തെങ്ങു കയറ്റ യന്ത്രവും നൽകുന്നുണ്ട്.

കോൾസെന്റർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0484 2377266 (എക്സ്റ്റൻഷൻ: 137) ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഇതിനു പുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ളവർക്ക് കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യുകയുമാവാം. ഇതിനായി പേര്, മേൽവിലാസം, ബ്ലോക്ക്/പഞ്ചായത്ത്, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങളാണ് നൽകേണ്ടത്. ഇപ്രകാരം കോൾ സെന്ററിന്റെ സേവനം കർഷകർക്കൊപ്പം ചങ്ങാതിമാരും പ്രയോജനപ്പെടുത്തുക.

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം സാമൂഹിക പ്രതിബദ്ധതയുള്ള തെങ്ങ് കയറ്റക്കാരുടെ നൂതന കൂട്ടായ്മ

**തമ്പാൻ. സി*, എസ്. ലീന****
*പ്രിൻസിപ്പൽ സയന്റിസ്റ്റ്, കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം, കാസർഗോഡ്,
**ചീഫ് ടെക്നിക്കൽ ഓഫീസർ (റിട്ട.), കൃഷി വിജ്ഞാന കേന്ദ്രം, കാസർഗോഡ്

കേരളത്തിലെ ലക്ഷക്കണക്കിന് കർഷക കുടുംബങ്ങൾക്ക് പ്രധാന ഉപജീവന മാർഗ്ഗമാണ് തെങ്ങു കൃഷി. സാമ്പത്തിക ഭദ്രത പ്രദാനം ചെയ്യുന്ന രീതിയിൽ സുസ്ഥിരമായി തെങ്ങുകൃഷി മുന്നോട്ടു കൊണ്ടുപോകുന്നതിൽ കേരകർഷകർ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. തൊഴിലാളികളുടെ ലഭ്യതക്കുറവ്, പ്രത്യേകിച്ചും തെങ്ങുകയറ്റം പോലെ വൈദഗ്ധ്യം ആവശ്യമുള്ള മേഖലകളിൽ, ഉയർന്ന കൂലി നിരക്ക് തുടങ്ങിയവയാണ് യഥാസമയം വിളപരിപാലന മാർഗ്ഗങ്ങൾ അവലംബിക്കാൻ കർഷകർക്ക് കഴിയാതെ പോകുന്നതിന്റെ പ്രധാന കാരണങ്ങൾ. തെങ്ങുകൃഷിയിൽ വിളവെടുപ്പ്, സസ്യസംരക്ഷണ മുറകൾ തുടങ്ങിയവ അനുവർത്തിക്കാൻ പര്യാപ്തരായ ഒരു കൂട്ടം യുവാക്കളെ സജ്ജരാക്കുന്നതിനായി നാളികേര വികസന ബോർഡ് 2011 മുതൽ ആവിഷ്കരിച്ചു നടപ്പിലാക്കിയ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' (Friends of Coconut Tree -FoCT) എന്ന നൂതന മാനവവിഭവശേഷി വികസന പദ്ധതി അതുകൊണ്ട് തന്നെ വളരെ പ്രസക്തവും പ്രാധാന്യം അർഹിക്കുന്നതുമാണ്. കേരളത്തിൽ തെങ്ങുകൃഷിക്ക് പ്രാധാന്യമുള്ള 10 ജില്ലകളിൽ നിന്നായി ചുരുങ്ങിയത് 5000 ഗ്രാമീണ യുവാക്കളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകി അവരെ മാന്യമായ ഒരു തൊഴിലിലേക്കു കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെയാണ് 2011 ൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയോട് യുവാക്കൾ മികച്ച രീതിയിൽ പ്രതികരിച്ചതുകൊണ്ട് അതൊരു വൻ വിജയമാകുകയും ആദ്യ ഘട്ടത്തിൽ തന്നെ ലക്ഷ്യം മറികടന്നു 5604 യുവാക്കൾ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. പദ്ധതിയുടെ ഗുണഫലങ്ങളും പ്രയോജനപരതയും കണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കേരകർഷകരും കർഷ



കൂട്ടായ്മകളും നാളികേര വികസന ബോർഡിനെ സമീപിച്ചു പ്രസ്തുത പദ്ധതി അവരുടെ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതിനായി പ്രേരിപ്പിച്ചു. ശേഷം ചരിത്രമാണ്. കേരളത്തിലെ 5000 ഗ്രാമീണയുവാക്കൾക്കു ഒരു വർഷത്തേക്ക് (2011 - 2012) മാത്രമായി ആരംഭിച്ച പദ്ധതി കഴിഞ്ഞ 12 വർഷങ്ങളിൽ (2011 - 2023) 15 സംസ്ഥാനങ്ങളിലും 3 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 66,874 യുവാക്കൾക്ക് വിദഗ്ധ പരിശീലനം നൽകുകയും ഈ തൊഴിൽ മേഖലയിൽ യുവശാക്തീകരണം തടസ്സമില്ലാതെ തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശീലനം സിദ്ധിച്ച 32,926 പേരുമായി കേരളമാണ് പട്ടികയിൽ മുന്നിലുള്ളത്. പശ്ചിമബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളാണ് തൊട്ടുപുറകിലുള്ളത്.

തെങ്ങുകയറ്റ യന്ത്രമുപയോഗിച്ചു പരിശീലനം നൽകുന്നതിന് പുറമേ വിളപരിപാലനം, സസ്യസംരക്ഷണ

2011 മുതൽ 2013 വരെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി വഴി പരിശീലനം നേടിയവർ.

| ക്രമ നമ്പർ | സംസ്ഥാനം /കേന്ദ്ര ഭരണ പ്രദേശം | പരിശീലനം നേടിയവരുടെ എണ്ണം |
|---|---|---|
| 1 | കേരളം | 32926 |
| 2 | തമിഴ്നാട്, പോണ്ടിച്ചേരി | 10416 |
| 3 | കർണ്ണാടക | 9243 |
| 4 | പശ്ചിമബംഗാൾ | 6668 |
| 5 | മഹാരാഷ്ട്ര | 1467 |
| 6 | ആന്ധ്രപ്രദേശ് | 2489 |
| 7 | ഒഡീഷ | 1800 |
| 8 | ആസ്സാം നാഗാലാൻഡ് | 1698 |
| 9 | ത്രിപുര | 117 |
| 10 | ഗുജറാത്ത് | 296 |
| 11 | ഛത്തീസ്ഗഢ് | 576 |
| 12 | മധ്യപ്രദേശ് | 40 |
| 13 | ഗോവ | 557 |
| 14 | ലക്ഷദ്വീപ് | 161 |
| 15 | ബീഹാർ | 360 |
| 16 | ആൻഡമാൻ നിക്കോബാർ | 40 |
| ആകെ | | **66874** |

സ്രോതസ്സ് : നാളികേര വികസന ബോർഡ്, കൊച്ചി.

മുറകൾ, സംരംഭകത്വ വികസനം, നേതൃത്വ ഗുണങ്ങൾ, ആശയവിനിമയ പാടവം തുടങ്ങിയ വിഷയങ്ങളിൽ നൈപുണ്യം പകർന്നു ഈ യുവാക്കളെ ശാക്തീകരിച്ചു അത് വഴി കേരകർഷകരുടെ വിളപരിപാലനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ ലക്ഷ്യമിട്ടിട്ടുള്ളതായിരുന്നു പ്രസ്തുത പരിപാടി.

നാളികേര കൃഷിയുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ സൂചിപ്പിക്കുന്നത്, ഈ പദ്ധതി അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ വൻതോതിൽ വിജയിച്ചിട്ടുണ്ട് എന്ന് തന്നെയാണ്. പരിശീലനം നേടിയ യുവാക്കളിൽ ഗണ്യമായ പങ്കും കേരകർഷകർക്ക് ആവശ്യമായ സേവനങ്ങൾ സ്ഥിരമായി നൽകുന്നതായും അത് അവരുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് വഴിയൊരുക്കിയതായും കാണുന്നു.

**കാസർഗോഡ് ജില്ലാ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഒരു നൂതന സൗഹൃദ കൂട്ടായ്മ**

കാസർഗോഡ് ജില്ലയിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ പരിശീലനം നേടിയ യുവാക്കൾ ഈ പദ്ധതി യഥാർത്ഥത്തിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾക്കനുസൃതമായി വളരെ ചിട്ടയോടെയും ഫലപ്രദമായും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു അവരുടേതായ ഒരു സൗഹൃദ കൂട്ടായ്മ രൂപീകരിക്കുകയുണ്ടായി. നാളികേര കൃഷിയുള്ള മറ്റു പ്രദേശങ്ങളിലേക്ക് പകർത്തി മാതൃകയാക്കാവുന്ന ഒരു നവീന സംരംഭം ആണിത്. തന്നെയുമല്ല, കേരകാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് മികച്ച സംഭാവനകൾ നൽകാൻ ഇത്തരം മാതൃകകൾക്കു കഴിയുമെന്നതിൽ സംശയമില്ല. കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനത്തിൽ കാസർഗോഡ് കൃഷി വിജ്ഞാന കേന്ദ്രത്തിൽ 2011 – 2016 കാലയളവിൽ ഒരു ബാച്ചിൽ 20 പേർ എന്ന കണക്കിൽ ഏകദേശം 1000 ത്തോളം ഗ്രാമീണ യുവാക്കൾക്ക് ഈ പദ്ധതിയുടെ കീഴിൽ പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി തുടങ്ങി 10 വർഷങ്ങൾക്കിപ്പുറവും തെങ്ങു കയറാൻ വിദഗ്ധ തൊഴിലാളികളെ സമയത്തു കിട്ടാനില്ല എന്നുള്ളത് കേര കർഷകർക്കിടയിലെ ഒരു വലിയ ആശങ്കയായി നിലനിൽക്കുന്നു. കേരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സമയോചിതമായി പരിഹരിക്കുന്നതിന് സുശക്തമായ ഒരു സംഘടന രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടിയത്. അങ്ങനെ, സാമൂഹിക പ്രതിബദ്ധതയുള്ള, ഊർജ്ജസ്വലരായ, 10 വർഷത്തോളമായി ഈ മേഖലയിൽ തന്നെ ഉണ്ടായിരുന്ന കുറച്ചു ചങ്ങാതിമാർ ഒത്തുകൂടി, കേരകർഷകർക്കു മികച്ച സേവനം സ്ഥിരമായി ലഭ്യമാക്കുന്നതിന് ഗ്രാമീണയുവാക്കളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ മുന്നിട്ടിറങ്ങുകയാണുണ്ടായത്. ആദ്യഘട്ടത്തിൽ പലരുടെയും പേരോ മറ്റു വിവരങ്ങളോ ശേഖരിക്കുന്നതിൽ വളരെ പ്രയാസം അനുഭവപ്പെട്ടെങ്കിലും ക്രമേണ സമാനചിന്താഗതിക്കാരായ 32 ചങ്ങാതികളുടെ ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ചു ഓൺലൈനായി ചർച്ചകൾ ആരംഭിച്ചു. തുടർന്ന് 2021 ഒക്ടോബർ 16 നു കുറ്റിക്കോലിൽ വെച്ച് ഈ കൂട്ടായ്മയുടെ ആദ്യയോഗം നടത്തി. കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്



ശ്രീ. മുരളി പയ്യങ്ങാനം ഉദ്ഘാടനം ചെയ്ത യോഗത്തിൽ പരിശീലനം നേടിയ യുവജനങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിക്കാൻ തീരുമാനമായി. കൂടാതെ, ഒരു 15 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും തിരഞ്ഞെടുത്തു. തുടക്കത്തിൽ ഇത്തരം പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്ത ശ്രീ. കെ. റ്റി. സുകുമാരൻ രക്ഷാധികാരിയായും, ശ്രീ. മണി സി. എച്ച് (പ്രസിഡന്റ്), ശ്രീ. ബിനു ബളാൽ (സെക്രട്ടറി), ശ്രീ. മോഹനൻ കളക്കര (ജോയിൻറ് സെക്രട്ടറി), ശ്രീ. സുരേന്ദ്രൻ പൂക്കയം (ട്രഷറർ) എന്നിവരെ ഭാരവാഹികളായും ചുമതലപ്പെടുത്തി. സംഘടനയ്ക്ക് കാസർഗോഡ് ജില്ലാ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരും നൽകി. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം KSR/CA/189/2022 എ നമ്പറിൽ ഈ സംഘം 2022ൽ ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. സംഘാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സാമൂഹിക സാംസ്കാരിക സാമ്പത്തിക പുരോഗതി ഉന്നം വച്ചുകൊണ്ട് കേരകാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കേരകർഷകർക്ക് മികച്ച സേവനം സ്ഥിരമായി നൽകുക എതാണ് ഈ സംഘത്തിന്റെ അടിസ്ഥാന ലക്ഷ്യം. ജോലിക്കിടയിൽ അപകടം പറ്റുന്ന അംഗങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക, ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, അംഗങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക, തൊഴിലില്ലാത്ത യുവജനങ്ങൾക്ക് നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സംഘാംഗങ്ങളുടെ സ്വന്തം കൃഷിയിടങ്ങളിൽ കാർഷിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ രീതിയിൽ ശാസ്ത്രീയ കൃഷി മുറകളിൽ പരിശീലനം നൽകുക എന്നിവയും ഈ സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളാണ്. ഇതുകൂടാതെ, രക്തദാന നേത്രദാന പ്രവർത്തനങ്ങൾ പോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ വഴിയും ഇവർ സാമൂഹ്യനന്മയ്ക്കായി യത്നിക്കുന്നു. അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ വായനശാലകൾ, വിനോദ കേന്ദ്രങ്ങൾ, സഹകരണ സംരംഭങ്ങൾ, തുടങ്ങിയവ സ്ഥാപിക്കുക, രോഗം, മരണം, വാർദ്ധക്യം, തൊഴിലില്ലായ്മ, തുടങ്ങിയ കഷ്ടതകളിൽ അംഗങ്ങൾക്ക് വേണ്ടത്ര പിന്തുണ നൽകുക, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ



ആവശ്യങ്ങൾക്ക് വേണ്ട സഹായം നൽകുക, വിനോദ യാത്രകൾ സംഘടിപ്പിക്കുക, വിവാഹം പോലുള്ള കുടുംബ ചടങ്ങുകളിൽ അംഗങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക, ഇത്തരം ചടങ്ങുകളുടെ സുഖമമായ നടത്തിപ്പിനാവശ്യമായ പിന്തുണ നൽകുക, തുടങ്ങിയവയും സംഘത്തിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു.

**നിലവിലെ സ്ഥിതിയും പ്രവർത്തനങ്ങളും**

ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി, 12 സ്ത്രീകൾ ഉൾപ്പെടെ 300 അംഗങ്ങളാണ് നിലവിൽ സംഘത്തിൽ ഉള്ളത്. ഒരു പഞ്ചായത്തിൽ നിന്നും 11 മുതൽ 50 വരെ അംഗങ്ങളുണ്ട്. വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ യൂണിറ്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശ്രീ. മണി സി എച്ച് പ്രസിഡന്റായും ശ്രീ. ബിനു ബളാൽ സെക്രട്ടറിയുമായി 21 അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിലവിൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. എക്സിക്യൂട്ടീവ് കമ്മിറ്റി പതിവായി യോഗം ചേരുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു.

**തെങ്ങുകയറ്റക്കാർക്ക് ഇൻഷുറൻസ്**

ഇൻഷുറൻസ് പരിരക്ഷയെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണം നടത്തി അതിനാവശ്യമായ അവബോധം സൃഷ്ടിച്ച് പരിരക്ഷ ഉറപ്പാക്കുക എന്നത് സംഘത്തിന്റെ ഒരു പ്രധാന ദൗത്യമാണ്. നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന കേര സുരക്ഷ എന്ന ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ 90% ലധികം അംഗങ്ങളെയും കൊണ്ടുവന്നിട്ടുണ്ട്.

**ചികിത്സാസഹായം ലഭ്യമാക്കൽ**

തെങ്ങുകയറുന്നതിനിടയിൽ സംഭവിക്കുന്ന അപകടങ്ങളെ തുടർന്ന് ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർക്ക് ചികിത്സയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിൽ സംഘം പ്രതിജ്ഞാബദ്ധമാണ്. ഏതെങ്കിലും അംഗത്തിന് അപകടം പറ്റിയെന്ന് അറിഞ്ഞാൽ ഉടനെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി സാമ്പത്തിക സഹായത്തിനുള്ള തുക നിശ്ചയിക്കുകയും അനുവദിച്ച തുക അടുത്ത ദിവസം തന്നെ കുടുംബത്തിന് കൈമാറാനുള്ള സത്വര നടപടികൾ കൈക്കൊള്ളുകയുമാണ് ചെയ്യുന്നത്. കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ 25 അംഗങ്ങൾക്കായി 2,35,000 രൂപ ഇത്തരത്തിൽ ചെലവഴിച്ചിട്ടുണ്ട്. സംഘാംഗങ്ങളുടെ ഒരു ദിവസത്തെ വേതനം സംഭാവന ചെയ്താണ് ഇതിന് ആവശ്യമായ തുക കണ്ടെത്തുന്നത്. ഫണ്ട് സമാഹരണത്തിനായി ഉപയോഗിച്ച മറ്റൊരു സവിശേഷമായ രീതി മുണ്ട് ചലഞ്ച് (Dhothi challenge) ആണ്. ഈ ചലഞ്ച് ഏറ്റെടുത്ത് അംഗങ്ങൾ മുണ്ട് വിറ്റ് കിട്ടുന്നതിന്റെ ലാഭം ചികിത്സാസഹായ നിധിയിലേക്ക് സംഭാവന ചെയ്തു. കൂടാതെ, ഒരംഗത്തിന് 500 രൂപ എന്ന നിരക്കിൽ അംഗത്വഫീസായി ശേഖരിച്ച തുകയും ചികിത്സാ സഹായത്തിനായി വിനിയോഗിക്കാറുണ്ട്.

**സാമൂഹികജീവകാരുണ്യ പ്രവർത്തനങ്ങൾ**

സാമൂഹികപ്രതിബദ്ധതയുടേയും ജീവകാരുണ്യത്തിന്റെയും ഭാഗമായി വ്യത്യസ്തമായ പ്രവർത്തനങ്ങൾ സംഘം നടത്തിവരുന്നുണ്ട്. അതിൽ സംഘത്തിന്റെ സവിശേഷമായ ഒരു ഇടപെടൽ ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. കാസർഗോഡ് ജില്ലയുടെ കിഴക്കൻ മലയോര പ്രദേശമായ വെള്ളരിക്കുണ്ടിലെ ഒരു കേരകർഷകൻ, തെങ്ങുകയറ്റക്കാരുടെ ക്ഷാമം മൂലം തന്റെ കൃഷിയിടത്തിൽ അനേകം മാസങ്ങളായി വിളവെടുപ്പ് നടക്കുന്നില്ല എന്നുള്ള രൂക്ഷമായ പ്രശ്നം സംഘത്തിന്റെ ഫേസ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്തു. സംഘം ഇത് ഒരവസരമായി കണ്ട് ആ വെല്ലുവിളി ഏറ്റെടുക്കുകയും, 2023 ഫെബ്രുവരി 4ന് coconut climbing challenge എന്ന പേരിൽ നൂറോളം അംഗങ്ങളെ അണിനിരത്തി ഒരു മണിക്കൂറിനുള്ളിൽ വിളവെടുപ്പ് പൂർത്തിയാക്കുകയും ചെയ്തു. ഇതറിഞ്ഞ സമീപപ്രദേശങ്ങളിൽ നിന്ന് രണ്ടു കർഷകർ കൂടി സഹായം അഭ്യർത്ഥിച്ചു വരികയും അവരുടെ തോട്ടത്തിലെ വിളവെടുപ്പും സ്തുത്യർഹമായ രീതിയിൽ നടത്തിക്കൊടുക്കുകയും ചെയ്തു. ഏകദേശം 800 തെങ്ങുകളുടെ വിളവെടുപ്പ് വഴി അവർ സമാഹരിച്ച തുക ബളാൽ പഞ്ചായത്തിലെ മങ്കയത്ത് പ്രവർത്തിക്കു ഗാന്ധിഭവൻ ചാരിറ്റി ഹോമിലെ അന്തേവാസികൾക്ക് ആഹാരം, മരുന്ന്, മറ്റ് ആവശ്യവസ്തുക്കൾ എന്നിവയ്ക്കായി സംഭാവന നൽകി. സംഘാംഗങ്ങളായ യുവജനങ്ങളുടെ സാമൂഹിക പ്രതിബദ്ധത അവർ വീണ്ടും തെളിയിച്ചു. ഈ സംഭവം സമൂഹത്തിൽ വളരെ പ്രശംസിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്തു.

**കുടുംബസംഗമം**

സംഘം ആരംഭിച്ചത് മുതൽ കുടുംബസംഗമം അവർ മുടങ്ങാതെ നടത്തിവരുന്നുണ്ട്. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള അംഗങ്ങൾക്കിടയിൽ സാഹോദര്യവും സഹകരണവും ശക്തിപ്പെടുത്തുകയാണ് കുടുംബ സംഗമത്തിന്റെ പ്രധാന ലക്ഷ്യം. സംഗീതം, നൃത്തം, മറ്റു കലാരൂപങ്ങൾ, എന്നിവയിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമുള്ള പ്രാവീണ്യം പ്രകടിപ്പിക്കുന്നതിനുള്ള ഒരു വേദി കൂടിയാണ് കുടുംബസംഗമം. ബേക്കൽ കോട്ടയിൽ വെച്ചായിരുന്നു ആദ്യ കുടുംബ സംഗമം അരങ്ങേറിയത്. രണ്ടാമത്തെ കുടുംബസംഗമം പൊലിയംതുരുത്ത് ഇക്കോ ടൂറിസം വില്ലേജിൽ 2023 ഡിസംബർ 3ന് സി പി സി ആർ ഐ യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി. തമ്പാൻ ഉദ്ഘാടനം ചെയ്തു. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സിജി മാത്യു മുഖ്യാതിഥിയായിരുന്നു. സംഘം പ്രസിഡന്റ് ശ്രീ. സി. എച്ച്. മണി ചടങ്ങിൽ അധ്യക്ഷത വഹിച്ചു, ബേഡഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എം. ധന്യ, മൂളിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പി. വി. മിനി, സംഘം രക്ഷാധികാരി, ശ്രീ കെ. റ്റി. സുകുമാരൻ എന്നിവർ ആശംസകൾ അർപ്പിച്ചു. സെക്രട്ടറി ശ്രീ. ബിനു ബളാൽ സ്വാഗതവും ശ്രീ. സതീശൻ കുറ്റിപ്പുറം നന്ദിയും രേഖപ്പെടുത്തി. യോഗത്തിൽ പുരസ്കാര ജേതാവായ ക്ഷീരകർഷകൻ ശ്രീ. ഹരിജിത്ത് ചൂരിത്തോട്, യുവ തെയ്യം കലാകാരൻ ശ്രീ. ശ്രീകുമാർ കരിവേടകം, കായികതാരം ശ്രീ. ചന്ദ്രൻ പാക്കം എന്നിവരെ ആദരിച്ചു. കഴിഞ്ഞവർഷം എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ വിജയികളായ സംഘാംഗങ്ങളുടെ കുട്ടികളെ അനുമോദിച്ചു. ഉച്ചകഴിഞ്ഞ് അംഗങ്ങളും കുടുംബാംഗങ്ങളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**ഭാവി പ്രവർത്തനങ്ങൾ**

ജില്ലയുടെ കേര കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന രീതിയിൽ അംഗങ്ങളുടെ മനുഷ്യവിഭവശേഷിയെ ചിട്ടയായ രീതിയിൽ ഫലപ്രദമായി, കേര കർഷകർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുതിന് ഈ കൂട്ടായ്മ വളരെ ഉൽസുകരും പ്രതിജ്ഞാബദ്ധരുമാണ് ആണ്. സംഘം ഉദ്ദേശിക്കു ഒരു പ്രധാന ഇടപെടൽ. (ലേബർ ബാങ്കുകളുടെ രൂപീകരണമാണ്). സംഘത്തി യൂണിറ്റുകൾ വളരെ സജീവമായി പ്രവർത്തിക്കുന്ന ജില്ലയിലെ ഒന്നോ രണ്ടോ പഞ്ചായത്തുകളിൽ ഇപ്പോൾ ഉള്ള സംഘാംഗങ്ങളെ വച്ച് ലേബർ ബാങ്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പഞ്ചായത്തുകളിലെ കേരകർഷകർക്ക് ലേബർ ബാങ്ക് മുഖേന വിദഗ്ധ തൊഴിലാളികളുടെ സേവനം കൃത്യമായി ലഭ്യമാക്കുകയാണ് ലക്ഷ്യം. പ്രദേശത്തെ കേരകർഷകരുമായി കൂടിയലോചിച്ച്, അവിടുത്തെ കാർഷിക സാഹചര്യം കണക്കിലെടുത്ത്, ഒരു വർഷത്തെ കർമ്മപദ്ധതി തയ്യാറാക്കും. വിളവെടുപ്പ്, മണ്ട വൃത്തിയാക്കൽ, കീടരോഗപരിപാലനം, മറ്റ് വിളപരിപാലനമുറകൾ എന്നിവ അനുവർത്തിക്കുന്നതിനാവശ്യമായ വിദഗ്ധ തൊഴിലാളികളുടെ എണ്ണം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് കർമ്മ പദ്ധതി തയ്യാറാക്കുക. ലേബർ ബാങ്കിൽ കേരകർഷകരുടെ പങ്കാളിത്തം നാളികേര ഉത്പാദക സംഘങ്ങൾ (കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി CPSs) വഴിയോ അതല്ലെങ്കിൽ കൃഷി വകുപ്പിന്റെ 'കേര ഗ്രാമം' പദ്ധതിയിലുൾപ്പെട്ട കേര കർഷകരുടെ കൂട്ടായ്മ വഴിയോ ആകുന്നതാണ് കൂടുതൽ സുഗമം. കേര കർഷകനും ചങ്ങാതി സംഘാംഗങ്ങളും തമ്മിൽ സുശക്തമായ സഹകരണം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്താൻ ഉത്പാദക സംഘങ്ങൾക്ക് കഴിയുന്നതാണ്. അതുവഴി കർഷകർക്ക് മികച്ച സേവനം ലഭ്യമാക്കാൻ തെങ്ങിന്റെ ചങ്ങാതി കൂട്ടായ്മയ്ക്കും സാധിക്കുന്നു. കർഷകർ പ്രതീക്ഷിക്കുന്ന മികവിലും ഗുണമേന്മയിലും വ്യാപ്തിയിലും സേവനങ്ങൾ ലഭ്യമാക്കുന്നതിനും, സേവനവേതന വ്യവസ്ഥകൾ ക്രമീകരിക്കുന്നതിനും കേരകർഷകരും ചങ്ങാതികൂട്ടായ്മയും മുഖാമുഖം പരിപാടികൾ നടത്തി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഇത്തരം പരിപാടികൾ കൂടുതൽ ഫലപ്രദമാകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്. കാസർഗോഡ് ജില്ല തെങ്ങിന്റെ ചങ്ങാതിക്കൂട്ടം വിഭാവനം ചെയ്തിട്ടുള്ള മറ്റ് കർമ്മപദ്ധതികൾ ഇവയൊക്കെയാണ്.

- കാസർഗോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തിലും പരമാവധി അംഗങ്ങളെ ചേർത്തുകൊണ്ട് പഞ്ചായത്ത് തല യൂണിറ്റുകൾ ആരംഭിക്കുക.
- എല്ലാ പഞ്ചായത്തുകളിലും യൂണിറ്റുകൾ സ്ഥാപിതമായി കഴിഞ്ഞാൽ ബ്ലോക്ക് തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണ പദ്ധതികളിലൂടെ ചങ്ങാതി കൂട്ടായ്മകളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
- തെങ്ങുകയറ്റത്തിനിടയിൽ ഉണ്ടാകുന്ന അപകടം മൂലം ദുരിതമനുഭവിക്കുവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.
- ജീവകാരുണ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സന്നദ്ധ സേവനങ്ങൾ നടത്തുക.
- എല്ലാത്തിനുമുപരിയായി കേരകർഷകർക്ക് ഒരു ഫോൺ വിളിയിലൂടെ അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് അംഗങ്ങളെ പ്രചോദിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടപ്പിൽ വരുത്തുക.

നൂതനമായ പ്രവർത്തനങ്ങളുമായി മുന്നേറുന്ന കാസർഗോഡ് ജില്ലാ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം കൂട്ടായ്മ മറ്റു പ്രേദേശങ്ങളിലെ തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഒരു പ്രചോദനമാണ്, ഒപ്പം കേരമേഖലയുടെ സമഗ്ര വികസനത്തിന് തങ്ങളുടേതായ സംഭാവനകൾ നൽകാൻ ഒരു വേദി സൃഷ്ടിച്ചെടുക്കുന്നതിനുള്ള ഒരു മാതൃകയും.

# തെങ്ങു കയറ്റ തൊഴിലാളികൾക്ക് സുരക്ഷയൊരുക്കി കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി

**വിഷ്ണുപ്രിയ കെ. റ്റി**

സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ, നാളികേര വികസന ബോർഡ്

കോവിഡാനന്തരലോകം സമൂഹത്തിനു മുമ്പിൽ ഉയർത്തിയ ചോദ്യമാണ് ദിവസ വേതനക്കാരുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷിതത്വം. ലോകം പെട്ടെന്നൊരു ദിവസം നിശ്ചലമായപ്പോൾ ദൈനംദിന ചിലവുകളും അപകട ആരോഗ്യ ചികിത്സകളും ഓരോരുത്തരുടേയും മുമ്പിൽ ചോദ്യചിഹ്നങ്ങളായി. അതു വരേയും, അരുതാത്തത് ഒന്നും സംഭവിക്കില്ല എന്നഹങ്കരിച്ചവർ പോലും ഒരു നിമിഷം ചിന്തിച്ചു നാളെ എനിക്കെന്തെങ്കിലും സംഭവിച്ചാൽ എന്റെ കുടുംബം അതെങ്ങനെ തരണം ചെയ്യും? തുച്ഛ വേതനക്കാർ കുറഞ്ഞ പക്ഷം തങ്ങളുടെ തൊഴിലിടങ്ങളിലെ അപകടങ്ങൾക്കെങ്കിലും പരിരക്ഷ ലഭിച്ചെങ്കിൽ എന്ന് ചിന്തിക്കുവാൻ തുടങ്ങി. സുരക്ഷാവബോധമുള്ളവരാകാൻ തുടങ്ങി.



ആ മാറ്റം തെങ്ങു കയറ്റ തൊഴിലാളികളുടെ സമീപനത്തിലും കാണാനിടയായി. നാളികേര വികസന ബോർഡ് തെങ്ങു കയറ്റ തൊഴിലാളികൾക്കുവേണ്ടി നടത്തി വരുന്ന അപകട ഇൻഷുറൻസ് പദ്ധതിയായ കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധന ഈ മാറ്റത്തെ സാധൂകരിക്കുന്നു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി യഥാസമയം ഇൻഷുറൻസ് പുതുക്കുവാൻ തൊഴിലാളികൾ താൽപ്പര്യപ്പെടുന്നു. കൂടാതെ, പരപ്രേരണയാൽ പദ്ധതിയിൽ ചേരുന്നതിനുള്ള അന്വേഷണ തോതിലും പ്രകടമായ മാറ്റമുണ്ടായിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ടെലിഫോൺ കോളുകൾ അത് സാക്ഷ്യപ്പെടുത്തുന്നു. പരിരക്ഷയില്ലാത്ത തൊഴിൽ ദിനങ്ങൾ ദുഃസ്വപ്നം പോലെ ഭയാനകമാണെന്ന് തുറന്നു പറഞ്ഞ തൊഴിലാളി മനസ്സ് സൂചിപ്പിക്കുന്നത്, കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി പൂർണ്ണമായും വിജയം കൈവരിച്ചിരിക്കുന്നു എന്നതാണ്.

തൊഴിൽ മേഖലയിലുണ്ടാകുന്ന അപകടങ്ങളായ ഉയരത്തിൽ നിന്നുള്ള വീഴ്ച, വാക്കത്തി, അരിവാൾ കൊണ്ടുള്ള മുറിവ്, കടന്നൽ തേനീച്ച ആക്രമണങ്ങൾ, കൂടാതെ റോഡപകടം തുടങ്ങിയവ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താവിന് അപകടം സംഭവിച്ചാൽ 72 മണിക്കൂറിനുള്ളിൽ നാളികേര വികസന ബോർഡിന്റെ ഓഫീസിൽ അറിയിക്കേണ്ടതാണ്. അതിനാൽ തൊഴിലാളികൾ തങ്ങളുടെ ഇൻഷുറൻസിന്റെ വിവരങ്ങൾ കുടുംബാംഗങ്ങളേയും സുഹൃത്തുക്കളേയും അറിയിക്കേണ്ടത് അത്യാവശ്യമാണ്. കൃത്യസമയത്ത് അപകട വിവരം അറിയിക്കാതിരിക്കുന്നതും ക്ലെയിം ഫോമും മെഡിക്കൽ റിപ്പോർട്ടുകളും സമർപ്പിക്കാതിരിക്കുന്നതും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമാകുമെന്നതിനാൽ ഇൻഷുറൻസ്/ ക്ലെയിം എന്നിവയെക്കുറിച്ച് കുടുംബാംഗങ്ങളിൽ അവബോധം വളർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇൻഷുറൻസ് ആവശ്യങ്ങൾക്കായി ആശുപത്രി രേഖകളും ബില്ലുകളും നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് ഇൻഷുർ ചെയ്ത വ്യക്തിയുടെ ഉത്തരവാദിത്വമാണ്.

കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അപകടത്തെ തുടർന്നുള്ള കിടത്തി ചികിത്സയ്ക്ക് വിധേയരാകുന്നവർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം നൽകുന്നു. സർക്കാർ - സ്വകാര്യ അലോപ്പതി ആശുപത്രികളിലെ ചികിത്സകൾക്കും, സർക്കാർ ആയുർവേദ ആശുപത്രികളിലെ ചികിത്സകൾക്കും ഇത് ബാധകമായതിനാൽ തൊഴിലാളികൾക്ക് കൃത്യസമയത്ത് മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ചികിത്സ കാലയളവിൽ ഉണ്ടാകുന്ന ആശുപത്രി ചിലവുകൾ ആദ്യം തൊഴിലാളി വഹിക്കുക്കയും പിന്നീട് റീഇമ്പേഴ്സ്മെന്റ് രീതിയിൽ തിരികെ ലഭിക്കുകയും ചെയ്യുന്നു. തുടർ ചികിത്സയുടെ ഭാഗമായുള്ള വിശ്രമകാലങ്ങളിൽ ഉണ്ടാകുന്ന തൊഴിൽ നഷ്ടത്തിന്റെ ആഘാതം കുറയ്ക്കാൻ ആഴ്ചയിൽ മൂവായിരം രൂപ നിരക്കിൽ ആറാഴ്ചത്തേക്ക് പരമാവധി 18000 രൂപ വരെ നൽകുന്നു. കൂടാതെ ഗുണഭോക്താവിനെ ശുശ്രൂഷിക്കുന്ന വ്യക്തിക്ക് ദിവസേന 200 രൂപ നിരക്കിൽ പരമാവധി 15 ദിവസത്തേക്ക് 3000 രൂപ വരെ ലഭ്യമാക്കുന്നു. ഇൻഷുർ ചെയ്ത വ്യക്തി മരണപ്പെട്ടാൽ 5 ലക്ഷം രൂപ നോമിനിക്ക് ലഭിക്കും. എല്ലാ ആനുകൂല്യങ്ങളും സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ലഭ്യമാകുകയുള്ളൂ എന്നത് ശ്രദ്ധിക്കേണ്ടതാണ്. വിശ്രമ കാലയളവ് ക്ലെയിം ഫോമിൽ ഡോക്ടർ എഴുതേണ്ടതാണ്. സമർപ്പിക്കുന്ന എല്ലാ

മെഡിക്കൽ റിപ്പോർട്ടുകളിലും ബില്ലുകളിലും ഡോക്ടറുടെ സാക്ഷ്യപ്പെടുത്തൽ ഗുണഭോക്താവ് ഉറപ്പുവരുത്തേണ്ടതാണ്. ഈ പദ്ധതിയിൻ കീഴിൽ റിപ്പോർട്ട് ചെയ്യുന്ന അപകടങ്ങളിൽ ഏറെയും കിടത്തി ചികിത്സ ആവശ്യമായി വരാത്ത എല്ല് പൊട്ടൽ, ആഴത്തിലുള്ള മുറിവ് എന്നിവയാണ്. അത്തരം സാഹചര്യങ്ങളിൽ തൊഴിലാളികൾക്ക് ഏകദേശം ഒന്നര മാസക്കാലമെങ്കിലും തൊഴിൽ നഷ്ടം സംഭവിക്കാം. അവിടെയാണ് കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിലെ വിശ്രമ കാലയളവ് അനുസരിച്ച് കണക്കാക്കുന്ന സാമ്പത്തിക സഹായത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്. പലപ്പോഴും പരമാവധി തുകയായ 18,000 രൂപ വരെ സഹായമായി തൊഴിലാളിക്ക് ലഭ്യമാകാറുണ്ട്. അപകടങ്ങളുടെ അനന്തരഫലം ഓരോരുത്തരിലും വ്യത്യസ്ത തോതിലാണ് അനുഭവപ്പെടുന്നത്. ചില അപകടങ്ങൾ മുന്നോട്ടുള്ള ജീവിതത്തെ പോലും മാറ്റി മറിക്കാൻ ഇടയാക്കാറുണ്ട്. ദീർഘകാല ചികിത്സകൾ ആവശ്യമായി വരികയും, എന്നാൽ പിന്നീട് ഈ തൊഴിൽ ചെയ്യാൻ സാധിക്കാതെവരുന്ന സാഹചര്യങ്ങളും നമ്മുടെ മുമ്പിലൂടെ കടന്നുപോയിട്ടുണ്ട്. അത്തരം അവസ്ഥകളിൽ ചികിത്സിക്കുന്ന ഡോക്ടറോ അംഗീകൃത ഗവൺമെന്റ് മെഡിക്കൽ ബോർഡോ നൽകുന്ന സാക്ഷ്യപത്ര പ്രകാരം, തൊഴിലാളിയുടെ സ്ഥിരമായ ഭാഗിക വൈകല്യം (പെർമനന്റ് പാർഷ്യൽ ഡിസേബിൾമെന്റ് ) എന്ന് പരിഗണിച്ച് പരമാവധി 2.5 ലക്ഷം രൂപ വരെ ലഭിക്കുന്നു. ഇൻഷുർ ചെയ്ത തൊഴിലാളികളിൽ നിന്നുള്ള പ്രതികരണങ്ങൾ വിലയിരുത്തുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത് ഈ ആനുകൂല്യങ്ങൾ അവർക്ക് ചെറുതല്ലാത്ത ആശ്വാസം പകരുന്നു എന്നതാണ്.

ഈ ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നതിന് തീർത്തും ലഘുവായ നടപടിക്രമങ്ങൾ മാത്രമേ ഉള്ളൂ എന്നുള്ളത് ഈ പദ്ധതിയെ തെങ്ങു കയറ്റ തൊഴിലാളികളുടെ ഇടയിൽ ജനപ്രിയമാക്കുന്നു. അപകടം സംഭവിച്ചു കഴിഞ്ഞാൽ തൊഴിലാളികൾ ആശുപത്രിയിൽ ചികിത്സ തേടിയതിനു ശേഷമാണ് ക്ലെയിമിനായി അപേക്ഷ സമർപ്പിക്കേണ്ടത്. ക്ലെയിം സമർപ്പിക്കുന്നതിനുള്ള കൂടുതൽ വിവരങ്ങൾ ബോർഡിന്റെ ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്.

കേര സുരക്ഷ പദ്ധതിയാരംഭിച്ച കാലം മുതൽ ഇതുവരെ 130 നു മുകളിൽ ക്ലെയിം അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. അതു വഴി ഏകദേശം 55 ലക്ഷം രൂപയിലധികം തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 8 മരണാനന്തര സഹായങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഒരു വ്യാഴവട്ടക്കാലത്ത് 80000നു മുകളിൽ തൊഴിലാളികൾ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഓരോ ക്ലെയിം തീർപ്പാക്കലും ഓരോ ജീവിതാനുഭവങ്ങളിലൂടെയാണ് നമ്മെ കൊണ്ടു പോകുന്നത്. ചില പ്രത്യേക സാഹചര്യങ്ങൾ ഒഴിവാക്കിയാൽ മിക്കവാറും തൊഴിലാളിയുടെ സുഹൃത്തുക്കളോ കുടുംബാംഗങ്ങളോ ആണ് അപകടം വിളിച്ചറിയിക്കുന്നത്. അപകട സമയം, നടന്ന സ്ഥലം, തീയതി എന്നിവയിൽ വ്യക്തത പുലർത്തേണ്ടത് സുഗമമായ ക്ലെയിം തീർപ്പാക്കലിന് അനിവാര്യമാണ്. അപകടത്തെ തുടർന്ന് മരണം സംഭവിക്കുകയാണെങ്കിൽ പോസ്റ്റ്മോർട്ടം നടത്തേണ്ടതാണ്. അല്ലാത്തപക്ഷം ക്ലെയിം തുക ലഭിക്കുന്നതിന് തടസ്സവാദങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ്, എഫ്ഐആർ പകർപ്പ്, പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് എന്നിവ ക്ലെയിം ഫോമിനോടൊപ്പം സമർപ്പിക്കണം. ഇൻഷുറൻസ് പരിരക്ഷ പുതുക്കുന്നതിന് കാണിക്കുന്ന വിമുഖത തൊഴിലാളികൾക്ക് വലിയ നഷ്ടം വരുത്തി വയ്ക്കുന്നതായി കണ്ടുവരുന്നു. ഒഴിവാക്കാൻ കഴിയുന്ന സാഹചര്യങ്ങളെ കാരണങ്ങളായി കണ്ടു കൊണ്ടുള്ള അലസത ചെന്നവസാനിക്കുന്നത് പലപ്പോഴും ഭീമമായ ആശുപത്രി ബില്ലുകളിലാവും. പരിരക്ഷയില്ലാത്ത കാലയളവിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് ക്ലെയിം ലഭിക്കുകയില്ല.

**പദ്ധതിയിൽ അംഗങ്ങളാകുന്നതിനുള്ള നടപടി ക്രമങ്ങളും നിയമാവലിയും താഴെ ചേർക്കുന്നു.**

തെങ്ങു കയറ്റം/ നീര ടാപ്പിംഗ്/ തേങ്ങ വിളവെടുപ്പ് എന്നിവ തൊഴിലായി സ്വീകരിച്ച 18 നും 65 നും ഇടയിൽ പ്രായമുള്ളവർക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാം. കൃഷി ഓഫീസർ/ പഞ്ചായത്ത് പ്രസിഡന്റ് / ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉത്പാദക സംഘം/ ഫെഡറേഷൻ/ കമ്പനി എന്നിവയുടെ പ്രസിഡന്റ് / ചെയർമാൻ നൽകുന്ന സാക്ഷ്യപത്രവും ജനനത്തീയതി തെളിയിക്കുന്ന രേഖയുടെ പകർപ്പും പ്രീമിയം തുകയായ 94 രൂപ അടച്ചതിന്റെ രസീത്/ ഡിമാൻ ഡ്രാഫ്റ്റ് എന്നിവ സഹിതം അപേക്ഷാ ഫോം നാളികേര വികസന ബോർഡിന്റെ കൊച്ചി ഓഫീസിലേക്ക് തപാൽ മാർഗ്ഗം അയയ്ക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യാം. പ്രീമിയം അടയ്ക്കേണ്ട വിവരങ്ങൾ അപേക്ഷാ ഫോമിൽ നൽകിയിട്ടുണ്ട്.

നാളികേരത്തിന് ഇന്ത്യൻ സമൂഹത്തിൽ പ്രാധാന്യവും ആവശ്യകതയും ഏറെയാണ്. അതിനാൽ തന്നെ നാളികേരത്തിന്റെ വിളവെടുപ്പ്/ പരിചരണം/ മരുന്നു പ്രയോഗം എന്നിവ ദൈർഘ്യ സ്വഭാവമുള്ള വരുമാന സ്രോതസ്സായി കണക്കാക്കാം. ഈ സാഹചര്യത്തിൽ ഇത്തരം ജോലി ചെയ്യുന്നവർക്ക് കൃത്യമായ സുരക്ഷ ഉറപ്പാക്കാൻ വേണ്ടി പ്രത്യേക ശ്രദ്ധ നൽകി നാളികേര വികസന ബോർഡ് രൂപീകരിച്ച പദ്ധതിയാണ് കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി. ഇതിന്റെ വിജയം നാളികേര മേഖലയ്ക്ക് ഉത്തേജകമാകും എന്നതിൽ സംശയമില്ല. അതിനാൽ ഈ ഇൻഷുറൻസ് പദ്ധതി മുന്നോട്ട് പോകേണ്ടത് രാജ്യത്തെ നാളികേര മേഖലയുടെ നിലനിൽപ്പിന് അനിവാര്യമാണ്. നാളികേരത്തിന്റെ വിളവെടുപ്പ് വൃത്തിയാക്കൽ സംബന്ധമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ ആശ്വാസമേകുന്നു എന്നു മാത്രമല്ല, ഈ തൊഴിലിൽ ഏർപ്പെടാൻ പ്രചോദനവുമേകുന്നു. ഈ തൊഴിലവസരങ്ങൾ കുടുംബങ്ങളുടേയും അതുവഴി സമൂഹത്തിന്റെയും പുരോഗതിയ്ക്ക് വഴി തെളിക്കുന്നു. കൃത്യമായ വിളവെടുപ്പും പരിചരണവും നാളികേരത്തിന്റെ ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്നു. അതിലൂടെ കേര കർഷകന് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ലഭിക്കുന്നു. ചുരുക്കത്തിൽ ഈ ഇൻഷുറൻസ് പദ്ധതി നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന കർഷകനും തൊഴിലാളിക്കും ക്ഷേമകരമായി ഭവിക്കുന്നു.

# ക്ലെയിം ഫോം പൂരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും മാതൃക ഫോമും ചുവടെ ചേർക്കുന്നു

ഇൻഷ്വർ ചെയ്ത തൊഴിലാളിയുടെ പേര്, പോളിസി നമ്പർ, അപകടം നടന്ന തീയതി, സമയം, സ്ഥലം എന്നിവയും സംഭവ സ്ഥലത്തുണ്ടായിരുന്ന ദൃക്സാക്ഷിയുടെ വിവരണങ്ങളും അപേക്ഷയിൽ രേഖപ്പെടുത്തണം. അപകടം നടന്നതെങ്ങനെ, പരിക്കിന്റെ സ്വഭാവം, വിശ്രമകാലയളവ്, ചികിത്സിക്കുന്ന ഡോക്ടറുടെ പേരും വിലാസവും കൃത്യമായി എഴുതണം. ദൃക്സാക്ഷിയുടെ സാക്ഷ്യപത്രം, അപേക്ഷകന്റെ ബാങ്ക് വിവരങ്ങൾ എന്നിവ നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്. അപേക്ഷയിൽ ഉൾകൊള്ളിച്ചിരിക്കുന്ന മെഡിക്കൽ റിപ്പോർട്ട് ഡോക്ടർ പൂരിപ്പിച്ച് നൽകേണ്ടതാണ്. കൂടാതെ സമർപ്പിക്കുന്ന എല്ലാ മെഡിക്കൽ ബില്ലുകളിലും ഡോക്ടറുടെ ഒപ്പും സീലുമുണ്ടെന്ന് തൊഴിലാളി ഉറപ്പുവരുത്തണം.

page 1

**The New India Assurance Company Limited**

Regd. & Head Office: New India Assurance Bldg., 87, Mahatma Gandhi Road Fort. Mumbai - 400 001.

***The Issue to this form is not to be taken as an admission of Liability***

**Personal Accident Insurance Claim Form (Particulars) of Accident)**

Policy No. ........................

Branch / Unit ........................

**TO BE COMPLETED BY THE INSURED**

1. (a) Name of the Insured [in full] ........................
   (b) Name of the injured Person ........................
   (c) Address in full ........................
   (d) Profession or occupation ........................
   (e) Age at last birthday ........................

| | | |
|---|---|---|
| 3 | 1. Date of the accident?<br>2. Time of accident?<br>3. Where it happened?<br>4. Name and address of witness | |
| 4 | How did the accident occur? | |
| 5 | Nature of injury received (If to limb or eye state whether right or left) | |
| 6 | 5. Nature of disablement<br>6. Extent of disablement<br>Confined to bed<br>Confined to house<br>7. Present state of incapacity | [from ........ to ........]<br>[from ........ to ........] |
| 7. | Name and address of surgeon in attendance | |
| 8 | 8. Where and when can a Medical Officer of the Company visit you, if necessary?<br>9. Name of nearest railway station and distance therefrom | |

page 2

| | | |
|---|---|---|
| 9. | 10. Are you insured in any other office or offices granting compensation for accident<br>11. If so state name and address of company or companies and amount of insurance. | |

I hereby declare that the foregoing statements are made by myself and are true in all respect and that I have not attempted to conceal from the Company anything which it ought to be made acquainted and also that I have not abstained from any usual occupation longer than absolutely necessary and I agree that if I have made, or in any further declaration the Company may require, shall make any false or fraudulent statement or any suppression, concealment or untrue averment whatever, the Policy shall be void and my right to compensation forfeited and am willing, if required to make a Statutory Declaration before a Justice of the Peace of the truth of the whole of the foregoing statement or any other statement I may make a connection with this claim.

Witness:

Name ........................ Signature of the Insured ........................

Signature ........................ Date: ........................

Date ........................

Address ........................

**CERTFIED TO BE FILLED UP AND SIGNED BY AN EYE WITNESS TO THE ACCIDENT**

I hereby certify that I was present when the Accident occurred to Mr ........................ On ........ the ........ day ........ of ........ 20 ........ in the manner stated by him ever leaf, that it was caused by ........which * was/was not under the his willful act and that he* was/was not under the influence of intoxicating liquor at the time.

Signature ........................

Address ........................

Occupation........................

* Strike out which is not applicable

Date ........................

page 3

**MEDICAL CERTIFICATE**

Claims must be Supported by medical Evidence furnished by the Insured and at his expense.

1. (a) Name of Claimant ........ (b) Sex ........ (c) Age ........
2. (b) Nature and cause of accident ........................
   (c) If to eye or limb, state left or right ........................
   (d) Whether the appearance of the Injuries are consistent with the account given of the accident.
3. Date on which you first attended Claimant for this injury ........................
4. Has Claimant been totally prevented from attending to any portion of his business/work ? If so how long? ........................
5. Is Claimant suffering from any disease or illness apart from his injury and is there any illness by circumstances which may tend to retard recovery? If so, give particulars? ........................
6. Present Condition ........................
7. How long from the happening of the Accident do you consider total disablement will last? ........................

Having personally examined the above named Insured I certify that the above statements are correct and that the injured person is necessarily disabled by the Accident referred to

Signature ........................

Name & Qualification ........................

Address ........................

Date ........................

**REMARKS FOR EXTRA DETAILS**

**ECS Details of the Insured**

| | | |
|---|---|---|
| 1 | Name of the Insured (as appearing in the Bank Account) | |
| 2 | Bank Name | |
| 3 | Branch and address | |
| 4 | Bank Account No | |
| 5 | Bank Account Type | |
| 6 | IFSC Code | |
| 7 | MICR Code | |

page 4

**Documents to submitted along with claim form:**

**In case of Accident.**

1. Original Discharge summary/ OP Ticket
2. Original Medical Bills ( duly certified by doctor)
3. Original Lab reports(If any)
4. Immobilisation Certificate (Minimum 5 days continuous disablement is required)
5. Fitness Certificate
6. Disability Certificate (In case of disablement due to accident)
7. FIR/GD Entry/CSR/Police Report (In case of road accident)
8. NEFT details (Bank name, Branch, Account Number and IFSC)
9. Duly signed claim voucher

**In case of Death:**

1. Original Medical Reports
2. Original Death Certificate
3. Legal Heirship certificate
4. Post Mortem Report
5. FIR
6. News paper cutting
7. Viscera Report (If any)
8. Inquest Report
9. NEFT details (Bank name, Branch, Account Number and IFSC)
10. Duly signed claim voucher

# ക്ലൈമറ്റ് സ്മാർട്ട് കൃഷിക്ക് സി ടി സി ആർ ഐയുടെ കിഴങ്ങിനങ്ങളും തെങ്ങ് - കിഴങ്ങധിഷ്ഠിത വിള സമ്പ്രദായങ്ങളും

**ജി. ബൈജു**
ഡയറക്ടർ, ഐസിഎആർ - സിടിസിആർഐ, തിരുവനന്തപുരം

നമ്മുടെ സംസ്ഥാനത്തെ ഏറ്റവും മുഖ്യ വിള തെങ്ങാണ്. തെങ്ങിന്റെ എല്ലാ ഭാഗങ്ങളും ഒന്നില്ലെങ്കിൽ മറ്റൊരാവശ്യത്തിനുപയോഗമുള്ളത് കൊണ്ട് ഇതിനെ കൽപവൃക്ഷം എന്നാണ് അറിയപ്പെടുന്നത്. കേരളത്തിലെ കൃഷി മറ്റ് പല സംസ്ഥാനങ്ങളിലെ കൃഷിയിൽ നിന്നും ഏറെ വ്യത്യസ്തമാണ്. തോട്ടവിള-വൃക്ഷവിളകളാണ് കൃഷിഭൂമിയിൽ ഏറിയ പങ്കും, അതിൽ തെങ്ങാണ് മുഖ്യൻ. തെങ്ങ് ഏകവിളയായി കൃഷിചെയ്യുന്ന തോട്ടങ്ങൾ ഇവിടെ കുറവാണെന്നതും സംസ്ഥാനത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ജനസാന്ദ്രത വളരെ കൂടിയ ഒരു സംസ്ഥാനമായതിനാലും ഗ്രാമീണ നഗര അന്തരം കുറവായതിനാലും മറ്റ് പ്രധാന ഭക്ഷ്യവിളകൾ ഏകവിളയായി കൃഷി ചെയ്യാനുള്ള കൃഷിഭൂമി വർധിപ്പിക്കൽ സാധ്യത ഇവിടെ ഇനി അസാധ്യമാണ്. ഈ പ്രത്യേക സാഹചര്യങ്ങളെ എങ്ങനെ മുതലെടുക്കാമെന്നതായിരിക്കണം നമ്മുടെ ഭാവി കൃഷിയിൽ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം. പ്രകൃതി അധിഷ്ഠിത സുസ്ഥിര വിള സമ്പ്രദായങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കാലാവസ്ഥാ സൗഹൃദ വിളകളും വിള ഇനങ്ങളും ക്ലൈമറ്റ് സ്മാർട്ട് കൃഷി രീതികളും പ്രോത്സാഹിപ്പിക്കേണ്ടത് നാം ഇപ്പോൾ നേരിടുന്ന പല വെല്ലുവിളികൾക്കും ഒരു പരിധിവരെ പരിഹാരമാണ്. കിഴങ്ങുവിളകൾ മലയാളിയുടെ ഭക്ഷണ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണ്. നമ്മുടെ പിൻതലമുറകളെല്ലാം മരച്ചീനിയും ചേനയും കാച്ചിലും ചേമ്പും മധുരക്കിഴങ്ങുമെല്ലാം അവരുടെ ആഹാരത്തിൽ സ്ഥിരമായി നൂറ്റാണ്ടുകളോളമായി ഉൾപ്പെടുത്തിവരുന്നു. കേരളത്തിലെ ഉഷ്ണമേഖലാ കാലാവസ്ഥയിൽ നല്ല വിളവ് തരുന്ന ഇവയെല്ലാം തെങ്ങിനിടയിൽ അതിന്റെ വിവിധ വളർച്ചാഘട്ടങ്ങളിൽ ഇടവിളകളായി കൃഷിചെയ്യാമെന്നുള്ള പ്രത്യേക കഴിവ് കാർഷിക കേരളത്തിന്റെ ഭാവിയുടെ ഒരു മുഖ്യ വാഗ്ദാനമാണ്.

മനുഷ്യായുസിനേക്കാളും കൂടുതലാണ് തെങ്ങിന്റെ ആയുസ്സ് എന്നതുകൊണ്ടും ധാരാളം പ്രശ്നങ്ങൾ തെങ്ങു കൃഷിയിൽ നേരിടുന്നതു കൊണ്ടും ശാസ്ത്രീയമായ പരിപാലന മുറകളും വിള സമ്പ്രദായങ്ങളും പ്രായോഗികമാക്കേണ്ടത് ഏറെ പ്രസക്തമാണ്. ഒരു തെങ്ങു നട്ടു കഴിഞ്ഞാൽ അതിന്റെ ആദ്യ എട്ടു വർഷങ്ങളിലും ഇരുപത്തിയഞ്ചു വർഷത്തിനു ശേഷവും ധാരാളം സൂര്യപ്രകാശം തെങ്ങുകൾക്കിടയിലൂടെ മണ്ണിലെത്തുന്നു. എട്ടു മുതൽ ഇരുപത്തിയഞ്ചു വർഷം വരെയാണ് തെങ്ങിൻ തോപ്പിൽ തണൽ കൂടുതലായുള്ളത്. ഈ സ്വഭാവ വിശേഷം കണക്കിലെടുത്താണ്




തെങ്ങിൻ തോപ്പിലേക്ക് ഓരോ സമയത്തും അനുയോജ്യമായ ഇടവിളകൾ തിരഞ്ഞെടുക്കേണ്ടത്.

മുന്നൂറു വർഷങ്ങൾക്കു മുമ്പ് തിരുവിതാംകൂറിൽ ഒരു ഭക്ഷ്യക്ഷാമം ഉണ്ടാകുമെന്ന് കരുതി ശ്രീ. വിശാഖം തിരുനാൾ മഹാരാജാവ് ഇറക്കുമതി ചെയ്ത് നട്ടു വളർത്തി പ്രചരിപ്പിച്ച മരച്ചീനി തന്നെയാണ് നമ്മുടെ മുഖ്യ കിഴങ്ങുവിളയും മലയാളിയുടെ ഒരു ഇഷ്ട ഭക്ഷണവും. വളരെ ഉയർന്ന ഉത്പാദനക്ഷമത, വരൾച്ച, ഉയർന്ന അന്തരീക്ഷ താപനില എന്നിവയെ താരതമ്യേന ചെറുക്കാനുള്ള ശേഷി, ഭക്ഷ്യ കാലിത്തീറ്റ വ്യാവസായിക മേഖലകളിൽ ഇതിനുള്ള സാധ്യതകൾ എന്നിവ മരച്ചീനിയെ മറ്റു പല വിളകളിൽ നിന്നും വ്യത്യസ്തമാകുന്നു. മുകളിൽപ്പറഞ്ഞ പ്രത്യേകതകളുള്ള മറ്റൊരു കിഴങ്ങുവിളയാണ് കാച്ചിൽ.

കാലാവസ്ഥാ വ്യതിയാനത്തിലെ മുഖ്യ വിഷയങ്ങളായ വരൾച്ച, ഉയർന്ന താപനില, മണ്ണിലെ ഉപ്പുരസത്തിന്റെ ആധിക്യം തുടങ്ങിയ സാഹചര്യങ്ങളെ ചെറുത്തുനിന്നുകൊണ്ട് മോശമല്ലാത്ത വിളവ് തരാൻ കഴിവുള്ള പതിനാല് കിഴങ്ങുവിള ഇനങ്ങൾ സി. റ്റി. സി. ആർ. ഐ പുറത്തിറക്കി കർഷകരിലെത്തിക്കുന്നതിൽ കാര്യമായ ശ്രമം നടത്തുന്നുണ്ട്.

ഒരു യൂണിറ്റ് സ്ഥലത്തുനിന്നും മറ്റ് വിളകളേക്കാൾ കൂടുതൽ വിളവ് നൽകാനുള്ള കഴിവ് കിഴങ്ങുവിളകളെ വ്യത്യസ്തമാക്കുന്നു. അതുകൂടാതെ, പല പ്രതികൂല സാഹചര്യങ്ങളെയും ചെറുത്തുകൊണ്ട്നല്ല വിളവ് തരാനും ഈ വിളകൾക്കുള്ള കഴിവ് മറ്റൊരു പ്രത്യേകതയാണ്. തെങ്ങുമായി ബന്ധപ്പെട്ട വിവിധ വിള സമ്പ്രദായങ്ങളിൽ വളരെ അനുയോജ്യമായി കൃഷി ചെയ്യാൻ കിഴങ്ങുവിളകൾ ഉത്തമമാണ്.

**പട്ടിക 1.**

| | |
|---|---|
| **മരച്ചീനി** | |
| ശ്രീ അതുല്യ | 7-8 മാസം, ഒരു ഹെക്ടറിൽ നിന്ന് 40 ടൺ വിളവ്, 30.2% സ്റ്റാർച്, വരൾച്ചാ സഹനശേഷി |
| ശ്രീ ശക്തി | 9 മാസം, ഒരു ഹെക്ടറിൽ നിന്ന് 50 ടൺ വിളവ്, 29% സ്റ്റാർച്, വരൾച്ചാ സഹനശേഷി, മൊസൈക് വൈറസ് പ്രതിരോധ ശേഷി |
| ശ്രീ കാവേരി | 9 മാസം, ഒരു ഹെക്ടറിൽ നിന്ന് 50 ടൺ വിളവ്, വരൾച്ചാ സഹനശേഷി മൊസൈക് വൈറസ് പ്രതിരോധ ശേഷി |
| ശ്രീ സ്വർണ്ണ | 7 മാസം, ഒരു ഹെക്ടറിൽ നിന്ന് 50 ടൺ വിളവ്, ഇളം മഞ്ഞ നിറമുള്ള കിഴങ്ങ് ഉൾഭാഗം |
| ശ്രീ പവിത്ര | 8 മാസം, പൊട്ടാസ്യം ഉപയോഗക്ഷമത കൂടിയ ഇനം, 245 കിലോ വിളവിന് ഒരു കിലോ പൊട്ടാസ്യം |
| ശ്രീ രക്ഷ | 8 മാസം, ഒരു ഹെക്ടറിൽ നിന്ന് 50 ടൺ വിളവ്, വരൾച്ചാ സഹനശേഷി, മൊസൈക് വൈറസ് പ്രതിരോധ ശേഷി |
| **മധുരക്കിഴങ്ങ്** | |
| ശ്രീ കനക | 85 ദിവസം, ഒരു ഹെക്ടറിൽ നിന്ന് 15 ടൺ വിളവ്, ബീറ്റാ കരോട്ടിൻ 100 ഗ്രാം കിഴങ്ങിൽ 10 മില്ലി ഗ്രാം, കുറഞ്ഞ വിള ദൈർഘ്യം |
| ഭൂ കൃഷ്ണ | 110 ദിവസം, ഒരു ഹെക്ടറിൽ നിന്ന് 22 ടൺ വിളവ്, ആന്തോസയാനിൻ 100 ഗ്രാം കിഴങ്ങിൽ 90 മില്ലിഗ്രാം, ഉപ്പുരസമുള്ള മണ്ണിന് യോജിച്ച ഇനം (8 ഡെസ്സി സിമൻസ് / മീറ്റർ |
| ഭു സ്വാമി | 105 ദിവസം, ഒരു ഹെക്ടറിൽ നിന്ന് 20 ടൺ വിളവ്, വരൾച്ചാ സഹനശേഷി |
| **നാടൻ കാച്ചിൽ** | |
| ശ്രീ നീലിമ | 9 മാസം, ഒരു ഹെക്ടറിൽ നിന്ന് 33 ടൺ വിളവ്, കാച്ചിൽ പർപ്പിൾ നിറമുള്ള കിഴങ്ങ് ഉൾഭാഗം |
| ശ്രീ സ്വാതി | 9 മാസം, ഒരു ഹെക്ടറിൽ നിന്ന് 25 ടൺ വിളവ്, അസ്കോർബിക് ആസിഡ് 100 ഗ്രാം കിഴങ്ങിൽ 7 മില്ലീഗ്രാം, വരൾച്ചാ സഹനശേഷി, ആന്ത്രാക്നോസ് രോഗപ്രതിരോധ ശേഷി |
| **ആഫ്രിക്കൻ കാച്ചിൽ.** | |
| ശ്രീ ഹരിത | 9 മാസം, ഒരു ഹെക്ടറിൽ നിന്ന് 46 ടൺ വിളവ്, കാച്ചിൽ വരൾച്ചാ സഹനശേഷി |
| **ചേമ്പ്** | |
| മുക്തകേശി | 5-6 മാസം, ഒരു ഹെക്ടറിൽ നിന്ന് 20 ടൺ വിളവ്, വരൾച്ചാ സഹനശേഷി, ഇല കരിയൽ ഫംഗസ് രോഗ പ്രതിരോധ ശേഷി |
| ഭൂ കൃപ | 6 മാസം, ഒരു ഹെക്ടറിൽ നിന്ന് 20 ടൺ വിളവ്, വരൾച്ചാ സഹനശേഷി |



തെങ്ങിനിടയിൽ ഗജേന്ദ്ര ഇനം ചേന: നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ സി.റ്റി. സി. ആർ. ഐ നടപ്പിലാക്കിയ പ്രദർശനത്തോട്ടം



ശ്രീ ശുഭ്ര ആഫ്രിക്കൻ കാച്ചിലിനം: ഇരുപത്തിയഞ്ചു വർഷത്തിലേറെ പ്രായമുള്ള തെങ്ങിൻ തോപ്പിൽ ഉത്തമം



ശ്രീ രക്ഷ മൊസൈക് വൈറസ് പ്രതിരോധവും വരൾച്ചാ പ്രതിരോധ ശേഷിയുമുള്ള മരിച്ചീനി ഇനം



ഭൂ സോന : ഓറഞ്ച് നിറമുള്ള മധുരക്കിഴങ്ങ്, 125 ഗ്രാം തൂക്കമുള്ള ഒരു കിഴങ്ങ് അഞ്ചു വയസ്സിൽ താഴെയുള്ള ഒരു കുഞ്ഞിന്റെ ഒരു ദിവസത്തെ മൊത്തം വിറ്റാമിൻഎ നൽകുന്നു



തെങ്ങിനിടയിൽ ഗജേന്ദ്ര ഇനം ചേന

**പട്ടിക 2: തെങ്ങിനിടയിൽ കിഴങ്ങുവിള ഇടവിളക്കൃഷിയുടെ ശാസ്ത്രീയ മാർഗങ്ങൾ**

| ഇടവിള | നടീൽ സമയം | യോജിച്ച ഇനങ്ങൾ | നടീൽ രിതി, നടീൽ അകലം, ഒരു ഹെക്ടറിൽ നടാവുന്ന കിഴങ്ങുവിളയുടെ എണ്ണം | വളപ്രയോഗം | | വിള ദൈർഘ്യം (മാസം) |
|---|---|---|---|---|---|---|
| | | | | കാലി വളം ടൺ/ഹെക്ടർ | എൻ.പി. കെ. കിലോഗ്രാം / ഹെക്ടർ | |
| മരച്ചിനി | മെയ് -ജൂൺ | ശ്രീ പവിത്ര ശ്രീ രക്ഷ | കൂന 90X90 സെ മീ (9,000 ചെടി) | 9 | 50:50:100 | 8–10 |
| ചേന | മാർച്ച് -ഏപ്രിൽ | ശ്രീ ആതിര ശ്രീ പദ്മ ഗജേന്ദ്ര | കുഴി 90X90 സെ.മീ (9,000 ചെടി) | 20 | 26:20:33 | 8–9 |
| നാടൻ കാച്ചിൽ | ഏപ്രിൽ -മെയ് | ശ്രീ കീർത്തി ശ്രീ സ്വാതി | കുഴി 90X90 സെമീ (9,000 ചെടി) | 9 | 80:60:80 | 8–9 |
| ചെറു കിഴങ്ങ് | ഏപ്രിൽ - മെയ് | ശ്രീ ലത | കുഴി 75X75 സെ മീ (12000 ചെടി) | 9 | 60:30:60 | 7 |
| ആഫ്രിക്കൻ കാച്ചിൽ | എപ്രിൽ -മെയ് | ശ്രീ പ്രിയ ശ്രീ ഹരിത | കുഴി 90:90 സെമീ (9,000 ചെടി) | 9 | 80:60:80 | 8–9 |
| കൂവ | മെയ് -ജൂൺ | നാടൻ | ഉയർത്തിയ ബെഡ്ഡുകൾ 30X15 സെ മീ (130000 ചെടി) | 10 | 50:25:75 | 9–10 |

ചേന, ചേമ്പ്, കൂവ തുടങ്ങിയവയുടെ പല ഇനങ്ങളും തണൽ കൂടുതലായുള്ള തെങ്ങിൻ തോപ്പിലും വിജയകരമായി കൃഷി ചെയ്യാം. കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന ദോഷങ്ങളെ മറികടക്കാനായുള്ള ക്ലൈമറ്റ് സ്മാർട്ട് കൃഷി സമ്പ്രദായങ്ങൾക്ക് അനുയോജ്യമായ ഇനങ്ങളും കൃഷി മുറകൾക്കും, പുറമെ നിന്നുള്ള ഇൻപുട്ടുകളുടെ അളവ് കുറയ്ക്കേണ്ടുന്ന ആവശ്യകതകൾക്കും എല്ലാം വളരെ അനുകൂലമായ വിളകളാണിവയെന്ന് സി ടി സി ആർ ഐ നടത്തിയ പഠനങ്ങൾ കാണിക്കുന്നു.

കിഴങ്ങുവിള ഇടവിള കൃഷി തെങ്ങിന്റെ വിളവിൽ അഞ്ചു മുതൽ പതിനഞ്ചു ശതമാനം വരെ വർദ്ധന ഉണ്ടാക്കുന്നുണ്ട്. നാടൻ കാച്ചിൽ, ചെറുകിഴങ്ങ്, ചേന, പാൽ ചേമ്പ്, കൂവ എന്നീ വിളകൾ ഇടവിളകളായി ഉത്തമം. നല്ല സൂര്യപ്രകാശം ലഭിക്കുന്ന തൈ തെങ്ങിനിടയിലും ഇരുപത്തഞ്ച് വർഷത്തിൽ കൂടുതൽ പ്രായമുള്ള ഉയരമുള്ള തെങ്ങിൻ തോപ്പിലും മരച്ചീനിയും മധുരക്കിഴങ്ങും കൃഷി ചെയ്യാം. ഇടവിള കൃഷിയിൽ ശ്രദ്ധിക്കേണ്ടുന്ന പ്രധാന കാര്യങ്ങൾ പട്ടിക 2ൽ കൊടുത്തിട്ടുണ്ട്.

തെങ്ങധിഷ്ഠിത മിശ്ര വിളകൃഷിയിൽ ഇപ്രകാരം കിഴങ്ങുവിളകൾ ഉൾപ്പെടുത്തുന്നത് യൂണിറ്റ് സ്ഥലത്തു നിന്നുള്ള കാർബൺ പുറന്തള്ളലിന്റെ തോത് കുറയ്ക്കാനും പുറമെ നിന്നുള്ള ഇൻപുട്ടുകളുടെ അളവ് ക്രമേണ കുറയ്ക്കാനും അതുവഴി ദീർഘകാല സുസ്ഥിര കൃഷിയും സുസ്ഥിര, ആരോഗ്യ ഭക്ഷ്യ ഉത്പാദനവും സാധ്യമാക്കാൻ കഴിയും.

# ഭക്ഷ്യയോഗ്യമായ സവിശേഷ നാളികേര ഇനങ്ങൾ

**മായാലക്ഷ്മി, ഷെരീഫ എം, റെജി ജേക്കബ് തോമസ്**
ഐസിഎആർ-സിപിസിആർഐ, പ്രാദേശിക കേന്ദ്രം, കായംകുളം



കേര കർഷകർക്ക് ആദായം മെച്ചപ്പെടുത്തുന്നതിനായി നാളികേരത്തിൽ നിന്നുള്ള ഉൽപ്പന്ന വൈവിധ്യവൽക്കരണ സമീപനങ്ങൾ വർധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്.

ഉപഭോക്തൃ താൽപര്യങ്ങൾക്കു മുൻഗണന ലഭിക്കുന്ന സ്വഭാവ സവിശേഷതകൾക്കായി പ്രജനന പദ്ധതികളിൽ ഉൾപ്പെടുത്താൻ കഴിയുന്ന കൗതുകമുളവാക്കുന്ന ചില ജനിതക വൈവിധ്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മൃദുവായ ഉൾക്കാമ്പുള്ള തൈരു തേങ്ങ, ഭക്ഷ്യയോഗ്യമായ തൊണ്ടുള്ള കൈതതാളി, മധുര തേങ്ങ, പിങ്ക് തൊണ്ടോടു കൂടിയ തേങ്ങ എന്നിവ നാളികേര വൈവിധ്യം മെച്ചപ്പെടുത്തുന്നതിന് വളരെയധികം സാധ്യതയുള്ള മ്യൂട്ടന്റുകളാണ്.

### തൈര് തേങ്ങ (Makapuno/ buttery coconut)

പശ്ചിമ തീര നേടിയ ഇനം തെങ്ങിലെ ചില തേങ്ങകളിൽ ഉള്ളിൽ വെള്ളമില്ലാതെ ഉൾക്കാമ്പ് തൈര് പോലെ നിറഞ്ഞിരിക്കുന്നതായി കാണാം. തൈര് തേങ്ങ എന്ന് പ്രാദേശികമായി അറിയപ്പെടുന്ന ഈ തേങ്ങകൾ കൊപ്രയ്ക്ക് അനുയോജ്യമല്ലെങ്കിലും ഭക്ഷ്യ യോഗ്യമാണ്.

മകപുനോ തേങ്ങ പ്രോസസ്സിംഗ് ചെയ്യാതെ നേരിട്ട് ഡെസ്സർട്ട് ആയി കഴിക്കാം. ഫിലിപ്പിനോ പാചകരീതിയിൽ, മക്കാപുനോ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു, പരമ്പരാഗത മധുരപലഹാരങ്ങളായ ഹാലോഹാലോ, പാസ്റ്റിലാസ് എന്നിവയിൽ ഒരു ഘടകമായി ഉപയോഗിക്കാം. ഐസ്ക്രീമുകൾ, പേസ്ട്രികൾ, കേക്കുകൾ, മിഠായികൾ, പാനീയങ്ങൾ എന്നിവയുൾപ്പെടെയുള്ള സംസ്കരിച്ച ഭക്ഷ്യ ഉൽപന്നങ്ങളിലും ഇത് വ്യാപകമായി ഉപയോഗിക്കുന്നു. ഫിലിപ്പീൻസിൽ വ്യാവസായികമായി ഉല്പാദിപ്പിക്കുന്ന മകപുനോ തേങ്ങ പോലെ ഉൾക്കാമ്പ് ജെല്ലിപോലെയുള്ള തേങ്ങ വളരെ മുൻപ് തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മകപുനോ ഒരു ജീനിലുള്ള ജനിതക വ്യതിയാനംമൂലമാണ് ഉണ്ടാകുന്നത്. സീഷെൽസിലെ 'കൊക്കോ ഗ്രാ', ഇന്തോനേഷ്യയിലെ'കോയ്പോർ', ശ്രീലങ്കയിലെ 'ഡിക്രി പോൾ', തായ്‌ലൻഡിലെ 'മഫറാവോ ഖാതി', മലേഷ്യയിലെ 'ക്ലാപദദ', വിയറ്റ്നാമിലെ 'കേയ് ദുവാ ബോങ്', പാപുവ ന്യൂ ഗിനിയയിലെ 'നിയു ഗരുക്' തുടങ്ങി നാളികേര കൃഷി ചെയ്യുന്ന രാജ്യങ്ങളിൽനിന്നും സമാനമായ മ്യൂട്ടന്റുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മകപുനോ തേങ്ങകൾ സാധാരണ തേങ്ങകളിൽ നിന്ന് പുറമെ നോക്കിയാൽ തിരിച്ചറിയാൻ സാധിക്കില്ല. മകപുനോ തേങ്ങകളിൽ ഉയർന്ന തോതിൽ പഞ്ചസാരയും അമിനോ അമ്ലങ്ങളും അടങ്ങിയിട്ടുണ്ട്. സാധാരണ മൂപ്പെത്തിയ നാളികേരത്തെ അപേക്ഷിച്ചു കൊഴുപ്പിന്റെ (lipid) അളവ് മകപുനോ തേങ്ങയിൽ കുറവായി കാണുന്നു. ഇതിനു പുറമെ സിട്രിക്, മാലിക് ആസിഡുകളുടെ സാന്നിധ്യവും മകപുനോ തേങ്ങയുടെ കാമ്പിനു സവിശേഷ സ്വാദ് നൽകുന്നു. സാധാരണ വലിപ്പത്തിലുള്ള ഭ്രൂണം കാണപ്പെടുമെങ്കിലും സ്വാഭാവിക സാഹചര്യങ്ങളിൽ ഇവ മുളയ്ക്കാ

റില്ല. എങ്കിലും എംബ്രിയോ കൾച്ചർ രീതിയിലൂടെ ഇവയെ മുളപ്പിച്ചെടുക്കാവുന്നതാണ്. ഇത്തരത്തിലുള്ള തെങ്ങിന്റെ തൈകൾ വ്യാവസായിക അടിസ്ഥാന ത്തിൽ ഉൽപ്പാദിപ്പിച്ചെടുക്കുന്നതിനു ടിഷ്യു കൾച്ചർ പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള തേങ്ങയുടെ ഉത്പാദനം കൂട്ടുന്നത് ഉൽ പ്പന്ന വൈവിധ്യവൽക്കരണത്തിനു പുതിയ അവസരങ്ങൾ സൃഷ്ടിക്കും.

### പേരിലെന്ത് ?

തൈര് തേങ്ങകൾ വിവിധ രാജ്യങ്ങളിൽ വ്യത്യ സ്ഥ പേരുകളിലാണ് അറിയപ്പെടുന്നത്.ഈ പേരുക ളും അവയുടെ ഉത്പത്തിയും ചുവടെ സൂചിപ്പിക്കുന്നു.

**മകപുനോ :** ഫിലിപ്പീൻസിലെ ഗോത്ര വർഗ ഭാഷ യായ ടാഗലോഗിൽ ഉള്ളിൽ നിറഞ്ഞിരിക്കുന്നത് എന്ന അർത്ഥമാണ് മകപുനോ എന്ന വാക്കിനുള്ളത്. തൈര് പോലെ ഉള്ളിൽ കാമ്പ് നിറഞ്ഞിരിക്കുന്നതുകൊണ്ട് ഈ പേര് വന്നിരിക്കാം.

**കേലപ പുവാൻ:** ഇന്തോനേഷ്യൻ ഭാഷയിൽ പെൺ തേങ്ങാ എന്നർത്ഥം . ഇത് കാമ്പിന്റെ മൃദുത്വത്തെ സൂചിപ്പി ക്കുന്നു കേലപ കോപ്യോർ: ജാവനീസ് ഭാഷയിൽ ചിക്കിയ തേങ്ങാ എന്നർത്ഥം. മുട്ട ചിക്കിയതുപോലെയുള്ള ഉള്ളിനെ സൂചിപ്പിക്കുന്നു.

### മധുരമുള്ള തൊണ്ടോടുകൂടിയ തേങ്ങ 'കൈത താളി' (Sweet husked coconut)'

ചിലയിനം തെങ്ങുകളിൽ ഇളം വെള്ളയ്ക്കകളിൽ പഞ്ചസാരയുടെ അംശം കൂടുതലും പുറം തൊണ്ടി ൽ ടാനിൻ അംശം കുറവായും കാണപ്പെടുന്നതായി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൊണ്ടിൽ നാരുകൾ കുറവാ യതിനാൽ കരിമ്പുപോലെ ചവച്ച് കഴിക്കാൻ കഴിയും. കേരളത്തിൽ കൈത താളി എന്നറിയപ്പെടുന്ന ഇത് ക ടൽ ചൊരുക്കിനുള്ള മരുന്നായി ഉപയോഗിക്കുന്നു. ശ്രീലങ്കയിലെ നവസി തെമ്പിളി ഇന്തോനേഷ്യയിലെ കൽപ ടെബു, മലേഷ്യയിലെ കൽപ ലോഗി, ഫിലിപ്പീൻ സിലെ കുയാമിസ്, കൗമാനിസ്, തബൽ, തമിസൻ, മെയ്സ്, തായ്ലൻഡിലെ പെറുഗ്വാൻ ന്യൂ കാലിഡോണിയയിലെ 'നു വാ' അല്ലെങ്കിൽ കൊക്കോസ് സുക്രേ എന്നിവയെല്ലാം വിവിധ രാജ്യങ്ങളിലെ മധുര തൊണ്ടുള്ള ഇനങ്ങളാണ്.

### സുഗന്ധമുള്ള പച്ച തേങ്ങ (Aromatic Green Coconut)

സുഗന്ധമുള്ള പച്ച തേങ്ങ അഥവാ ആരോമാറ്റിക് ഗ്രീൻ ഡ്വാർഫ് എന്നതു മറ്റൊരു ജനപ്രിയമായതും വിശേഷപെട്ട തുമായ തെങ്ങിന്റെ വിഭാഗത്തിൽ പെട്ടതാണ്. ഇവയുടെ ഇളനീരിനും കാമ്പിനും തനതായ രുചിയും ഒരു പ്രത്യേക സുഗന്ധവും ഉണ്ട്. നാം ഹോം എന്ന് വിളിക്കപ്പെടുന്ന തായ്ലൻഡിലെ കുറിയ ഇനത്തിൽപ്പെട്ട ഇവയുടെ, വെള്ള ത്തിലും കാമ്പിനും കൈതപ്പൂവിന്റെ സുഗന്ധമാണ്.

തായ്ലൻഡിൽ സാധാരണയായി കാണപ്പെടുന്ന 'മു സി കിയോ' എന്ന കുറിയ ഇനത്തിൽ നിന്നും നാച്ചുറൽ മ്യൂട്ടേഷൻ വഴിയാണ് ആരോമാറ്റിക് ഗ്രീൻ ഡ്വാർഫിന്റെ ഉത്ഭവം. ആരോമാറ്റിക് നാളികേരം ഉയർന്ന മൂല്യമുള്ള ഉൽപ്പന്നമായി കണക്കാക്കപ്പെടുന്നു. ഇത് തായ്ലൻഡിലെ ഒരു പ്രധാന കാർഷിക ഉൽപ്പന്നമാണ്, കൂടാതെ, ഇതി ന്റെ കയറ്റുമതി ആവശ്യകതകൾ വർഷം തോറും വർ ദ്ധിച്ചു വരുന്നുണ്ട്. മലേഷ്യയിൽ 'ക്ലാപവാംഗി' എന്നാണ് ഇത് അറിയപ്പെടുന്നത്. 2 അസെറ്റൈൽ 1 പൈറോലിൻ (2AP) എന്ന അസ്ഥിര സംയുക്തം മൂലമാണ് ആരോമാ




റ്റിക് തേങ്ങയിൽ കാണപ്പെടുന്ന കൈതപ്പൂ പോലെയു ള്ള അല്ലെങ്കിൽ പോപ്കോൺ പോലെയുള്ള സുഗന്ധ ത്തിനു കാരണം.

പാകമായ നാളികേരത്തിന്റെ കാമ്പ് കനം കുറ ഞ്ഞതും മിനുസമാർന്നതും ഭ്രൂണത്തെ പൊതിഞ്ഞ പൊക്കിൾ പോലെ കാണപ്പെടുകയും ചെയ്യുന്നു. ആരോമാറ്റിക് ഗ്രീൻ ഡ്വാർഫ് വളരെ വൈകി മുളയ്ക്കുന്ന വിഭാഗത്തിൽ പെടുന്ന കുള്ളൻ ആണെങ്കിലും നട്ടു മൂ ന്ന് വർഷത്തിനകം കായ്ച്ചു തുടങ്ങുന്നു. ഇവയുടെ പ്ര ത്യേക സുഗന്ധം ഒരു മൂല്യവർദ്ധിത സ്വഭാവമായി കണ ക്കാക്കപ്പെടുന്നതിനാൽ, ഈ സ്വഭാവമുള്ള ഉൽപ്പന്നങ്ങൾക്ക് സാധരണ നാളികേരത്തെക്കാൾ പ്രീമിയം വില ആവ ശ്യപ്പെടാം.

### മധുര കാമ്പുള്ള തേങ്ങ (sweet kernel coconut)

മധുര കാമ്പുള്ള തേങ്ങ മറ്റൊരു ജനിതക വ്യതിയാനം സംഭവിച്ച ഒരു തെങ്ങിനമാണ്. ഇവയുടെ കാമ്പിനു വളരെ നല്ല മധുരമുള്ളതിനാലും നാരുകൾ ഇല്ലാത്തതിനാലും, വളരെ കുറവായതിനാലും ഇത്തരം നാളികേരം തീൻ മേശ യിലെ പ്രിയപ്പെട്ട സലാഡുകളായി ഉപയോഗപ്പെടുത്തുന്നു. 'മോഹചോ നരേൽ' പേരിലറിയപ്പെടുന്ന ഇവ ഇന്ത്യയിലെ മഹാരാഷ്ട്ര സംസ്ഥാനത്തെ രത്നഗിരി ജില്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്തെ കർഷകർ ക്ക് മധുരമുള്ള നാളികേരത്തിന് പ്രീമിയം വില ലഭിക്കു ന്നു. ഇവ പ്രധാനമായും ഡെസേർട്ട് ആയി നേരിട്ട് ഉപ യോഗിക്കുന്നു.





**പിങ്ക് തൊണ്ടുള്ള തേങ്ങ (Pink husked coconut types)**

പിങ്ക് തൊണ്ടുള്ള തേങ്ങകൾ പ്രത്യക്ഷത്തിൽ സാധാരണ പോലെയാണെങ്കിലും നാളികേരത്തിന്റെ തൊപ്പി മാറ്റിയാൽ മോട ഭാഗത്ത് പ്രകടമായ പിങ്ക് നിറം കാണിക്കുന്നു. ചില തെങ്ങുകളിൽ തേങ്ങയിലെ മുളയ്ക്കും പിങ്ക് നിറം കാണപ്പെടും. പൂങ്കുല വിരിയുമ്പോൾ വെള്ളയ്ക്കകളും പിങ്ക് നിറത്തിൽ കാണപ്പെടും.

പൂങ്കുല വിരിയുമ്പോൾ കടുത്ത പിങ്ക് നിറമുള്ള വെള്ളയ്ക്കകളിൽ തുടർന്നുള്ള ദിവസങ്ങളിൽ ക്രമേണ നിറം മങ്ങുന്നു. പിങ്ക് തൊണ്ടുള്ള ജനിതക മാറ്റം സംഭവിച്ച തെങ്ങിന് ചില ഔഷധ ഗുണങ്ങളുണ്ടെന്ന് കർഷകർ അവകാശപ്പെടുന്നു. മഞ്ഞപ്പിത്തം ഭേദമാക്കുന്നതിനും ഇളനീർ കുഴമ്പ് എന്നറിയപ്പെടുന്ന മരുന്ന് തയ്യാറാക്കുന്നതിനും തിമിരം ഉൾപ്പെടെയുള്ള നിരവധി നേത്ര അണുബാധകൾ ചികിത്സിക്കുന്നതിനും ഇത് പരമ്പരാഗത മരുന്നുകളുടെ കൂടെ ഉപയോഗിക്കുന്നു. ഔഷധ ഗുണം ഉള്ളതിനാൽ, ഇത്തരത്തിലുള്ള തെങ്ങുകളിലെ കരിക്ക് വിപണിയിൽ ഇരട്ടി വിലയ്ക്ക് വിൽക്കുന്നു.

തെങ്ങിൽ ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുള്ള പല പ്രത്യേക സ്വഭാവ സവിശേഷതകളെക്കുറിച്ചും ശാസ്ത്രീയ പഠനങ്ങൾ കുറവാണ്. തെങ്ങിൽ നിരവധി വൈവിധ്യങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, ഒരോ പ്രദേശങ്ങളിലും ഇങ്ങനെയുള്ള അപൂർവമായി കാണപ്പെടുന്ന സ്വഭാവ സവിശേഷതകൾ കൂടുതൽ പഠിക്കുകയും ജനിതക സ്വഭാവം രേഖപ്പെടുത്തേണ്ടതും അനിവാര്യമാണ്. ജനിതക വ്യതിയാനം വഴി ഉണ്ടാകുന്ന ഇത്തരം സ്പെഷ്യൽ തെങ്ങുകൾ സംരക്ഷിക്കുകയും ഇവയുടെ തനതായ തൈകൾ ഉത്പാദിപ്പിച്ചു പ്രജനനം നടത്തേണ്ടതുമാണ്. നൂതനമായ സ്വഭാവ സവിശേഷതകളുള്ള തെങ്ങുകൾ കർഷക പങ്കാളിത്ത സമീപനങ്ങളിലൂടെ അതാതു സ്ഥലത്തു തന്നെ സംരക്ഷിക്കപ്പെടണം.

## 'കേരഗ്രാമം പദ്ധതി' ഉദ്ഘാടനത്തിൽ നാളികേര വികസന ബോർഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പങ്കെടുത്തു

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 2024 ജനുവരി 6ന് സംഘടിപ്പിച്ച 'കേരഗ്രാമം പദ്ധതി' ഉദ്ഘാടനത്തിൽ നാളികേര വികസന ബോർഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സിഐടി) പങ്കെടുത്തു. കയർ, നിയമ, വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന കർഷക സെമിനാറിൽ സിഐടി ട്രെയിനർ ശ്രീമതി. അനീറ്റ ജോയ് നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സിഐടി സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികൾ, നാളികേര ടെക്നോളജി മിഷൻ എന്നിവയെ കുറിച്ച് കർഷകർക്ക്



ക്ലാസുകളെടുത്തു. കൂടാതെ വിവിധമൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും ഇതോടൊപ്പം സംഘടിപ്പിച്ചു.

# നാളികേരം നേരിടുന്ന പ്രശ്നങ്ങൾ : നാളികേര കർഷകനുമായി അഭിമുഖം

**ടി. എസ്. വിശ്വൻ**
കൃഷി ഓഫീസർ (റിട്ട), ആലപ്പുഴ

കേരളത്തിന്റെ പ്രധാനപ്പെട്ട നാണ്യവിളയും ഏറ്റവും കൂടുതൽ സ്ഥലത്തു കൃഷിയുള്ളതും തെങ്ങാണ്. തെങ്ങുകൃഷി അഭിമാനകരമായ ഒരു വിളയായി കണ്ടിരുന്ന നാളുകൾ അകലുകയാണോ?

പുതുതായി തെങ്ങിൻ തൈകൾ നട്ടുവളർത്താൻ മുന്നോട്ടു വരുന്നവരുടെ എണ്ണം കുറയുകയാണോ? തെങ്ങുകൃഷിയിലെ പ്രതിസന്ധികൾ അതിജീവിച്ച് നമ്മുടെ കൽപവൃക്ഷത്തിന് ഒരു സമ്പന്നകാലം ഉറപ്പിക്കാനുതകുന്ന മാർഗ്ഗങ്ങളെന്തെല്ലാം?

ആലപ്പുഴ ജില്ലക്കാരൻ ആണെങ്കിലും നല്ല തോതിൽ നാളികേര കൃഷി നടത്തണമെന്ന ആഗ്രഹം കൊണ്ട് മുപ്പതു വർഷം മുമ്പ് പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ മുതലമട എന്ന സ്ഥലത്ത് പത്തേക്കർ തരിശ് ഭൂമി വാങ്ങി നാളികേര കൃഷി ആരംഭിച്ച കേരകർഷകനാണ് ശ്രീ. കെ. പി. നടരാജൻ. തൃശൂർ ജില്ലയിൽ മണ്ണുത്തിയിലുള്ള സൗത്തിൻഡ്യൻ അഗ്രിക്കൾച്ചർ ഫാമിന്റെ ഉടമയുമാണ്. ശ്രീ. നടരാജനുമായി നടത്തിയ അഭിമുഖം.

**ഒട്ടേറെ അനുഭവസമ്പത്തുള്ള ഒരു കർഷകനാണ് താങ്കൾ. പാലക്കാട് ജില്ലയിൽ പാർവ്വതി കോക്കനട് ഫാം എന്ന പേരിൽ സ്വന്തമായി ഒരു തെങ്ങിൽ തോട്ടം തന്നെ നടത്തുന്നുണ്ട്. ആ നിലയിൽ തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ വിശദമാക്കാമോ?**

തീർച്ചയായും. ഞാൻ മുപ്പതു വർഷം മുമ്പ് മുതലമട എന്ന സ്ഥലത്തു തെങ്ങുകൃഷി തുടങ്ങുമ്പോൾ വലിയ അഭിമാനമായിരുന്നു. സ്നേഹിതന്മാർ പലരും ഉപദേശിച്ചത് കാപ്പിയോ, ഏലമോ റബ്ബറോ കൃഷി ചെയ്യാനാണ്.



ഫാം ഉടമ ശ്രീ. കെ. പി. നടരാജൻ




തെങ്ങുകൃഷിക്ക് കേരളത്തിൽ ഭൂപരിധിയുണ്ട്. ഈ പറഞ്ഞ വിളകൾക്ക് ഭൂപരിധി ഇല്ല. അതാണ് അവർ കണ്ടത്. പക്ഷേ എനിക്ക് അന്നും ഇന്നും തെങ്ങ് കല്പവൃക്ഷമാണ്. എന്റെ നാടായ ചേർത്തല പ്രദേശത്ത് പലസ്ഥലത്തും തെങ്ങിനു കാറ്റുവീഴ്ച രൂക്ഷമായിരുന്നു. ചിറ്റൂർ താലൂക്കിലെ മണ്ണും കാലാവസ്ഥയും അനുകൂലമെന്നു മനസ്സിലാക്കി. അങ്ങനെയാണ് അഞ്ഞൂറോളം തെങ്ങിൻ തൈകൾ ഇവിടെ നട്ടുപരിപാലിച്ചത്. അതിൽ നിന്നു നല്ല ആദായമാണ് പിന്നീടു ലഭിച്ചത്.

**ഏതെല്ലാം ഇനം തൈകളാണ് അന്നു തിരഞ്ഞെടുത്തത്? കൃഷിരീതികൾ എങ്ങനെയൊക്കെ ആയിരുന്നു?**

മണ്ണുത്തിയിൽ ഞങ്ങൾക്കു സ്വന്തമായി വിവിധ തരം തൈകളും സസ്യസംരക്ഷണ ഉപാധികളും വിപണനം ചെയ്യുന്ന സ്ഥാപനമുണ്ട്. അവിടെ നിന്നുള്ള കുറ്റ്യാടി, ഡി x റ്റി, മലയൻ ഗ്രീൻ, ഗൗരി ഗാത്രം എന്നീ ഇനങ്ങളാണ് ഇവിടെ നട്ടത്. മൂന്നിൽ രണ്ടു ഭാഗവും കുറ്റ്യാടി തൈകളായിരുന്നു. ശാസ്ത്രീയമായ കൃഷിരീതിയാണ് സ്വീകരിച്ചത്. തെങ്ങിന്റെ കാര്യത്തിൽ ശാസ്ത്രീയരീതികൾ തന്നെ വേണമെന്ന അഭിപ്രായക്കാരനാണു ഞാൻ. എന്നാൽ പലരും അതു തെറ്റിച്ചാണ് കൃഷി ചെയ്യുന്നത്.

**ഏതെല്ലാം ശാസ്ത്രീയ രീതികളായിരുന്നു സ്വീകരിച്ചത്?**

രണ്ടു തൈകൾ തമ്മിലുള്ള അകലം നാൽപതടിയായിരുന്നു. ഒരു മീറ്റർ വ്യാസമുള്ള കുഴികളെടുത്താണ് നട്ടത്. അടിവളമായി പൊടിഞ്ഞ ചാണകം, പച്ചിലകൾ, എല്ലുപൊടി, ചാരം എന്നിവ കുഴിയിൽ



ഇട്ടു. തൈകൾക്ക് വർഷത്തിൽ 4 തവണ കൃത്യമായി എൻ പി കെ രാസവളങ്ങൾ നൽകിയിരുന്നു. വേനൽക്കാലത്തു ജലസേചനവും മുടങ്ങാതെ നൽകി. അതിന്റെ ഫലവും കണ്ടു. കുറിയയിനങ്ങളും സങ്കരയിനങ്ങളും മൂന്നും നാലും വർഷത്തിനുള്ളിൽ കായ്ഫലമായി. കുറ്റ്യാടി അഞ്ചും ആറും വർഷത്തിലും കായ്ചു തുടങ്ങി.

**ജലസേചനത്തെക്കുറിച്ചു പറഞ്ഞല്ലൊ ഏത് രീതിയിലുള്ള മാർഗ്ഗങ്ങളാണ് അതിനു സ്വീകരിച്ചത്?**

ആദ്യത്തെ ഏഴെട്ടു വർഷം സാദാ പമ്പുസെറ്റു വച്ചുള്ള നനയായിരുന്നു. കുളങ്ങളിൽ നിന്നു വെള്ളമെടുത്തു. പിന്നീടു മുഴുവൻ ഡ്രിപ്പ് നനയാക്കി. മുന്നൂറടി താഴ്ചയിൽ നിന്നുള്ള വെള്ളമെടുക്കാൻ മൂന്നു സബ്‌മെഴ്സിബിൾ പമ്പുസെറ്റ് സ്ഥാപിച്ചതുണ്ട്. നാൽപതടി താഴ്ചയിലാണ് പമ്പു സെറ്റ് വെച്ചിട്ടുള്ളത്. അമ്പതിനായിരം ലിറ്റർ ഉൾകൊള്ളുന്ന ടാങ്കിലേക്ക് ആദ്യം വെള്ളം നിറക്കും. 20 എച്ച്പി, 15 എച്ച്പി, 10 എച്ച് പി പമ്പുസെറ്റുകളാണ് സ്ഥാപിച്ചിരിക്കുന്നത്. വെള്ളം കൊണ്ടു പോകുന്നതിന് ജി ഐ പൈപ്പുകളും പോളി പൈപ്പുകളും ഉപയോഗിച്ചിട്ടുണ്ട്. തെങ്ങിനും ഇടവിളകൾക്കുമെല്ലാം വെള്ളം തുള്ളി നനയാണ്. കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ഈ സിസ്റ്റം സ്ഥാപിച്ചത്. ഏറ്റവുമടുത്ത കൃഷി വിദഗ്ദ്ധരുടെ ഉപദേശങ്ങൾ സ്വീകരിച്ചാണ് എന്റെ കൃഷി മുന്നോട്ടു പോകുന്നത്. നാളികേര ബോർഡിലെ മുൻ മുഖ്യ നാളികേര വികസന ഓഫീസറായിരുന്ന ശ്രീ. പി. കെ. തമ്പാന്റെ സാഹായം ലഭിച്ചിട്ടുണ്ട്.



**ഈ തെങ്ങിൻ തോപ്പ് സാമാന്യം നന്നായിട്ടാണ് പരിപാലിക്കുന്നത് എന്നു മനസ്സിലായി. ഇടവിളകളും കൃഷി ചെയ്യുന്നു. ഇവിടുത്തെ കാർഷിക ജോലികളും തൊഴിലാളികളുടെ കാര്യങ്ങളും എങ്ങനെയാണ്?**

എല്ലാ ദിവസവും ഇരുപതു തൊഴിലാളികൾക്ക് സ്ഥിരം ജോലിയുണ്ടാകും. എല്ലാവരും തമിഴാണ് സംസാരിക്കുന്നതെങ്കിലും ഫാമിന്റെ സമീപമാണ് താമസം. ട്രാക്റ്റർ കൊണ്ടു വന്ന് പറമ്പ് ഉഴുതിടാൻ മാത്രം പുറമെ നിന്ന് ആളുവരും.

**ഇരുപത് പേർക്ക് ഈ ഫാമിൽ സ്ഥിരമായജോലി എന്നു പറഞ്ഞാൽ ?**

പല സെക്ക്ഷനായിട്ടാണ് തൊഴിലാളികൾക്ക് ജോലി. ഒരു കൂട്ടർ തടം തുറക്കും. ഒരു കൂട്ടർ കളകളും പച്ചിലകളും ശേഖരിച്ച് തടത്തിൽ നിറയ്ക്കും. വളമിടുന്നതിന് മറ്റൊരു കൂട്ടർ. നനയുടെ കാര്യങ്ങൾക്കു കുറച്ചു പേരുണ്ട്. തേങ്ങ വിളവെടുക്കാൻ പ്രത്യേകം ആളുകളുണ്ട്. ഇടവിളകളുടെ കാര്യം നോക്കാനും തൊഴിലാളികളുണ്ട്.

**യന്ത്രം വച്ചു കയറിയാണോ തെങ്ങിലെ വിളവെടുപ്പ് ?**

അല്ല. ഞങ്ങൾ തയ്യാറാക്കിയ പ്രത്യേകം തോട്ടി ഉപയോഗിച്ചാണ്. താഴെ നിന്ന് കുല ചെത്തി വീഴ്ത്തും. തോട്ടി തിരിച്ച് നീളം കൂട്ടാം. വർഷങ്ങളായി അങ്ങനെയാണ്.

**ഇടവിളകളുടെ കാര്യത്തിൽ ഈ തോട്ടം വളരെയധികം പ്രാധാന്യമാണു കൊടുത്തിരിക്കുന്നത്. എന്തെല്ലാം വിളകളാണ് ഇവിടെയുള്ളത്? അവയിൽ നിന്നുള്ള ആദായം എന്താണ്?**

ഞങ്ങൾ തെങ്ങിൻ തോട്ടം ആരംഭിക്കുമ്പോൾ ഇടവിള കൃഷി മനസ്സിലുണ്ട്. രണ്ടു തൈകൾ തമ്മിലുള്ള അകലം ഇവിടെ നാൽപതടിയാണ്. വരികൾ തമ്മിലും അതെ. അതുകൊണ്ടാണ് മാവും പ്ലാവും സപ്പോട്ടയും ഞാവലും വരെ ഈ തെങ്ങുകൾക്കിടയിൽ നന്നായി വളരുന്നത് പിന്നെ സീസണ്‍ നോക്കി പച്ചക്കറികളും കൃഷി ചെയ്യും. പാവലും പടവലവും പയറും വെണ്ടയുമെല്ലാം പ്രത്യേകം ഏരിയകളിൽ കൃഷി ചെയ്യും. കുറെ സ്ഥലത്തു മഞ്ഞളും ഇഞ്ചിയും കൃഷി ചെയ്യും. എല്ലായിനം മാവുകളും ഇവിടെയുണ്ട്. കഴിഞ്ഞ വർഷം മാങ്ങയുടെ വരുമാനം മൂന്നു ലക്ഷം രൂപയിൽ കവിഞ്ഞു. ഈ വർഷം മാവിലെ വരുമാനം കുറയും. സത്യത്തിൽ ഇടവിള കൃ

ഷിയിലെ ആദായം കൂടി ചേർന്നാലെ ഞങ്ങൾക്കു പിടിച്ചു നിൽക്കാൻ പറ്റൂ.

**കേൾക്കുമ്പോൾ അവിശ്വസനീയമായി തോന്നുന്നു. അഞ്ഞൂറു തെങ്ങുകൾ നല്ല കായ്ഫലം തരുന്നു. ഇടവിളകളിൽ നിന്നു നല്ല വരുമാനം. മൊത്തത്തിൽ പാർവ്വതി കൊക്കനട് ഫാം വലിയ തോതിലുള്ള ആദായം പ്രതീക്ഷിക്കണമല്ലോ?**

ആദായം മാത്രം കണക്കുകൂട്ടിയാൽ അങ്ങനെയൊക്കെ പ്രതീക്ഷിക്കാം. പക്ഷേ അങ്ങനെയല്ലല്ലൊ വസ്തുത. കൃഷി ഒരു വ്യവസായം തന്നെയാണ്. ചെലവുകൾ യഥാവിധി ചെയ്താലേ ഉത്പാദനം ഉണ്ടാകൂ. വ്യവസായം ലാഭകരമാകൂ. അതേ സമയം ഉൽപ്പന്നങ്ങളും നന്നായി വിറ്റഴിയണം. എങ്കിലേ വ്യവസായം നല്ല ആദായത്തിലെന്നു പറയാനാവൂ. ഇതു രണ്ടും ഉൽപാദനവും വിപണനവും കൃഷിയിലും ബാധകമാണ്.

ഇന്നു കൃഷി ചെയ്യുന്ന പലരും വേണ്ടതുപോലെ പണം മുടക്കുന്നില്ല. അവർക്ക് ആദായവും കുറയുന്നു. ആദായം കൂടിയാൽ സംഭവിക്കുന്ന വിപണി പ്രശ്നം അവർക്കുണ്ടായില്ലെന്നു വരാം. പക്ഷെ ഇവിടെ അതല്ല സ്ഥിതി. ശാസ്ത്രീയമായ കൃഷി. കൃത്യമായ വളപ്രയോഗം, എൻ പി കെ രാസവളങ്ങൾ ആണ്ടിൽ രണ്ടു തവണ മുടക്കില്ല. വളം ലഭിക്കാതെ വരുമ്പോൾ തമിഴ്നാട്ടിൽ പോയി രാസവളം വാങ്ങും. ജൈവവളങ്ങൾ നിർദ്ദേശിച്ച അളവിൽ നൽകും. ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കാൻ നല്ല ചെലവു വന്നു. അതിനു കുറച്ചു സഹായം കൃഷി വകുപ്പു തന്നിരുന്നു. ഇരുപതിലേറെ സ്ഥിരം ജോലിക്കാരുണ്ട്. കാര്യങ്ങളൊക്കെ ഇവിടെ മാനേജ് ചെയ്യാൻ രണ്ടു പേരുണ്ട്. മറ്റ് ചെലവുകളുമുണ്ടാകും. ഈ ചെലവുകളെല്ലാം കൃത്യമായി സൂക്ഷിക്കുന്നുണ്ട്. അതുകൊണ്ട് ഉത്പ്പാദനം പൂർണമായും ന്യായമായ വിലയ്ക്കു വിറ്റഴിഞ്ഞാലേ കൃഷിയിലെ ആദായത്തെ കുറിച്ച് പറയാനാവൂ. രണ്ടു ദിവസം മുമ്പാണ് നാളികേരം വിറ്റത് ഒന്നിന് ഒൻപതു രൂപവച്ചാണ്. അതിനു മുമ്പ് വിറ്റത് എട്ടര രൂപയ്ക്കാണ്. വിളവെടുത്തു വിൽക്കാൻ പോകുന്നതുവരെയുള്ള ഉത്പാദനച്ചെലവേ ലഭിച്ചുള്ളു. പിന്നെ എവിടെ ആദായം ?

**സർക്കാർ സഹായമുള്ള കൊപ്ര സംഭരണം, നാളികേര സംഭരണം തുടങ്ങിയ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെടുത്തി ?**

ഒട്ടും പ്രയോജനകരമായില്ല. ഒന്നാമത്തെ കാരണം ഞങ്ങളുടെ ഫാം നിൽക്കുന്ന മുതലമട കൃഷിഭവനിൽ സംഭരണമില്ല. രണ്ടാമത് സംഭരിക്കുന്നിടത്ത് നാളികേരം പൊതിച്ചു ചാക്കുകളിലാക്കി കൊണ്ടു ചെല്ലണം. മാത്രമല്ല ഇത്രയും കൂടുതൽ നാളികേരം എടുക്കാനും അവർ തയ്യാറല്ല

**ഇപ്പോൾ തേങ്ങയുടെ വില്പന എങ്ങനെ നടക്കുന്നു ?**

നാളികേരം പൊതിക്കാതെയാണ് കച്ചവടക്കാർ ഇവിടെ വന്നു വാങ്ങുന്നത്. സ്ഥിരമായി വാങ്ങുന്നവരുമുണ്ട്. വില വളരെ താഴെയാണ്.

**ലഭിക്കുന്ന നാളികേരം കൊപ്രയാക്കിയും എണ്ണയാക്കിയും വിപണനം നടത്തിക്കൂടെ? മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ അധിക വില നേടുന്നതിനു ശ്രമിക്കാമല്ലൊ?**

കേൾക്കുമ്പോൾ ശരിയെന്നു തോന്നാം. പക്ഷേ ശരിയല്ല. ശാസ്ത്രീയമായി കൃഷി ചെയ്ത് ഉത്പാദനം കൂട്ടുക എന്നതാണ് യഥാർത്ഥ കർഷകൻ ചെയ്യേണ്ടത്. അവൻ മൂല്യവർദ്ധനവിനായിട്ടു കൂടി പോയാൽ കൃഷി തന്നെ പ്രതിസന്ധിയിലാകും.

**അവസാനമായി ഒരു ചോദ്യം. കേരളത്തിൽ തെങ്ങുകൃഷിയെ ആദായകരവും സുരക്ഷിതവുമായ ഒരു കൃഷിയാക്കി നിലനിർത്താൻ എന്തൊക്കെ കാര്യങ്ങളാണ് അങ്ങേയ്ക്കു നിർദ്ദേശിക്കാനുള്ളത്?**

ഇന്ന് മാർക്കറ്റിൽ വില വളരെ താഴ്ന്ന മായം കലർന്ന വെളിച്ചെണ്ണ സുലഭമായിട്ടുണ്ട്. ഇത് അപകടകരമാണ്. ഇതു കർശനമായി നിയന്ത്രിക്കണം. വെളിച്ചെണ്ണ, ഉരുക്കു വെളിച്ചെണ്ണ, കരിക്ക്, നാളികേരം, മധുരക്കള്ള്, നീര, ചക്കര എന്നിവ ഉത്തമമായ മരുന്നായും ഭക്ഷണമായും നമ്മുടെ പൂർവ്വികന്മാർ കണ്ടെത്തിയത് പുതിയ തലമുറയെ പഠിപ്പിക്കണം. തൊണ്ടും, ചകിരിയും, കയറും ഒക്കെ കേരളത്തിന്റെ മണ്ണിൽ ശക്തിപ്രാപിച്ച തൊഴിൽ സംരംഭങ്ങളാണ്. ഇന്നവയെല്ലാം ഇതര സംസ്ഥാനങ്ങളിലേയ്ക്കു നാം പറഞ്ഞയച്ചു. അവ തിരികെ കൊണ്ടുവരാനുള്ള തീവ്രശ്രമങ്ങൾ നടത്തണം. ചുവരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ എന്നു പറയും പോലെ നല്ല ആരോഗ്യമുള്ള തെങ്ങുണ്ടെങ്കിലേ ഗുണമേന്മയുള്ള തൊണ്ടും, ചകിരിയും, കയറുമൊക്കെ ഉണ്ടാകൂ. അതുകൊണ്ട് തെങ്ങിനെ സ്നേഹിക്കുന്ന കർഷകരോട് എനിക്കു നിർദ്ദേശിക്കാനുള്ളത് ഇതാണ്. നല്ല തെങ്ങിൻ തൈകൾ വേണം നടാൻ. നല്ലതുപോലെ അകലം കൊടുത്തു നട്ടുവളർത്തണം. ഇടവിളകൾ കൃഷി ചെയ്യണം. വളവും വെള്ളവും നൽകിത്തന്നെ തെങ്ങുകൃഷി ചെയ്യണം. വ്യവസായം തുടങ്ങാൻ പണം വേണം. ശാസ്ത്രീയ തെങ്ങുകൃഷിക്കും സാമ്പത്തികമുണ്ടാകണം. അത് വായ്പയായോ മറ്റു തരത്തിലോ സഹായിക്കാൻ സർക്കാരിനും ബാധ്യതയുണ്ട്.

'സമ്പത്തു കാലത്തു തൈ പത്തു വയ്ക്കണ'മെന്ന ചൊല്ല് വളരെ അർത്ഥമുള്ളതാണ്.

**ഇന്ത്യൻ നാളികേര ജേർണലിലേയ്ക്ക് വളരെ വിലപ്പെട്ട അനുഭവങ്ങളും നിർദ്ദേശങ്ങളും പങ്കു വച്ചതിന് പ്രത്യേകം നന്ദി പറയുന്നു.**

തെങ്ങ് കർഷകന് നല്ലൊരു വഴി കാട്ടിയായ നാളികേര ജേർണലിന് അഭിമുഖം തരാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.

# നാളികേരത്തിന്റെ നാട്ടിൽ നിന്നും ഒരു വടക്കൻ വീരഗാഥ

**സദാനന്ദൻ കൊക്കഞ്ഞാത്ത്**
വൈസ് ചെയർമാൻ, വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്





ലോക പ്രസിദ്ധമായ കുറ്റ്യാടി തേങ്ങയുടെ ഗുണമേന്മ അനുഭവിച്ചവരാണ് നാമെല്ലാവരും. കൂടുതൽ വിളവ് തരുന്നത്, ദീർഘകാലം നിലനിൽക്കുന്നതുമായ തെങ്ങ്, ഏറ്റവും കൂടുതൽ എണ്ണ ലഭിക്കുന്ന കൊപ്ര, സ്വാദിഷ്ഠമായതും പോഷക സമ്പന്നവുമായ മറ്റു ഘടകമാണ്. ഇതാണ് വടകര തേങ്ങയുടെ പ്രത്യേകത.

തേങ്ങയുടെ വിലയിടിവിനെ പ്രതിരോധിക്കാൻ 2015ൽ നാളികേര വികസന ബോർഡിന്റെ സാരഥി ശ്രീ. ടി. കെ. ജോസ് ഐ.എ.എസ്സിന്റെ നിർദ്ദേശ പ്രകാരമാണ് കേരളത്തിലെമ്പാടും നാളികേര കർഷകരുടെ കൂട്ടായ്മ രൂപപ്പെട്ടുവരുന്നത്. ഭൂമി ശാസ്ത്രപരമായ ഒരു പ്രദേശത്തെ കുറഞ്ഞത് 100 കർഷകരും 4000 തെങ്ങുകളുമുള്ള അവരുടെ കൂട്ടായ്മയായി കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയു (CPS) അത്തരം ചുരുങ്ങിയത് 10, സിപിഎസ് കൾ കൂടി ചേർന്ന് ഒരു കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷനും (CPF) അത്തരം 10 ഫെഡറേഷനുകൾ കൂടിച്ചേർന്ന് കോക്കനട്ട് പ്രോഡ്യൂസേഴ്സ് കമ്പനി (CPC) രൂപീകരിക്കുക എന്നതായിരുന്നു പദ്ധതി.

തെങ്ങിൽ നിന്ന് തേങ്ങ മാത്രം ഉത്പാദിപ്പിച്ച് ഒരു വർഷം കാത്തിരുന്ന് അത് വിളവെടുത്ത് മാർക്കറ്റിൽ എത്തുമ്പോൾ കിട്ടുന്ന തുച്ഛമായ വിലക്ക് വിൽക്കേണ്ടിവരുന്ന കർഷകന്റെ സങ്കടത്തിനറുതി വരുത്തുവാനും 5 മാസം കൊണ്ട് തെങ്ങിൽ നിന്നുതന്നെ വരുമാനമുണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി നാളികേര വിലയിടിവിനെ കൂട്ടായി പ്രതിരോധിക്കാനുമായിരുന്നു സി.പി.സി. കൾ കൊണ്ട് ലക്ഷ്യമിട്ടിരുന്നത്. 2015-18 കാലങ്ങളിൽ കേരളത്തിൽ ഇത്തരം 29 കമ്പനികൾ രൂപികൃതമായി.

അതിൽ നിന്ന് കോഴിക്കോട് ജില്ലയിലെ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് നീര എന്ന മൂല്യവർദ്ധിത ഉൽപ്പന്ന പ്രചാരണവും നിർമ്മാണവുമാണ് ഇത്തരം പല കമ്പനികളും അന്ന് ഏറ്റെടുത്തിരുന്ന പ്രധാന പദ്ധതികൾ. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അടക്കമുള്ള പ്രമുഖ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കോടികൾ ലോണെടുത്ത് തുടങ്ങിയ ഇത്തരം സംരംഭങ്ങൾ കൃത്യമായി മാനേജ്മെന്റിന്റെ അപര്യാപ്തത. നീരയുടെ ടെക്നോളജിയിലെ സൂക്ഷ്മതകുറവ്, മാർക്കറ്റിങ്ങ്, പരസ്യം എന്നിവയുടെ പോരായ്മ തുടങ്ങിയ കാര്യങ്ങൾ കൊണ്ട് ബാലാരിഷ്ടതകളിൽ നിന്ന് അതിജീവിക്കാനായില്ല. എന്നാൽ വടകര കോക്കനട്ട് കമ്പനി പ്രതിസന്ധികളെ ഫലപ്രദമായി ഉപയോഗിക്കാനായിരുന്നു ആലോചിച്ചത്.

മറ്റു കമ്പനികളെ പോലെ സ്വിസ്മേഡായ അൽഫാലാവ്ലീൻ മെഷീനറികൾ സ്ഥാപിച്ച് നീര ഉത്പാദിപ്പിക്കാനായിരുന്നു എല്ലാ കമ്പനികളും തീരുമാനിച്ചത്. മിക്ക സ്ഥാപനങ്ങൾക്കും സ്വന്തമായ സ്ഥലമോ കെട്ടിടമോ ഉണ്ടായിരുന്നില്ല. ക്രമേണ വാടക കുടിശ്ശിക പ്രശ്നമായി 2016ൽ കമ്പനി സ്വന്തമായി തിരുവള്ളൂർ പഞ്ചായത്തിലെ ചെമ്മരത്തൂരിൽ 38 സെന്റ് സ്ഥലം വാങ്ങി കെട്ടിടവും മെഷീനറിയും സ്ഥാപിച്ചു. നീര ഉത്പാദനം തുടങ്ങി 2017 ൽ 70 സെന്റ് സ്ഥലം വാങ്ങി കെട്ടിടം പണിത് വെളിച്ചെണ്ണ ഉത്പാദനം തുടങ്ങി.

കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി, താലൂക്കുകളിലെ 16 തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ 8030 നാളികേര കർഷകരിൽ നിന്ന് 4.5 കോടി രൂപ ഷെയർ ആയി പിരിച്ചു. നാളികേര വികസന ബോർഡ് സംസ്ഥാന കൃഷി വകുപ്പ്, നബാഡ്, എസ്.എഫ്.എ.സി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് 2 കോടി രൂപ വിവിധ സമയങ്ങളിൽ ഗ്രാന്റായി ലഭിച്ചു. ഇവയൊക്കെ ഉപയോഗിച്ചും, കെ.എഫ്.സി യിൽ നിന്ന് 2 കോടി വായ്പയെടുത്തുമാണ് പ്രവർത്തനം പുരോഗമിപ്പിച്ചത്.

കെ.എഫ്.സി ലോൺ പൂർണ്ണമായും കമ്പനി തിരിച്ചടച്ചു. കോവിഡ് കാലത്ത് 7 മാസം 2 ഫാക്ടറികളും കണ്ടെയിൻമെന്റ് സോണായി അടച്ചുപൂട്ടിയ സമയത്തുപോലും ലോൺ പിഴപലിശയില്ലാതെ കമ്പനിക്ക് തിരിച്ചടക്കാൻ കഴിഞ്ഞത് നേട്ടമാണ്.

നീരയുടെ ഷെൽഫ് ലൈഫ് 3 മാസമായിരുന്നതാണ് എല്ലാ കമ്പനികളെയും പ്രതിസന്ധിയിലാക്കിയത്. വടകര കമ്പനി ഈ കാര്യത്തിൽ സ്വന്തമായി ടെക്നോ



ളജി വികസിപ്പിച്ചെടുത്ത് ഷെൽഫ് ലൈഫ് ഒരു വർഷം വരെ നീട്ടിയെടുത്തു. ഇപ്പോഴും കമ്പനിയിൽ ഒരു വർഷം മുമ്പുള്ള നീര ഉണ്ട്. അതുകൊണ്ടുതന്നെ സിങ്കപ്പൂർ, ബഹറിൻ രാജ്യങ്ങളിൽ നീര കയറ്റുമതി ചെയ്യാനും അതുവഴിയാണ് കേന്ദ്ര ഗവണ്മെന്റിന്റെ എക്സ്പോർട്ട് എക്സലന്റ് അവാർഡ് കമ്പനിക്ക് ലഭിച്ചത്.

നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തുള്ള ലാബിൽ എല്ലാവിധ പരിശോധനകളും പൂർത്തിയായിട്ടാണ് കമ്പനി ഉൽപ്പന്നം മാർക്കറ്റിലിറക്കുന്നത്. നീര, ചക്കര, നീരഹണി, കോക്കനട്ട് ഷുഗർ, വെളിച്ചെണ്ണ, ഉരുക്ക് വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ, ആന്റി ഡാൻഡ്രഫ് ഓയിൽ, ചോക്ലേറ്റ്, സോപ്പ്, തേങ്ങാ പിണ്ണാക്ക്, തേങ്ങാകൊത്ത്, ഇളനീർ ഹൽവ എന്നിവ ഇപ്പോൾ മാർക്കറ്റിൽ ലഭ്യമാണ്.

ഏറെ വിപണന സാധ്യതയുള്ള തേങ്ങാപാൽ നിർമ്മാണം അടുത്ത മാസത്തിൽ ആരംഭിക്കും. വർഷ തോറും വടകരയിലും പരിസരവും കേന്ദ്രമായി പ്രദർശന വിൽപ്പന മേള കമ്പനി നടത്താറുണ്ട്. എല്ലാ മാസവും സിപിഎസ് പ്രസിഡന്റുമാരുടെ കൂടിചേരൽ കമ്പനി ഹാളിൽ വെച്ച് നടത്തുന്നു. ഇത് വടകര കമ്പനിയുടെ മാത്രം പ്രത്യേകതയാണ്. പ്രതിവർഷം 5 കോടി വരെ ടേൺ ഓവറുള്ള കമ്പനി ജി.എസ്.ടി ആയി 67 ലക്ഷം രൂപയും ബാങ്ക് പലിശയായി 68 ലക്ഷം രൂപയും അടച്ചു. വ്യവസായ സുരക്ഷക്കുള്ള സംസ്ഥാന സർക്കാരിന്റെ പ്രത്യേക പുരസ്കാരം നേടിയ കമ്പനിയാണിത്. 2016 മുതൽ ഏറ്റവും നല്ല ഫാർമർ പ്രൊഡ്യൂസർ കമ്പനിക്കുള്ള നാളികേര വികസന ബോർഡിന്റെ അവാർഡിൽ നിന്ന് തുടങ്ങി. നബാഡ്, സ്വാമിനാഥൻ ഫൗണ്ടേഷൻ, സംസ്ഥാന സർക്കാരിന്റെ പോസ്റ്റ് ഹാർവെസ്റ്റ് ഇന്റർ നാഷണൽ അവാർഡ് വൈഗ എക്സ്പോർട്സ് എക്സലന്റ് അവാർഡ്, വ്യവസായ സുരക്ഷയ്ക്കുള്ള അവാർഡ്, സംഘടനാ സംവിധാനത്തിനുള്ള മാതൃഭൂമി അവാർഡ്, ഏറ്റവും ഒടുവിലായി ജക്കാർത്ത ആസ്ഥാനമായ 23 നാളികേര ഉത്പാദക രാജ്യങ്ങളുടെ സംഘടനയായി വേൾഡ് കോക്കനട്ട് കമ്മ്യൂണിറ്റിയുടെ ഏറ്റവും നല്ല ഫെഡറേഷനുള്ള (FPO) ഇന്റർ നാഷണൽ അവാർഡും കമ്പനി സ്വന്തമാക്കി.

കേരളത്തിലും, മറ്റു സംസ്ഥനങ്ങളിലും പുറത്തും വിദേശരാജ്യങ്ങളിലും നടക്കുന്ന സെമിനാർ, എക്സിബിഷൻ, ബയേഴ്സ് സെല്ലേർസ് മീറ്റിങ്ങ് എന്നിവിടങ്ങളിൽ കമ്പനി സ്ഥിരമായി പങ്കെടുക്കാറുണ്ട്.

കമ്പനിയുടെ അസംസ്കൃത പദാർത്ഥമായ തേങ്ങ മാർക്കറ്റ് വിലയേക്കാൾ 2 രൂപ കൂടുതൽ കൊടുത്താണ് അംഗ കർഷകരിൽ നിന്ന് സംഭരിക്കുന്നത് 2018ൽ സംസ്ഥാന സർക്കാരിൽ നിന്ന് ലഭിച്ച 50 ലക്ഷം രൂപ പ്രത്യേകമായി 625 രൂപയുടെ ഗുണിതങ്ങളായി ഷെയർ ഉടമകൾക്ക് ഇക്വിറ്റി ഷെയർ ആയി നൽകി.

2015 മുതൽ 2019വരെ നാളികേര വികസന ബോർഡ് നടപ്പിലാക്കിയ LODP പദ്ധതി പ്രകാരം കർഷകർക്ക് 4 കോടി രുപയോളം വിലമതിക്കുന്ന വളങ്ങളും, നടീൽ വസ്തുക്കളും വിതരണം ചെയ്തിട്ടുണ്ട്.

വ്യാജമായി വെളിച്ചെണ്ണ നിർമ്മിച്ചും സർക്കാരിലേക്ക് അടക്കേണ്ട നികുതികളിൽ കൃത്രിമം കാട്ടിയും സ്വകാര്യ കമ്പനികൾ വെളിച്ചെണ്ണ വിലകുറച്ച് വിൽക്കുമ്പോൾ അതിനെ അതിജീവിക്കുക എന്നതാണ് ഇത്തരം കമ്പനികൾക്ക് നേരിടുന്ന വലിയ പ്രതിസന്ധി. ആധുനിക കാലഘട്ടത്തിൽ തേങ്ങാപാൽ റെഡിമെയ്ഡായി ലഭിക്കുക അത്യാവശ്യമാണ്. ഇത് കണക്കിലെടുത്താണ് കമ്പനി ഓയിൽ പ്ലാന്റിന് സമീപം തന്നെ തേങ്ങാപാൽ നിർമ്മാണം ആരംഭിക്കുന്നത്. പ്രതിദിനം 700 ലിറ്റർ തേങ്ങാപാൽ നിർമ്മിക്കാൻ ശേഷിയുള്ളതാണ് പ്ലാന്റ്. ഇത് ഫെബ്രുവരിയിലാണ് കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

2015 കാലഘട്ടത്തിൽ രൂപീകൃതമായ 29 കമ്പനികളും അവരുടെ ലക്ഷ്യപ്രാപ്തിക്കായി അക്ഷീണം പരിശ്രമിച്ചിരുന്നെങ്കിൽ പാലിന്റെ വില ഇന്ന് മിൽമ നിർണ്ണയിക്കുന്ന പോലെ തേങ്ങയുടെ വില ഇത്തരം നാളികേര കമ്പനികൾക്ക് നിർണ്ണയിക്കാമായിരുന്നു.

നബാഡിന്റെ സാമ്പത്തിക സഹായത്താൽ വടകര കോക്കനട്ട് കമ്പനിക്കു വേണ്ടി കോഴിക്കോട് 421 ഇസ്ലാം പോളിടെക്നിക്കിലെ ശ്രീ. അശ്വിൻ പി കൃഷ്ണയും കൂട്ടുകാരും സംസ്ഥാന സർക്കാരിന്റെ വൈഗയിലൂടെ ഒന്നാംസ്ഥാനം നേടി രൂപ കൽപ്പന ചെയ്ത തെങ്ങിൽ നിന്ന് തേങ്ങ വിളവെടുക്കാൻ കഴിയുന്ന കോക്കോ റോബോട്ട് അടുത്തു തന്നെ മാർക്കറ്റിലിറക്കും. ലോകത്ത് തന്നെ ഇത്തരം സംരംഭം ആദ്യത്തേതാണ്. ഇത് മൂലം വർഷങ്ങളായി തേങ്ങ വിളവെടുക്കാൻ കർഷകൻ നേരിടുന്ന വലിയ പ്രയാസങ്ങൾ ഇല്ലാതാക്കാൻ കഴിയും. തേങ്ങയിൽ നിന്നുണ്ടാക്കാവുന്ന എല്ലാവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളും ഉണ്ടാക്കി വിപണനം ചെയ്ത് അംഗ കർഷകർക്ക് വരുമാന വർദ്ധനവുണ്ടാക്കാനാണ് കമ്പനി ശ്രമിക്കുന്നത്.

ദേശീയ അന്തർദേശീയ മാർക്കറ്റുകൾ, ഓൺ ലൈൻ വിപണന സംവിധാനം, കുടുതൽ രാജ്യങ്ങളിലേക്കുള്ള കയറ്റുമതി, അതോടൊപ്പം ഇതിനായി ക്രേന്ദ സംസ്ഥാന സർക്കാരുകളുടെ പിന്തുണ ഇതാണ് വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ആഗ്രഹിക്കുന്നത്. സംസ്ഥാനം മുഴുവൻ വിപണന ശൃംഗലകൾ സ്ഥാപിക്കാനും, ഏജൻസി എടുക്കുവാനാഗ്രഹിക്കുന്നവർക്ക് അതിനുള്ള അനുകൂല സംവിധാനവും കമ്പനി ഒരുക്കിയിട്ടുണ്ട്.

# തെങ്ങിൻ തോപ്പിലെ ഈർപ്പ സംരക്ഷണം

**ആനന്ദ് ആർ ദാസ്**
കേരള കാർഷിക സർവ്വകലാശാല



പന വിഭാഗത്തിലെ പ്രധാനിയായ തെങ്ങ് വർഷം മുഴുവൻ കായ്കൾ ഉത്പാദിപ്പിക്കുന്നു. ആയതിനാൽ തന്നെ കൃത്യമായ പരിപാലനത്തിലൂടെ മാത്രമേ തെങ്ങിൽ നിന്നും ഉയർന്ന ഉത്പാദനം കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. തെങ്ങിന്റെ വളർച്ചയെയും ഉത്പാദനത്തേയും സാരമായി ബാധിക്കുന്ന ഒരു ഘടകമാണ് തെങ്ങിന് ലഭ്യമായ ജലത്തിന്റെ അളവ്. വർഷത്തിൽ മുഴുവനായും കായ്ക്കുന്നതു കൊണ്ടുതന്നെ പോഷകങ്ങളും ജലവും ഇവയ്ക്ക് കൃത്യമായ രീതിയിൽ ലഭിക്കേണ്ടതായിട്ടുണ്ട്. തെങ്ങിന്റെ വേരുപടലങ്ങൾക്ക് മണ്ണിലെ പോഷകങ്ങൾ വലിച്ചെടുക്കുവാൻ മണ്ണിൽ ലഭ്യമായ ഈർപ്പം അത്യന്താപേക്ഷിതമാണ്. കൃത്യമായ രീതിയിൽ ജലം തെങ്ങിൻ തോപ്പുകളിലേക്ക് എത്തിച്ച് ഇവ തെങ്ങിന്റെ തടത്തിൽ പിടിച്ചുനിർത്തി ഈർപ്പം സംരക്ഷിച്ചാൽ മാത്രമേ തെങ്ങിന്റെ വളർച്ച ശരിയായ രീതിയിൽ നടക്കുകയും ഇതുവഴി പുതിയ കായ്കൾ ഉണ്ടാവുകയും ഉയർന്ന വിളവ് കർഷകന് ലഭിക്കുകയുമുള്ളൂ. അതുകൊണ്ടുതന്നെ ഇടക്കാലങ്ങളിൽ നമ്മുടെ പ്രദേശങ്ങളിൽ വരുന്ന വരൾച്ചയും, വേനലിലെ വരണ്ട കാലാവസ്ഥയും തെങ്ങിനെ സാരമായി ബാധിക്കുന്നു. വരൾച്ച ഉണ്ടാവുന്നത് വഴി തെങ്ങിന് കൂടുതൽ സമ്മർദ്ദം വരുകയും വരൾച്ച മുരടിച്ചു പോവുകയും, ഉണ്ടായി വരുന്ന പുതിയ കായ്കൾ ചെറുപ്പത്തിൽ തന്നെ കൊഴിഞ്ഞു പോകുന്നതിനുമിടയാകുന്നു. വർഷം മുഴുവൻ പൂവിടുന്ന സ്വഭാവം ഉള്ളതിനാൽ ചെറിയ ഒരു വരൾച്ചയുടെ ആഘാതം പോലെ രണ്ടോ മൂന്നോ വർഷം വരെ പ്രകടമായേക്കാം ഇത് കർഷകനെ കടുത്ത സാമ്പത്തിക നഷ്ടം വരുത്തിവെക്കുന്നു. വരൾച്ച കാലഘട്ടങ്ങളിൽ ജലം കൃത്യമായ അളവിൽ തെങ്ങിൻ തോപ്പിൽ എത്തിച്ചാൽ മാത്രമേ തെങ്ങിനെ സംരക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. ജലം പാഴാക്കാതെ തെങ്ങിൻതോപ്പുകളിലേക്ക് എത്തിച്ച് ഈർപ്പം സംരക്ഷിക്കുന്നതിന് ചുവടെ കൊടുത്ത രീതികൾ തെങ്ങിൻ തോപ്പുകളിൽ പ്രാവർത്തികമാക്കാവുന്നതാണ്



**തെങ്ങിന്റെ തൊണ്ടുപയോഗിച്ചിട്ടുള്ള ഈർപ്പ സംരക്ഷണം**

തൊണ്ട് ഉപയോഗിച്ചുകൊണ്ട് ഈർപ്പം സംരക്ഷിക്കുന്ന രീതി പണ്ടു മുതൽ തന്നെ നമ്മുടെ തെങ്ങിൻ തോപ്പുകളിൽ കണ്ടുവരുന്നതാണ്. ഇതിനായി പുതിയതോ ഉണങ്ങിയതോ ആയ തെങ്ങിന്റെ തൊണ്ട് തെങ്ങിന് ചുറ്റും കുഴിച്ചിടാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതു വഴി തെങ്ങിൻ തോപ്പിലേക്കെത്തുന്ന ജലത്തിന്റെ ഈർപ്പം കൂടുതൽ സമയം തെങ്ങിന്റെ തടത്തിൽ തന്നെ നിലനിൽക്കുന്നു. തൊണ്ട് തെങ്ങിൽ നിന്നും രണ്ടു മുതൽ മൂന്നു മീറ്റർ വരെ വിട്ട് ഒറ്റവരിയായോ തെങ്ങിന്റെ ചുറ്റും വൃത്താകൃതിയിലോ കുഴിച്ചിടാവുന്നതാണ്. കുഴിച്ചിടുമ്പോൾ തൊണ്ടിന്റെ പുറംതൊലി മുകളിലേക്ക് അഭിമുഖീകരിച്ചിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് ഇങ്ങനെ തൊണ്ട് വൃത്താകൃതിയിലോ ഒരേ വരിയിലോ വെച്ചതിനു ശേഷം അൽപം മണ്ണ് പുറമേ ഇട്ട് തൊണ്ട് മണ്ണിലേക്ക് ഉറപ്പിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നതുവഴി 5 മുതൽ 7 വർഷം വരെ നമുക്ക് ഇതിന്റെ ഗുണം തെങ്ങിൻ തോപ്പിൽ പ്രകടമാകുന്നതാണ്. ഇതുവഴി തെങ്ങിന് ആവശ്യമുള്ള ഈർപ്പം മണ്ണിൽ വർഷം മുഴുവൻ നിലനിൽക്കുകയും ചെയ്യുന്നു.

**പുതയിടൽ**

ഈർപ്പം സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ ഒരു മാർഗമാണിത്. പച്ചയോ ഉണങ്ങിയതോ ആയ ഇലകൾ ഉപയോഗിച്ചാണ് തെങ്ങിൻതോപ്പിൽ പുതയിടുന്നത് പുതയിടുന്നതിനുള്ള ഏറ്റവും ഉചിതമായ കാലഘട്ടം മൺസൂൺ അവസാനിക്കുന്ന ഒക്ടോബർ, നവംബർ മാസങ്ങളാണ്. പുതയിടൽ വഴി മണ്ണിലെ ഈർപ്പം സംരക്ഷിക്കുക മാത്രമല്ല, തെങ്ങിന് ആവശ്യമുള്ള മൂലകങ്ങൾ മണ്ണിലേക്ക് എത്തുന്നതിനും കാരണമാകുന്നു. മണ്ണിലേക്കുള്ള ജൈവാംശം എത്തിക്കുന്നതിനും മണ്ണിലെ താപനില പിടിച്ചു നിർത്തുന്നതിനും പുതയിടൽ സഹായകരമാകുന്നുണ്ട് വളർന്നുവരുന്ന താഴെയുള്ള രണ്ടു മൂന്ന് ഓലകൾ വളർന്നു വരുന്ന തെങ്ങിൽ നിന്നും വെട്ടി മാറ്റിയും നമ്മുക്ക് ഈർപ്പത്തെ സംരക്ഷിക്കാവുന്നതാണ്. പുതയിടൽ വഴി മണ്ണിലേക്ക് ഇടുന്ന ഇലകൾ മേൽ മണ്ണിൽ നിറഞ്ഞു നിൽക്കുന്നതുമൂലം തോട്ടത്തിൽ വരുന്ന ചെറിയ കളകളെ ഇല്ലാതാക്കാൻ സാധിക്കും. അതുകൊണ്ടുതന്നെ തെങ്ങിൻ തോപ്പിൽ ലഭ്യമായ മുഴുവൻ പോഷകങ്ങളും ജലവും ഇതുവഴി തെങ്ങിന് തന്നെ ലഭ്യമാകുന്നു.

**പച്ചില വളപ്രയോഗം**

പച്ചിലവളമായി തെങ്ങിൻ തോട്ടത്തിൽ പയർ ഇനത്തിൽ പെടുന്ന വിത്തുകൾ നടാവുന്നതാണ്. ഏപ്രിൽ മെയ് മാസങ്ങളിൽ ഈ വിത്തുകൾ തെങ്ങിന്റെ തടത്തിൽ ഇട്ടു കൊടുക്കാവുന്നതാണ്. മൺസൂണിന്റെ ആരംഭ സമയത്ത് ഇവ വിതയ്ക്കുന്നത് വഴി മൺസൂൺ അവസാനിക്കുമ്പോഴേക്കും ഇവ വളർന്നു പൊന്തുകയും ശേഷം ഇവയെ നമ്മുക്ക് തെങ്ങിൻ തോപ്പിൽ വളമായും ഉപയോഗിക്കാവുന്നതാണ്. ഈ വിളകൾ വളർന്നു പൊന്തുന്ന കാലഘട്ടത്തിൽ ഇവ തെങ്ങിൻ തോപ്പിലെ ഈർപ്പം പിടിച്ചു നിർത്തുകയും, തോപ്പിൽ ഉള്ള മണ്ണൊലിപ്പ് ഒരു പരിധിവരെ തടഞ്ഞുനിർത്തുകയും ചെയ്യുന്നു. ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ ഇവ പൂത്തു തുടങ്ങുകയും ഈ കാലഘട്ടത്തിൽ ഇവയെ നമുക്ക് മണ്ണിലേക്ക് സംയോജിപ്പിച്ച് തടങ്ങളിൽ മണ്ണിട്ട് മൂടാവുന്നതാണ് ഈ പ്രക്രിയ ചെയ്യുന്നത് വഴി മണ്ണിന്റെ ജലസംഭരണ ശേഷി വർധിക്കുന്നതിനു കാരണമാകുന്നു. തെങ്ങിൻ തോട്ടത്തിൽ കൃഷി ചെയ്യാൻ സൺഹെമ്പ്, കളിഞ്ചി തുടങ്ങിയ പച്ചില വിളകൾ ഏറെ അനുയോജ്യമാണ്.



ജലത്തിന്റെ അളവ് ദിനംപ്രദി കുറഞ്ഞുവരുന്ന ഈ കാലത്ത് ലഭ്യമായ വെള്ളം ഒട്ടും നഷ്ടമാവാതെ കൃഷി ചെയ്യുക അതിൽ നിന്നും മെച്ചപ്പെട്ട വിളവ് ഉത്പാദിപ്പിച്ചെടുക്കുക എന്നത് ഏറെ പ്രധാനമാണ്. അതുകൊണ്ടുതന്നെ ഈർപ്പ സംരക്ഷണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾക്ക് ഏറെ പ്രാധാന്യം ഇന്ന് കാർഷിക മേഖലയിലുണ്ട്. പച്ചില വിളകൾ, പുതയയിടൽ തുടങ്ങിയ പ്രയോഗങ്ങൾ നമുക്ക് തെങ്ങിൻ തോപ്പിൽ ജലസംരക്ഷണംനടത്തുവാൻ സഹായകരമാകുന്നതാണ്.

# കുരുത്തോല പന്തൽ

**മുഖമൊഴി**

ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ അമ്മയ്ക്കുള്ള പങ്ക് ഏറെ ശ്രദ്ധേയമാണ്. മെച്ചപ്പെട്ട രീതിയിൽ കുട്ടികളെ വളർത്തിയെടുക്കുന്നതിൽ അച്ഛനും അമ്മയ്ക്കുമുള്ള പങ്കിനെക്കുറിച്ച് ഏറെക്കുറെ അറിവുണ്ടാകുമല്ലോ കൂട്ടുകാർക്ക്. ഈ അടിസ്ഥാന തത്ത്വങ്ങൾ തന്നെയാണ് തെങ്ങു കൃഷിയുടെ കാര്യത്തിലും ഉള്ളത്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങളെ കണ്ടെത്തുന്നതിനും വിത്തുതേങ്ങ സംഭരണത്തിനുമുള്ള അശ്രാന്ത പരിശ്രമത്തിലാണ് കേന്ദ്ര സംസ്ഥാന കൃഷി വകുപ്പുകൾ. ശ്രദ്ധാപൂർവ്വം പരിചരിക്കുന്ന മാതൃവൃക്ഷ തോട്ടങ്ങളിൽ നിന്നാണ് നാളികേര വികസന ബോർഡും, കൃഷി വകുപ്പും, കാർഷിക സർവ്വകലാശാലയും വിത്തുതേങ്ങ സംഭരിക്കുന്നത്. ഒരു ആയുഷ്ക്കാലത്തേക്കാണ് തെങ്ങ് നടുന്നത്. നല്ല മാതൃ വൃക്ഷത്തിൽ നിന്നും ജനുവരി മുതൽ മെയ് വരെ വിളവെടുക്കുന്ന ലക്ഷണമൊത്ത തേങ്ങകളാണ് പാകാൻ വേണ്ടി തെരഞ്ഞെടുക്കുന്നത്. 'വിത്തുഗുണം പത്തുഗുണം' എന്നാണല്ലോ ചൊല്ല്. ഒരു തലമുറയെ വാർത്തെടുക്കുമ്പോൾ ഗുണമേന്മ നിലനിർത്തുന്ന കാര്യത്തിൽ യാതൊരു വിധ വിട്ടുവീഴ്ചയും പാടില്ലെന്ന യാഥാർത്ഥ്യം ഒരിക്കൽ കൂടി കുരുത്തോല പന്തലിന്റെ കൂട്ടുകാരെ ഓർമ്മപ്പെടുത്തുന്നു.

# തെങ്ങ്

**ഡോ. ഇ. ശങ്കരൻ,**
കുറുമ്പത്തൂർ

തെങ്ങ് ഒറ്റത്തടിമരമായി വാണ്
കേരളമെന്നൊരി ഭൂദേശത്തെ
പ്രകൃതിരമണീയമാക്കിടാനായ്
തലയുയർത്തീടുന്നു നാടുനീളെ!

ആഹാരമാചാരമൌഷധങ്ങൾക്കായ്
മാനവർ മാനിച്ചുപോറ്റിടുന്നു
പാലും എണ്ണയും എന്തും തരുന്ന നീ
കൽപവൃക്ഷമായറിഞ്ഞീടുന്നു!

ഒറ്റത്തടിയായ് വളർന്നുപൊങ്ങി
കമുകും പനയും വളയാതെ വളരുന്നു
പറമ്പോ വഴിയോ നോക്കിടാതെ
നീയെന്തേ തെങ്ങേ വളഞ്ഞുപോണു?

നിയമപ്രകാരം തെറ്റാണിതെന്ന്
തെങ്ങേ, നീയെന്നു മനസ്സിലാക്കും?
കാറ്റത്തു വീണാലോ കായൊന്നു വീണാലോ
മർത്യന്റെ കഷ്ടമെന്നാരു തീർക്കും?

# വീണ്ടും......

ഷാജിമോൾ ഷാജി

ഒരു വശത്ത് തെങ്ങിൻ തോപ്പും മറുവശത്ത് നെൽ വയലും, രണ്ടിനും നടുവിലായിരുന്നു അനുപമയുടെ മനോഹരമായ നാലുകെട്ട്.

മുന്തിയ ഇനം തെങ്ങുകളും പതിനെട്ടാം പട്ടയും ചെന്തെങ്ങും കൊന്നത്തെങ്ങുകളും കൊണ്ട് നിറഞ്ഞു നിൽക്കുന്ന ആ തെങ്ങിൻ തോപ്പ് അവൾക്ക് സ്വർഗ്ഗമായിരുന്നു, അതു കൊണ്ടു തന്നെയാണ് ഐശ്വര്യപൂർണ്ണമായ നാലുകെട്ടിന് തോപ്പിൽ എന്ന പേരു വന്നതും.

'പാടത്ത് കതിരുകൾ വിളയുമ്പോൾ അത് കൊത്തി തിന്നാൻ വരുന്ന കിളികളും തത്തകളും തെങ്ങോലകളിലിരുന്ന് ഊയലാടുന്നതൊക്കെ അനുപമയ്ക്ക് കൗതുക കാഴ്ചകളായിരുന്നു

അവിടെയാക്കെ ഓടിച്ചാടി നടന്നു കളിച്ചതും മൂവാണ്ടൻ മാവിലെ മാങ്ങ പഴുത്തു വീഴുമ്പോൾ അതെടുത്ത് സ്വാദോടെ ഭക്ഷിച്ചതുമെല്ലാം അനുപമ കുട്ടികളോട് പറഞ്ഞ് കേൾപ്പിക്കുമായിരുന്നു.

മുത്തച്ഛൻ ശേഖരന്റെ വിശ്വസ്തനായ കാര്യസ്ഥനായിരുന്നു കേശുമാമ എന്നു വിളിക്കുന്ന കേശവൻ, മുത്തച്ഛൻ ധനാഢ്യനും നാട്ടിലെ പ്രമാണിയുമായിരുന്നു. കേശുമാമയായിരുന്നു തേങ്ങയിടീക്കുന്നതും കണക്കു നോക്കുന്നതുമെല്ലാം

തോപ്പിലെ എല്ലാ തെങ്ങിൽ നിന്നും കൂടി തേങ്ങയിട്ടു തീർക്കാൻ എട്ടോ പത്തോ ദിവസമൊക്കെ വേണ്ടി വരുമായിരുന്നു,

നാട്ടിലാർക്കെങ്കിലും അതിസാരമോ മഞ്ഞപ്പിത്തമോ ഒക്കെ വന്നാൽ ക്ഷീണമകറ്റാനായി ചെന്തെങ്ങിന്റെ കരിക്ക് ആവശ്യപ്പെടുമായിരുന്നു, അതിനായി കുറെ ചെന്തെങ്ങുകൾ തോപ്പിലുണ്ടായിരുന്നു, അതൊക്കെ ആവശ്യക്കാർക്ക് കൊടുത്തിരുന്നത് മുത്തശ്ശിയായിരുന്നു. സേതു തമ്പുരാട്ടി എന്നാണ് നാട്ടുകാർ മുത്തശ്ശിയെ വിളിച്ചിരുന്നത്.

ആ നാട്ടിലെ ഗർഭിണികളായ സ്ത്രീകൾക്ക് ക്ഷീണമകറ്റാനായി കരിക്ക് ഇടിച്ച് കൊടുക്കുന്ന പതിവും സേതു മുത്തശ്ശിക്കുണ്ടായിരുന്നു.

തേങ്ങകളൊക്കെ പണിയാരെ കൊണ്ട് പൊതിപ്പിച്ച് വെട്ടിയുണക്കി കൊപ്രയാക്കി കൊപ്രയും ചിരട്ടയും തേങ്ങത്തൊണ്ടുമൊക്കെ സൂക്ഷിക്കാൻ ഒരു നെടുനീളൻ കൊപ്രാക്കളവും അവിടെയുണ്ടായിരുന്നു ഉണക്കി വച്ച കൊപ്രയൊക്കെ ചാക്കിൽ കെട്ടി. വള്ളത്തിൽ കയറ്റി അടുത്ത ഗ്രാമത്തിലെ ചക്കിൽ ആട്ടി വെളിച്ചെണ്ണ കൊണ്ടു വരുമായിരുന്നു.

അങ്ങനെ വള്ളം പോകുമ്പോഴാണ് അനുപമയും അമ്മ ഗൗരിയും ആ വള്ളത്തിൽ കയറി അമ്മ വീട് സന്ദർശിക്കാൻ പോകുന്നത്, പുഴയിലെ കുളിർക്കാറ്റേറ്റുള്ള യാത്ര അനുപമയ്ക്ക് എത്ര സന്തോഷ ദായകമായിരുന്നു, വള്ളം വെളിച്ചെണ്ണയുമായി തിരിച്ചു വരുമ്പോൾ അനുപമയും അമ്മയും സന്തോഷത്തോടെ തിരിച്ചു വരും,

ചിരട്ടയും തേങ്ങാത്തൊണ്ടും ആവശ്യക്കാർക്ക് വിൽക്കുന്നത് സേതു മുത്തശ്ശിയായിരുന്നു ചിരട്ടയിൽ താനും കൂട്ടുകാരും കൂടി ചോറും കറിയുമൊക്കെ ഉണ്ടാക്കി കളിച്ചതുമൊക്കെ അനുപമ കുട്ടികളെ പറഞ്ഞു കേൾപ്പിക്കും.

കൊപ്രാക്കളത്തിന്റെ പുറകുവശത്തെ പാടത്ത് തെങ്ങിൻ തൊണ്ട് കുഴിച്ചിട്ട് അഴുകി കഴിയുമ്പോൾ എടുത്ത് തല്ലിച്ചതച്ച് ചകിരിയുണ്ടാക്കുന്നതും വണ്ണക്കയർ നേരിയ കയർ ഒക്കെ ഉണ്ടാക്കിച്ച് മുത്തശ്ശൻ പാണ്ടകശാലയിൽ കൊടുത്ത് ഒരു പാട് പണം സമ്പാദിക്കും.

അങ്ങനെ സന്തോഷത്തോടെ വർണ്ണത്തുമ്പിയെപ്പോലെ പാറി പറന്നു നടന്ന അനുപമ. വിവാഹശേഷം സർക്കാരുദ്യോഗസ്ഥനായ രാജീവിനോടൊപ്പം പട്ടണത്തിലേക്ക് താമസം മാറ്റിയപ്പോൾ തന്റെ വീടും തോപ്പും എല്ലാം നഷ്ടസ്വർഗ്ഗങ്ങളായി.

പുതിയ വീടിന്റെ പാലുകാച്ചിനു വന്നപ്പോൾ നല്ല ഇനം തെങ്ങിൻ തൈ കൊണ്ടുവന്ന് അമ്മ ആ ഇത്തിരി മുറ്റത്തിന്റെ മൂലയിൽ കുഴിച്ചിട്ടു. പട്ടണത്തിലെ ചൂടിൽ നിന്നു രക്ഷിക്കാനായി അനുപമ അതിനെ മൂന്നു നേരം വെള്ളമൊഴിച്ചു പരിപാലിച്ചു.

ഒരു ദിവസം മാമന് അസുഖമാണെന്നറിഞ്ഞ് ഒന്ന് കാണാൻ പോകാമെന്നു പറഞ്ഞ് ചേച്ചിയും കുട്ടികളും കൂടി വന്നിരുന്നു.

അങ്ങനെ റെയിൽവേ പറമ്പിനടുത്തുള്ള മാമന്റെ വീട്ടിൽ ഞങ്ങളെല്ലാവരും എത്തി. കുശലം പറച്ചിലുകൾക്കൊടുവിൽ മാമി ഞങ്ങൾക്ക് ഭക്ഷണം ഒരുക്കുന്നതിനിടയിൽ അവർ ആ പറമ്പിലൊക്കെ ഒന്ന് ചുറ്റിക്കറങ്ങി.

തത്തമ്മപ്പച്ചനിറമുള്ള മൂന്ന് തെങ്ങിൻ തൈകൾ ആ പറമ്പിൽ മുളച്ചു നിൽക്കുന്നത് അനുപമയുടെ കണ്ണിലുടക്കി, അതിനെ ഉപേക്ഷിച്ചു പോരാൻ അവൾക്കായില്ല വീട്ടുമുറ്റത്തെ സ്ഥലമില്ലായ്മ പരിഗണിച്ച് ഒരെണ്ണം ഞാനെടുക്കാം ബാക്കി ചേച്ചിക്കും എന്നവൾ തീരുമാനിച്ചു,

രാജീവ് ഇതൊന്നും എടുക്കേണ്ടെന്ന് അനിഷ്ടം പ്രകടിപ്പിച്ചു, അനുപമ അതു വകവയ്ക്കാതെ അതെടുത്തോണ്ടു പോന്നു. തന്റെ വീട്ടിലെ കിടപ്പുമുറിയിലെ ജനാലയ്ക്കരികിൽ അത് നട്ടു നനച്ചു, മറ്റുള്ള പൂച്ചെടികളെപ്പോലെ ആ തെങ്ങിൻ തൈയ്യിനേയും അവൾ പരിപാലിച്ചു.

അങ്ങനെ പൊടുന്നനെയുണ്ടായ സ്കൂട്ടറപകടത്തിൽ പരുക്കേറ്റ് പ്ലാസ്റ്ററിട്ട കാലുമായി തന്റെ കിടപ്പുമുറിയിലെ ജാലകത്തിലൂടെ ആ തൈതെങ്ങിലേക്ക് അവൾ നോക്കി കിടക്കും, പൊടുന്നനെ ചെറിയ വെള്ളക്കകളുമായി വിരിഞ്ഞു വരുന്ന ഒരു പൂക്കുല അവളുടെ കണ്ണിലുടക്കി, സന്തോഷം കൊണ്ട് അവൾക്ക് എഴുന്നേറ്റ് ഓടാൻ തോന്നി, പക്ഷെ പ്ലാസ്റ്റർ. ഒടിവ്, എല്ലാം ഓർമ്മയിൽ വന്നു. രാജീവിനെ ഫോണിൽ വിളിച്ചു പറഞ്ഞു,

ഭാര്യയുടെ സന്തോഷം കണ്ടപ്പോൾ. തെങ്ങു വളർന്നു വന്നാൽ വീടിനും ചുറ്റുമതിലിനും ദോഷമാകുമോ എന്നുള്ള ഉത്ക്കണ്ഠയൊന്നും അനുപമയോട് അയാൾ പറഞ്ഞില്ല, കുട്ടികൾ വന്നപ്പോഴും അവരോടും ഈ സന്തോഷം പങ്കിട്ടു, കരിക്ക് പുഡ്ഡിങ്ങും കരിക്കിൻ വെള്ളവും ഒക്കെ തരാമെന്ന് പറഞ്ഞ് അവരെ കൊതിപ്പിച്ചു, കരിക്ക് എന്നു പറഞ്ഞാൽ എന്താണമ്മേ എന്ന പാറുമോളുടെ ചോദ്യത്തിന് അതാണ് ടെൻഡർ കോക്കനട്ട് എന്ന് അവളുടെ കവിളിൽ തലോടികൊണ്ട് മറുപടിയും കൊടുത്തു

മൊബൈലിൽ ഫോണിൽ ഗെയിം കളിച്ചിരുന്ന കുട്ടികൾക്ക് അമ്മ ഉണ്ടാക്കി കൊടുത്ത ഓലപ്പന്തും ഓലപ്പീപ്പിയുമൊക്കെ അത്ഭുത കാഴ്ചകളായിരുന്നു.

# നാളികേര വികസന ബോർഡിന്റെ സ്ഥാപക ദിനാഘോഷവും കർഷക സെമിനാറും ആലപ്പുഴയിൽ സംഘടിപ്പിച്ചു




നാളികേര വികസന ബോർഡിന്റെ സ്ഥാപക ദിനത്തോടനുബന്ധിച്ച് നാളികേര കർഷക സെമിനാർ 2024 ജനുവരി 12 ന് ആലപ്പുഴ ജില്ലയിലെ ഭരണിക്കാവിൽ സംഘടിപ്പിച്ചു. ഐസിഎആർ – സിപിസിആർഐ റീജണൽ സ്റ്റേഷൻ, കായംകുളം മേധാവി ഡോ. റെജി ജേക്കബ് പരിപാടി ഉദ്ഘാടനം ചെയ്തു. തന്റെ ഉദ്ഘാടന പ്രസംഗത്തിൽ തെങ്ങ് കൃഷിയുടെ സാധ്യതകളെക്കുറിച്ചും സംസ്കരണത്തിലേക്കും മൂല്യവർദ്ധനവിലേക്കും കടക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ഊന്നിപ്പറഞ്ഞു. നാളികേര ബോർഡിന്റെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്, അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. മിനി മാത്യു അധ്യക്ഷത വഹിച്ച ചടങ്ങിൽ ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ശ്രീ. കറ്റാനം ഷാജി; ഭരണിക്കാവ് പഞ്ചായത്ത് നാളികേര ഉൽപാദക ഫെഡറേഷൻ പ്രസിഡന്റ് അഡ്വ. തോമസ് എം മാത്തുണ്ണി; സിഡിബി മുൻ ഡയറക്ടറും ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി സിഇഒയുമായ ഡോ. രമണി ഗോപാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. നാളികേര വികസന ബോർഡിന്റെ പദ്ധതികളെ കുറിച്ച് പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്, അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. മിനി മാത്യുവും; ശാസ്ത്രീയ തെങ്ങ് കൃഷി രീതികളെ കുറിച്ച് ഐസിഎആർ – സിപിസിആർഐ ശാസ്ത്രജ്ഞൻ ഡോ. ജിലു വി സാജനും; കേര സംസ്ക്കരണവും, മൂല്യവർദ്ധനവും എന്ന വിഷയത്തെ കുറിച്ച് നാളികേര വികസന ബോർഡ് ഡെവലപ്പ്മെന്റ് ഓഫീസർ ശ്രീമതി. വിൻസി വർഗ്ഗീസും സാങ്കേതിക സെഷനുകൾ അവതരിപ്പിച്ചു.

മുന്നൂറോളം കർഷകരും, ആലപ്പുഴ ജില്ല കൃഷിവകുപ്പ് ഉദ്യോഗസ്ഥരും, നാളികേര വികസന ബോർഡിലെയും കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെയും മുതിർന്ന ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു. കർഷക സെമിനാറിനൊപ്പം നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും ഒരുക്കിയിരുന്നു. പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്, അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. മിനി മാത്യു സ്വാഗതവും, പബ്ലിസിറ്റി ഓഫീസർ ശ്രീമതി. സോന ജോൺ നന്ദിയും പ്രകാശിപ്പിച്ചു.

# നാളികേര വിസകന ബോർഡ് ദേശീയ കർഷക ദിനം ആചരിച്ചു



ദേശീയ കർഷക ദിനത്തോടനുബന്ധിച്ച് 2023 ഡിസംബർ 23ന് നാളികേര വികസന ബോർഡിന്റെ വിവിധ മേഖല ഓഫീസുകളിൽ കർഷകർക്കായി ജില്ലാ, ബ്ലോക്ക് തല കർഷക സെമിനാറുകൾ സംഘടിപ്പിച്ചു. ഏകദേശം 100ലധികം കർഷകർ പരിപാടികളിൽ പങ്കെടുത്തു. നാളികേര കൃഷിയെ കുറിച്ചും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ കുറിച്ചും തദവസരത്തിൽ ബോർഡ് ഉദ്യോഗസ്ഥർ കർഷകർക്ക് ക്ലാസുകളെടുത്തു.

# കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ 108-ാമത് സ്ഥാപക ദിനാഘോഷം ജനുവരി 5ന് സംഘടിപ്പിച്ചു







തെങ്ങ്, കവുങ്ങ്, കൊക്കോ എന്നീ വിളകൾ ഉൾപ്പെടെയുള്ള തോട്ടവിള മേഖലയിലെ വർത്തമാനകാല വെല്ലുവിളികൾ നേരിടുന്നതിന് നവീന ആശയങ്ങളും സമീപനങ്ങളും പ്രാവർത്തികമാക്കേണ്ടതുണ്ടെന്ന് ഡോ. കൃഷ്ണകുമാർ തന്റെ പ്രഭാഷണത്തിൽ സൂചിപ്പിച്ചു. വാണിജ്യ സാധ്യതകൾ വിശകലനം ചെയ്ത് തോട്ടവിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുകയും നൂതന വിപണന തന്ത്രങ്ങൾ അനുവർത്തിക്കുകയും വേണം. കൃഷിയിടതല പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള ഗവേഷണം ശക്തിപ്പെടുത്തുകയും വേണമെന്ന് ഡോ. കൃഷ്ണകുമാർ അഭിപ്രായപ്പെട്ടു. സി.പി.സി.ആർ.ഐ മുൻ ഡയറക്ടർ ഡോ. ജോർജ്ജ് വി. തോമസ്, ഡോ. അഹമ്മദ് ബാവപ്പ തുടങ്ങിയവർ അനുസ്മരണ പ്രഭാണം നടത്തി. കൂടാതെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തെങ്ങു കയറ്റ യന്ത്രങ്ങളും അദ്ദേഹം വിതരണം ചെയ്തു.

സി.പി.സി.ആർ.ഐ മുൻ ഡയറക്ടർ ഡോ. അനിത കരുൺ ആശംസ നേരുകയും തെങ്ങിന്റെ ആരോഗ്യ സംരക്ഷണത്തെ ആസ്പദമാക്കിയുള്ള കൈപ്പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു.

നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ബി. ഹനുമന്ത ഗൗഡ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ കൃഷി ഉദ്യോഗസ്ഥൻമാർക്കുവേണ്ടി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ആശംസ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

കശുമാവ് - കൊക്കോ വികസന ഡയറക്ട്രേറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ദാദാ സാഹിബ് ദേശായി ചടങ്ങിന് ആശംസ നേരുകയും ടെക്നോളജി കലണ്ടർ പുറത്തിറക്കുകയും ചെയ്തു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി. തമ്പാൻ ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

## സിപിസിആർഐയിൽ പിന്നോക്ക വിഭാഗത്തിലെ യുവാക്കൾക്ക് തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്തു



കാസർഗോഡ് ഐസിഎആർ-സിപിസിആർഐയിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്തു. എസ്ടിസി പദ്ധതിക്ക് കീഴിൽ തിരഞ്ഞെടുത്ത 50 യുവാക്കൾക്ക് 2024 ജനുവരി 5നാണ് തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്തത്. സിപിസിആർഐയുടെ സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ ഐസിഎആർ-സിപിസിആർഐ മുൻ ഡയറക്ടർ ഡോ. ജോർജ്ജ് വി. തോമസ് തെങ്ങുകയറ്റ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. മുൻ ഡിഡിജി (ഹോർട്ടിക്കൾച്ചർ സയൻസ്) ഡോ. എൻ. കെ. കൃഷ്ണ കുമാർ തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്ത് യുവാക്കളെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഇത്തരം ഉപകരണങ്ങൾ ജനകീയമാക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും ഡോ. കൃഷ്ണ കുമാർ ഊന്നിപ്പറഞ്ഞു. കൂടാതെ നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിയിൽ പരിശീലനം നേടിയ ഗ്രാമീണ യുവാക്കളുടെ സംഘം നാളികേര കർഷകർക്ക് മികച്ച സേവനമാണ് നൽകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ 'തെങ്ങ് കൃഷിയിലെ ഹൈബ്രിഡൈസേഷൻ ടെക്നിക്കുകൾ' എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു



നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 2024 ജനുവരി 3 മുതൽ 5 വരെ കാസർകോഡ് ഐസിഎആർ-സിപിസിആർഐയിൽ 'തെങ്ങ് കൃഷിയിലെ ഹൈബ്രിഡൈസേഷൻ ടെക്നിക്കുകൾ' എന്ന വിഷയത്തെ ആസ്പദമാക്കി പരിശീലന പരിപാടി സംഘടിപ്പിച്ചു. ഐസിഎആർ-സിപിസിആർഐയുടെ മുൻ ആക്ടിംഗ് ഡയറക്ടർ ഡോ. അനിത കരുണാണ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ഹനുമന്ത ഗൗഡ പരിപാടിയുടെ മുഖ്യാതിഥിയായിരുന്നു. കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ ഹോർട്ടികൾച്ചർ/അഗ്രികൾച്ചർ വകുപ്പുകളിലെ 20 ഉദ്യോഗസ്ഥർക്കായാണ് പരിപാടി സംഘടിപ്പിച്ചത്.ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും അതുവഴി മേഖലയിലെ നാളികേരകർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനായി സംസ്ഥാന വികസന ഉദ്യോഗസ്ഥർക്കിടയിൽ നാളികേര ഹൈബ്രിഡൈസേഷൻ സാങ്കേതികതകളിൽ അറിവും വൈദഗ്ധ്യവും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്പരിശീലനം നൽകിയത്. ഡോ. വി. നിരൽ; ഡോ. കെ. ഷംസുദീൻ എന്നിവർ കോഴ്സ് ഡയറക്ടർമാരായും ശ്രീമതി. രഞ്ജിനി ടി.എൻ; ഡോ. ആർ. സുധ എന്നിവർ കോഴ്സ് കോർഡിനേറ്റർമാരായും പ്രവർത്തിച്ചു. തുടർന്ന് പരിശീലനാർഥികൾക്ക് സർട്ടിഫിക്കറ്റുകളും പരിശീലന മാനവലുകളടങ്ങിയ രജിസ്ട്രേഷൻ കിറ്റും വിതരണംചെയ്തു.

## 'ശാസ്ത്രീയ തെങ്ങ് കൃഷിയും ഗുണനിലവാരമുള്ള തൈ ഉൽപാദനവും' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു





ഐസിഎആർ-സിപിസിആർഐ, റാണിപുരം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എസ്ടിസി പദ്ധതി പ്രകാരം തിരഞ്ഞെടുത്ത പട്ടികവർഗ കർഷകർക്കായി 2023 ഡിസംബർ 19ന് കാസർഗോഡ് പനത്തടിയിൽ' ശാസ്ത്രീയതെങ്ങ് കൃഷിയും ഗുണനിലവാരമുള്ള തൈ ഉൽപാദനവും' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ഐസിഎആർ-സിപിസിആർഐ ഡയറക്ടർ ഡോ. കെ. ബി. ഹെബ്ബാർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് എസ്ടിസിയുടെ കീഴിൽ തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനവും അദ്ദേഹംനിർവഹിച്ചു. പരിശീലന പരിപാടിയിൽ വിള ഉത്പാദന വിഭാഗം മേധാവി ഡോ. പി. സുബ്രഹ്മണ്യൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. തമ്പാൻ സി, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ. ശംസുദീൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രസന്ന പ്രസാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പരപ്പബ്ലോക്ക് പഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. എം. പത്മകുമാരി, പരപ്പ ബ്ലോക്ക് പഞ്ചായത്ത് അംഗം അരുൺ രംഗത്ത്മല, പനത്തടി ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതിസജിനിമോൾ, പനത്തടി ഗ്രാമപ്പഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതി രാധാ സുകുമാരൻ,പനത്തടി ഗ്രാമപഞ്ചായത്ത്വാർഡ് മെമ്പർ ശ്രീ. എൻ. വിൻസെന്റ്, പനത്തടി ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീ. കെ. കെ. വേണുഗോപാൽ,പട്ടികവർഗ്ഗ സംസ്ഥാനതല ഉപദേശക സമിതി അംഗം ശ്രീ. എം. സി. മാധവൻ, കൃഷി ഓഫീസർ ശ്രീ. അരുൺജോസ്, പനത്തടി കൃഷിഭവൻ തുടങ്ങിയവർ പങ്കെടുത്തു. റാണിപുരം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ശ്രീ. പി. രാജൻ സ്വാഗതവും റാണിപുരം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി സിഇഒ ശ്രീ. വിനീത്കുമാർ എം. നന്ദിയും പ്രകാശിപ്പിച്ചു. 100ലധികം കർഷകരും പരിശീലന പരിപാടിയിൽ പങ്കെടുത്തു.

# തെങ്ങിൻ തോപ്പിൽ ഫെബ്രുവരിയിലെ കൃഷിപ്പണികൾ

### വിത്ത് തേങ്ങ സംഭരണം

തെരഞ്ഞെടുത്ത മാതൃ വൃക്ഷങ്ങളിൽ നിന്നും വിത്ത് തേങ്ങ സംഭരിക്കുക. പാകമായി വിളഞ്ഞ വിത്തു തേങ്ങകളുള്ള തേങ്ങാക്കുല കയർ കൊണ്ടു കെട്ടിയിറക്കണം. തെരഞ്ഞെടുത്ത വിത്തു തേങ്ങയിലെ ജലാംശം നഷ്ടപ്പെടാതിരിക്കാൻ തണലിൽ പ്രത്യേകം സൂക്ഷിച്ച് വയ്ക്കുക.



### നഴ്സറി പരിപാലനം

നഴ്സറിയിലെ തൈകൾ നനയ്ക്കണം. ആവശ്യാനുസരണം കളകൾ നീക്കം ചെയ്യണം. ചിതലിന്റെ ശല്യമുണ്ടെങ്കിൽ തവാരണയിൽ കീടനാശിനി ലായനി (ക്ലോർപൈരിഫോസ് 2 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക. വെള്ളീച്ച ബാധയ്ക്കെതിരെ നഴ്സറിയിലെ തൈകൾക്ക് ശക്തിയായി വെള്ളം സ്പ്രേ ചെയ്തു കൊടുക്കുക.



### തൈകൾക്ക് തണൽ

പുതുതായി നട്ട തെങ്ങിൻ തൈകൾക്ക് തണൽ നൽകണം.

### തെങ്ങിൻ തടിയിൽ വെള്ള പൂശൽ

തെങ്ങിൻ തടിയിൽ 2 മീറ്റർ ഉയരം വരെ കുമ്മായം പൂശുന്നത് തടിയിലെ താപനില കുറച്ച്, കഠിനായ വെയിൽ കൊണ്ടുള്ള ആഘാതം തടയാൻ സഹായിക്കം.

### ജലസേചനം

കായ്ക്കുന്ന തെങ്ങുകൾക്കും ചെറു പ്രായത്തിലുള്ള തെങ്ങുകൾക്കും പുതുതായി നട്ട തെങ്ങിൻ തൈകൾക്കും ജലസേചനം നൽകുന്നത് തുടരുക. കായ്ക്കുന്ന തെങ്ങുകൾക്ക് നാലു ദിവസത്തിലൊരിക്കൽ 200 ലിറ്റർ വെള്ളം ഒരു തെങ്ങിന് എന്ന തോതിൽ തടം നനയുന്ന രീതിയിൽ ജലസേചനം നൽകണം. കണിക ജലസേചനം വഴി കായ്ക്കുന്ന തെങ്ങൊന്നിന് പ്രതിദിനം 30-35 ലിറ്റർ വെള്ളം നൽകിയാൽ മതിയാകും.



### മണ്ണ് - ജലസംരക്ഷണം

പുതയിടൽ ഉൾപ്പെടെയുള്ള മണ്ണ് ജലസംരക്ഷണ മാർഗ്ഗങ്ങൾ അനുവർത്തിക്കുന്നത് തുടരുക.




## കീടരോഗ നിയന്ത്രണം

അന്തരീക്ഷത്തിലെ ഈർപ്പം കുറഞ്ഞ് വരണ്ട കാലാവസ്ഥയിലേക്കുള്ള മാറ്റമാണ് ഫെബ്രുവരി മാസത്തിന്റെ പ്രത്യേകത. എന്നാൽ രാത്രി കാലത്തെ തണുപ്പ് കുറച്ചൊക്കെ തുടരുകയും ചെയ്യും. പുഴയും കായലും ഉൾപ്പെടെയുള്ള ജലാശയങ്ങൾക്ക് സമീപമുള്ള പ്രദേശങ്ങളിലും ഉൾനാടൻ പ്രദേശങ്ങളിലുമുള്ള തെങ്ങിൻ തോപ്പുകളിൽ വെള്ളീച്ച പോലെ നീരൂറ്റിക്കുടിക്കുന്ന കീടങ്ങളുടെ ആക്രമണം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഇത്തരം കീടങ്ങൾ പെരുകുന്നത് നഴ്സറികളിലെ തൈകളെയും ചെറു പ്രായത്തിലെ തെങ്ങുകളേയും കൂടുതൽ ബാധിക്കും. തെങ്ങോലപ്പുഴു, ഒച്ച് പുഴുക്കൾ തുടങ്ങിയ കീടങ്ങളുടെ ആക്രമണം സ്ഥിരമായി കാണുന്ന തെ

ങ്ങിൻ തോപ്പുകളിൽ കീടബാധ കൃത്യമായി നീരിക്ഷിക്കുകയും വേണ്ട നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും വേണം. ഫെബ്രുവരിയിലെ കാലാവസ്ഥാ സാഹചര്യങ്ങൾ തെങ്ങിൻ തോപ്പുകളിൽ ചെമ്പൻ ചെല്ലി ബാധ വർദ്ധിക്കുന്നതിനിടയാകും. അതുപോലെ ഓല ചീയൽ, തഞ്ചാവൂർ വാട്ടം തുടങ്ങിയവയ്ക്ക് കാരണമായ രോഗാണുക്കൾ പെരുകുന്നതിനും ഫെബ്രുവരിയിലെ കാലാവസ്ഥ അനുകൂലമാണ്. തെങ്ങിൻ തോട്ടം ഇടയ്ക്കിടെ സന്ദർശിക്കുകയും തെങ്ങുകളെ നിരീക്ഷിച്ച് കീടങ്ങളുടെ ആക്രണമോ രോഗബാധയോ ഉണ്ടോ എന്ന് കൃത്യമായി മനസ്സിലാക്കുകയും ചെയ്ത്, തുടക്കത്തിൽ തന്നെ ഉചിതമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുക വഴി കീടരോഗ ബാധ മൂലമുള്ള വിള നഷ്ടം ഒഴിവാക്കാം.

## കൊമ്പൻ ചെല്ലി




- മുൻ കരുതൽ നടപടി എന്ന നിലയിൽ നാമ്പോലയുള്ള സമീപത്തുള്ള മൂന്ന ഓലക്കവിളുകളിൽ 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് തുല്യ അളവിൽ മണലുമായി ചേർത്ത് ഇട്ടുകൊടുക്കുക. അതല്ലെങ്കിൽ 4 പാറ്റ ഗുളിക ഒരു ഓലക്കവിളിൽ ഒന്ന് എന്ന തോതിൽ ഏറ്റവും ഉള്ളിലെ മൂന്ന് ഓലക്കവിളുകളിൽ വെച്ച് മണൽ കൊണ്ട് മൂടുക.
- തെങ്ങിൻ തോട്ടം കൃത്യമായി സന്ദർശിച്ച് കീടബാധയുള്ള തെങ്ങുകൾ കണ്ടെത്തി അവയുടെ മണ്ട വൃത്തിയാക്കുകയും ചെല്ലിക്കോലുപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുകയും ചെയ്യുക.
- ചെറു തെങ്ങുകളുടെ മണ്ടയിലെ നാമ്പോലയുൾപ്പെടുന്ന ഭാഗം മീൻവല ഉപയോഗിച്ച് മൂടുകയും വലയിൽ കുടുങ്ങുന്ന ചെമ്പൻ ചെല്ലിയുടെ വണ്ടുകളെ ശേഖരിച്ച് നശിപ്പിക്കുകയും ചെയ്യുക. കൂടാതെ നാമ്പോലയുടെ സമീപത്തുള്ള മൂന്ന് ഓലക്കവിളുകളിൽ 3 ഗ്രാം ക്ലോറാൻട്രനിലിപ്രോൽ അല്ലെങ്കിൽ ഫിപ്രോനിൽ എന്ന കീടനാശിനി ഇട്ട സുഷിരങ്ങളുള്ള പോളിത്തീൻ കൂടുകൾ നിക്ഷേപിക്കുക.
- ചെല്ലികൾ പെറ്റു പെരുകുന്ന വളക്കുഴികളിലും മറ്റും പെരുവലം എന്ന ചെടി വേരോടെ പിഴുതു ചേർക്കുക.
- കൊമ്പൻ ചെല്ലിക്കും ചാണക പ്പുഴുക്കൾക്കും രോഗമുണ്ടാക്കുന്ന മെറ്റാ റൈസിയം അനൈസോപ്ലിയ എന്ന പച്ച കുമിളിന്റെ വിത്ത് വളക്കുഴികളിൽ തളിച്ചു കൊടുക്കുക.

## വെള്ളീച്ച

വെള്ളീച്ചകളുടെ ആക്രമണം കൂടുതൽ സ്ഥലങ്ങളിലെ തെങ്ങിൻ തോപ്പുകളിലേക്ക് വ്യാപിക്കുന്നതിനും മുമ്പു തന്നെ



കീടബാധ ഉണ്ടായ ഇടങ്ങളിൽ വീണ്ടുമുണ്ടാകുന്നതിനും സാദ്ധ്യതയുണ്ട്. ഓലകളുടെ അടിവശത്ത് മെഴുകുകാൽ തീർത്ത വെളുത്ത പഞ്ഞിപോലുള്ള പദാർത്ഥങ്ങൾ കാണപ്പെടുകയും ഓലകളുടേയും തോട്ടത്തിലെ മറ്റു വിളകളുടെ ഇലകളുടേയും മുകൾ വശത്ത് കറുത്ത പൂപ്പൽ ബാധ കാണപ്പെടുകയും ചെയ്യുന്നതാണ് വെള്ളീച്ചയുടെ ആക്രമണ ലക്ഷണങ്ങൾ

- തൈത്തെങ്ങുകളുടെ ഓലകളിൽ ശക്തിയായി വെള്ളം സ്പ്രേ ചെയ്ത ചെയ്തു കൊടുക്കുക വഴി വെള്ളീച്ചയുടെ ആക്രമണം കുറയ്ക്കുന്നതിനും അവ പെരുകുന്ന തോത് നിയന്ത്രിക്കുന്നതിനും സഹായകമാകും.
- തെങ്ങുകൾക്ക് വേണ്ട തോതിൽ വളവും വെള്ളവും നൽകി ആരോഗ്യം മെച്ചപ്പെടുത്തുക.
- രാസകീടനാശിനികൾ ഒന്നും ഉപയോഗിക്കരുത്. കീടനാശിനി പ്രയോഗം വെള്ളീച്ചകളുടെ സമാധി ദശയെ പരാദീകരിച്ച് നശിപ്പിക്കുന്ന എൻകാർസിയ ഗ്വാഡെലൂപെ എന്ന മിത്രകീടമായ ചെറു പ്രാണികളെ  നശിപ്പിക്കും.
- ആവണക്കെണ്ണയോ ഗ്രീസോ പുരട്ടിയ, മഞ്ഞ നിറത്തിലുള്ള കട്ടിക്കടലാസ് തെങ്ങിൻ തടിയിലോ ഓലമടലിലോ തൂക്കിയിടുന്നത് വെള്ളീച്ചകളുടെ വ്യാപനം തടയും.
- വെള്ളീച്ച ആക്രമണം മൂലമുണ്ടാകുന്ന ഓലകളുടെ ഉപരിതലത്തിലെ കരിംപൂപ്പൽ തിന്നു നശിപ്പിക്കുന്ന മിത്ര വണ്ടുകൾ പെരുകുന്നതിന് അനുകൂല സാഹചര്യം അനുവദിക്കുക.

## ഓല ചീയൽ

കേരളത്തിന്റെ തെക്കൻ ജില്ലകളിൽ കാറ്റു വീഴ്ച രോഗം ബാധിച്ച തെങ്ങുകളിലാണ് ഓലചീയൽ കൂടുതലായി കണ്ടു വരുന്നത്. നാമ്പോലയുടെ ഓലക്കാലുകളിൽ തിളച്ച വെള്ളം വീണ പോലുള്ള പുള്ളികൾ പ്രത്യക്ഷപ്പെടുന്നതാണ് രോഗത്തിന്റെ ആദ്യ  ലക്ഷണം. ഈ പുള്ളികൾ ക്രമേണ നിറം മാറി അഴുകി വലുതാവുന്നു. ക്രമേണം ഓലക്കാലുകളുടെ അരികും മൂലകളും കറുത്ത നിറമായി ചുരുങ്ങി ഉണങ്ങിപ്പോവുന്നു.

- നാമ്പോലയുടേയും അതിനടുത്തുള്ള രണ്ട് ഓലകളുടേയും അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് തീയിട്ട് നശിപ്പിക്കുക.
- അതിനുശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. എന്ന കുമിൾ നാശിനി 2 മില്ലി ലിറ്റർ 300 മില്ലി ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായനി നാമ്പോലയുടെ കവിളിൽ ഒഴിച്ചുകൊടുക്കുക.
- തെങ്ങുകൾക്ക് ആവശ്യത്തിന് വെള്ളവും വളവും ചേർത്ത് ആരോഗ്യം മെച്ചപ്പെടുത്തുക.

*തയ്യാറാക്കിയത് : സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർഗോഡ്*
*ജോസഫ് രാജ്കുമാർ, കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം*

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം

### വെളിച്ചെണ്ണ

കേരളത്തിലെ കൊച്ചി, ആലപ്പുഴ വിപണികളിൽ 2023 ഡിലംബർ മാസം വെളിച്ചെണ്ണ വിലയിൽ നഷ്ടവും കോഴിക്കോട് വിപണിയിൽ നേട്ടവുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൊച്ചിയിൽ ക്വിന്റലിന് 14000 രൂപയ്ക്കും, ആലപ്പുഴയിലും ക്വിന്റലിന് 14200 രൂപയ്ക്കും കോഴിക്കോട് 15650 രൂപയ്ക്കും ആരംഭിച്ച വ്യാപാരം കൊച്ചിയിലും ആലപ്പുഴയിലും 100 രൂപ നഷ്ടത്തിലും കോഴിക്കോട് 150 രൂപ നേട്ടത്തിലും വ്യാപാരം ക്ലോസ് ചെയ്തു. വ്യാപാരം അവസാനിച്ചപ്പോൾ കൊച്ചിയിൽ ക്വിന്റലിന് 13900 രൂപയും ആലപ്പുഴയിൽ ക്വിന്റലിന് 14100 രൂപയും കോഴിക്കോട് ക്വിന്റലിന് 15800 രൂപയുമായിരുന്നു വില.

തമിഴ്നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസത്തിൽ ക്വിന്റലിന് 11533 രൂപയ്ക്കാരംഭിച്ച വെളിച്ചെണ്ണ വ്യാപാരം മാസാവസാനം ക്വിന്റലിന് 11467 രൂപയിൽ ക്ലോസ് ചെയ്തു. നഷ്ടം ക്വിന്റലിന് 66 രൂപ. 2023 ഡിസംബർ മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.12.2023 | 14000 | 14200 | 15650 | 11533 |
| 09.12.2023 | 13900 | 14100 | 15650 | 11467 |
| 16.12.2023 | 13900 | 14100 | 15650 | 11400 |
| 23.12.2023 | 13900 | 14100 | 15750 | 11467 |
| 30.12.2023 | 13900 | 14100 | 15800 | 11467 |

### ഭക്ഷ്യയോഗ്യമായ കൊപ്ര

കോഴിക്കോട് വിപണിയിൽ 2023 ഡിസംബർ മാസത്തിൽ രാജാപൂർ കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 9600 രൂപയ്ക്ക് ആരംഭിച്ച് മാസാവസാനം ക്വിന്റലിന് 10400 രൂപയ്ക്ക് ക്ലോസ് ചെയ്തു. ലാഭം ക്വിന്റലിന് 800 രൂപ. രാജാപ്പൂർ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.12.2023 | 9600 |
| 09.12.2023 | 9200 |
| 16.12.2023 | 9400 |
| 23.12.2023 | 9700 |
| 30.12.2023 | 10400 |
| | |

### ആട്ടുകൊപ്ര

കേരളത്തിലെ കൊച്ചി വിപണിയിൽ 2023 ഡിസംബർ മാസം ആട്ടു കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 9300 രൂപയ്ക്കും, ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 9350 രൂപയ്ക്കും കോഴിക്കോട്ട് 9650 രൂപയ്ക്കുമാണ് ആരംഭിച്ചത്. മാസാവസാനം കൊച്ചിയിൽ ക്വിന്റലിന് 9000 രൂപയ്ക്കും ആലപ്പുഴയിൽ 9200 രൂപയ്ക്കും കോഴിക്കോട്ട് 9850 രൂപയ്ക്കും വിപണി ക്ലോസ് ചെയ്തപ്പോൾ, ക്വിന്റലിന് കൊച്ചിയിൽ 300 രൂപയുടേയും ആലപ്പുഴയിൽ 150 രൂപയുടേയും നഷ്ടം രേഖപ്പെടുത്തിയപ്പോൾ കോഴിക്കോടും 200 രൂപയുടെ നേട്ടം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 8500 രൂപയിൽ ആരംഭിച്ച കൊപ്ര വ്യാപാരം, മാസാവസാനം ക്വിന്റലിന് 8375 രൂപയ്ക്കു ക്ലോസ് ചെയ്തു. നഷ്ടം ക്വിന്റലിന് 125 രൂപ.

പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.12.2023 | 9300 | 9350 | 9650 | 8500 |
| 09.12.2023 | 9000 | 9200 | 9650 | 8500 |
| 16.12.2023 | 9000 | 9200 | 9750 | 8500 |
| 23.12.2023 | 9000 | 9200 | 9850 | 8500 |
| 30.12.2023 | 9000 | 9200 | 9850 | 8375 |
| | | | | |

### ഉണ്ടക്കൊപ്ര

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2023 ഡിസംബർ മാസത്തിൽ ഉണ്ടക്കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 8000 രൂപയിൽ ആരംഭിച്ച് 9000 രൂപയ്ക്ക് ക്ലോസ് ചെയ്തു. ലാഭം 1000 രൂപ ക്വിന്റലിന്. ഉണ്ടകൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 4 ൽ :



പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.12.2023 | 8000 |
| 09.12.2023 | 7800 |
| 16.12.2023 | 8207 |
| 23.12.2023 | 7800 |
| 30.12.2023 | 9000 |
| | |

### കൊട്ടത്തേങ്ങ

കോഴിക്കോട് വിപണിയിൽ 2023 ഡിസംബർ മാസത്തിൽ ക്വിന്റലിന് 11000 രൂപയിൽ ആരംഭിച്ച കൊട്ടത്തേങ്ങ വ്യാപാരം മാസാവസാനം അതെ നിരക്കിൽ ക്ലോസ് ചെയ്തു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 01.12.2023 | 11000 |
| 09.12.2023 | 11000 |
| 16.12.2023 | 11000 |
| 23.12.2023 | 11000 |
| 30.12.2023 | 11000 |
| 30.11.2023 | 11000 |

### നാളികേരം

കേരളത്തിലെ നെടുമങ്ങാട് വിപണിയിൽ 2023 ഡിസംബർ മാസത്തിൽ പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 13000 രൂപയിൽ ആരംഭിച്ച് മാസാവസാനം ആയിരത്തിന് അതേ നിരക്കിൽ ക്ലോസ് ചെയ്തു.

തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ ടണ്ണിന് 29500 രൂപയ്ക്ക് ആരംഭിച്ച വ്യാപാരം മാസാവസാനം 200 രൂപ നഷ്ടത്തിൽ 27500 ന് ക്ലോസ് ചെയ്തു. കർണ്ണാടകത്തിലെ ബാംഗളൂർ വിപണിയിൽ കഴിഞ്ഞ മാസം പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 20000 രൂപയിൽ ആരംഭിച്ച് മാസാവസാനം ടണ്ണിന് അതേ നിരക്കിൽ ക്ലോസ് ചെയ്തു. മംഗലാപുരം വിപണിയിൽ 2023 ഡിസംബർ മാസം പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 32000 രൂപയിൽ ആരംഭിച്ച് മാസാവസാനം അതേ നിരക്കിൽ ക്ലോസ് ചെയ്തു. പച്ചതേങ്ങ വ്യാപാരത്തിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ | | | | |
|---|---|---|---|---|
| | നെടുമങ്ങാട് (ആയിരത്തിന്)[1] | പൊള്ളാച്ചി (മെട്രിക് ടണ്ണിന്)[2] | ബംഗളുരു ഗ്രേഡ് 1 (ആയിരത്തിന്)3 | മാംഗ്ലൂർ, ബ്ലാക്ക് കോക്കനട്ട് (മെട്രിക് ടണ്ണിന്)[2] |
| 01.12.2023 | 13000 | 29500 | 20000 | 32000 |
| 09.12.2023 | 13000 | 28500 | 20000 | 32000 |
| 16.12.2023 | 13000 | 28000 | 20000 | 32000 |
| 23.12.2023 | 13000 | 28000 | 20000 | 32000 |
| 30.12.2023 | 13000 | 27500 | 20000 | 32000 |
| 30.11.2023 | 13000 | 29500 | 20000 | 32000 |

## അന്താരാഷ്ട്ര വില നിലവാരം

### വെളിച്ചെണ്ണ

പ്രധാന വെളിച്ചെണ്ണ ഉൽപാദക രാജ്യങ്ങളിലെ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിൽ വെളിച്ചെണ്ണയുടെ കഴിഞ്ഞ മാസത്തെ അന്താരാഷ്ട്ര ആഭ്യന്തര വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | | |
|---|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 02.12.2023 | 1140 | 1143 | NA | 1755 | 1388 |
| 09.12.2023 | 1130 | 1133 | NA | 1789 | 1380 |
| 16.12.2023 | 1094 | 1119 | NA | 1774 | 1372 |
| 23.12.2023 | 1102 | 1131 | NA | 1808 | 1380 |
| 30.12.2023 | 1126 | NA | NA | 1821 | 1380 |

### തേങ്ങ

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഇന്തോനേഷ്യ, ശ്രീലങ്ക, ഫിലിപ്പീൻസ് എന്നിവിടങ്ങളിലെ ആഭ്യന്തര വിപണികളിൽ 2023 ഡിസംബർ മാസം രേഖപ്പെടുത്തിയ നാളികേരത്തിന്റെ വില നിലവാരം പട്ടിക 8 ൽ :

| പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 02.12.2023 | 129 | 187 | 237 | 355 |
| 09.12.2023 | 129 | 187 | 208 | 343 |
| 16.12.2023 | 128 | 187 | 208 | 337 |
| 23.12.2023 | 128 | 187 | 233 | 337 |
| 30.12.2023 | 128 | 188 | 234 | 331 |

*പൊള്ളാച്ചി

### കൊപ്ര

ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ നിന്നുള്ള കഴിഞ്ഞ മാസത്തെ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 02.12.2023 | 629 | 645 | 1099 | 1023 |
| 09.12.2023 | 630 | 645 | 1055 | 1023 |
| 16.12.2023 | 624 | 656 | 1070 | 1023 |
| 23.12.2023 | 624 | 658 | 1072 | 1023 |
| 30.12.2023 | NA | 660 | 1081 | 1008 |

*കാങ്കയം

*NR - Not Reported

[1]Source: Epaper, Kerala Kaumudi, 2 Star market bulletin, *** Krishimarata vahini

# നാളികേര വികസന ബോർഡ്

ചീഫ് എക്സിക്കൂട്ടീവ് ഓഫീസർ
ഡോ. പ്രഭാത് കുമാർ

മുഖ്യ നാളികേര വികസന ഓഫീസർ
ഡോ. ബി ഹനുമന്ത് ഗൗഡ
ഫോൺ: 0484 - 2375999

സെക്രട്ടറി
ശ്രീ. ആർ. മധു
ഫോൺ : 0484 - 2377737

Government of India,
Ministry of Agriculture and Farmer's Welfare
P.B. No.1012, Kera Bhavan, SRV Road
(Near SRV High School),
Kochi – 682 011, Kerala, India.
Email : kochi.cdb@gov.in
Website: https://www.coconutboard.gov.in
Office:0484-2376265, 2377267,
PABX : 2377266, 2376553, Fax:91 484-2377902

## മേഖലാ ഓഫീസുകൾ

**കർണ്ണാടകം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്, നാളികേര വികസന ബോർഡ്, ഹുളിമാവ്, ബന്നാർഗട്ട റോഡ് (ഹോർട്ടി കൾച്ചർ ഫാമിനു സമീപം, ഗവൺമെന്റ് ഓഫ് കർണ്ണാടക) ബാംഗ്ലൂർ സൗത്ത് താലൂക്ക്, ബാംഗ്ലൂർ 560 076 കർണ്ണാടക. ഫോൺ : (080) 26593750, 26593743
ഫാക്സ് : 08026594768
E-mail: ro-bnglr@coconutboard.gov.in

**ആസ്സാം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഹൗസ് ഫെഡ് (6–ാം നില), വയർലസ്സ് ബസ്സിദ റോഡ്, ലാസ്റ്റ് ഗേറ്റ്, ദിസ്പൂർ, ഗുവാഹത്തി – ആസ്സാം. ഫോൺ : (0361) 2220632
ഫാക്സ് : (0361) 2229794
E-mail: ro-guwahati@coconutboard.gov.in

**തമിഴ്നാട്**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
നമ്പർ : 47, ഡോ. രാമസ്വാമി സാലൈ
കെ. കെ. നഗർ, ചെന്നൈ,
600 078, തമിഴ്നാട്. ഫോൺ: (044) 23662684, 23663685 ഫാക്സ് :(044) 22673684,
E-mail: ro-chennai@coconutboard.gov.in

**ബീഹാർ**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഫുൽവാരി റോഡ്, ജഗദേവ് പഥ്,
പാറ്റ്ന – 800 014, ബീഹാർ.
ഫോൺ: 0612 – 2972020
ഫാക്സ് : 0612 – 2272742
E-mail: ro-patna@coconutboard.gov.in

## സ്റ്റേറ്റ് സെന്ററുകൾ

**ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഹൗസ് എംബി നമ്പർ.54, ഗുരുദ്വാര ലെയിൻ, പോസ്റ്റോഫീസിനു സമീപം, ബി.എസ്.എൻ.എൽ. ക്വാർട്ടേഴ്സിന് എതിർവശം, പോർട്ട് ബ്ലെയർ 744 101, സൗത്ത് ആൻഡമാൻ.ഫോൺ: (03192) 233918
E-mail: sc-andaman@coconutboard.gov.in

**ആന്ധ്രാ പ്രദേശ്**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ,
നാളികേര വികസന ബോർഡ്, ഡോർ നമ്പർ.54–14/5–18A,
റോഡ് നമ്പർ. 11, ഭാരതി നഗർ, നോവോട്ടൽ വരുണ ഹോട്ടൽ,
റിംഗ് റോഡ്, എൻ.ടി.ആർ ജില്ല, വിജയവാഡ 520008,
ആന്ധ്രാപ്രദേശ്, ടെലി ഫാക്സ് : 0866 2972723
ഫോൺ : 0866 2472723
E-mail: sc-vijayawada@coconutboard.gov.in

**മഹാരാഷ്ട്ര**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
ഫ്ളാറ്റ് നമ്പർ. 203, 2–ാം നില, യൂകാലിപ്സ് ബിൽഡിംഗ്,
ഗോധ് ബന്തർ റോഡ്, താനെ 400 610. മഹാരാഷ്ട്ര.
ഫോൺ : 02265100106
E-mail: sc-thane@coconutboard.gov.in

**ഒഡീഷ**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
പിട്ടാപ്പള്ളി, കുമാർബസ്ത പി.ഒ.,
ഖുർദ ജില്ല 752 055 ഒഡീഷ.
ഫോൺ: 8280067723
E-mail: sc-pitapalli@coconutboard.gov.in

**വെസ്റ്റ് ബംഗാൾ**
ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
DA-94 -സെക്ടർ I, സോൾട്ട് ലേയ്ക്ക് സിറ്റി,
കൊൽക്കത്ത, 700 064.വെസ്റ്റ് ബംഗാൾ
ഫോൺ : (033) 23599674 ഫാക്സ് : (033) 23599674
E-mail: sc-kolkata@coconutboard.gov.in

**ഗുജറാത്ത്**
സ്റ്റേറ്റ് സെന്റർ,
നാളികേര വികസന ബോർഡ്, ബി വിംഗ്,
ഫസ്റ്റ് ഫ്ളോർ, ബാഹുമലി ഭവൻ, സ്റ്റേറ്റ് ഹൈവേ 31, ദുരുവേഷ് നഗർ, ഷഷികുഞ്ജ്, ജുനഗഢ്, 362001. ഗുജറാത്ത്.
ഫോൺ : 02852990230
E-mail: sc-junagadh@coconutboard.gov.in

**മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ**
ഡെപ്യൂട്ടി ഡയറക്ടർ,
മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ,
നാളികേര വികസന ബോർഡ്, 120,
ഹർഗോവിന്ദ് എൻക്ലേവ്, ന്യൂഡൽഹി 110 092.
ഫോൺ : (011) 22377805 ഫാക്സ് : (011) 22377806
E-mail: mdic-delhi@coconutboard.gov.in

**സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സി.ഐടി) ടെക്നോളജി ഡെവലപ്മെന്റ് സെന്റർ ആന്റ് ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി**
ഡെപ്യൂട്ടി ഡയറക്ടർ, ടെക്നോളജി ഡെവലപ്മെന്റ് സെന്റർ,
ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി & സിഐടി,
നാളികേര വികസന ബോർഡ്, കീൻപുരം,
സൗത്ത് വാഴക്കുളം, ആലുവ, എറണാകുളം ജില്ല.
പിൻ 683 105. കേരള. ഫോൺ : (0484) 2679680
E-mail : cit-aluva@coconutboard.gov.in

**ഫീൽഡ് ഓഫീസ്, തിരുവനന്തപുരം**
ഫീൽഡ് ഓഫീസ്,
നാളികേര വികസന ബോർഡ്,
അഗ്രികൾച്ചറൽ അർബൻ, ഹോൾസെയിൽ
മാർക്കറ്റ് (വേൾഡ് മാർക്കറ്റ്)
ആനയറ പി.ഒ., തിരുവനന്തപുരം
പിൻ – 695 029 കേരള. ഫോൺ : 0471 2741006
E-mail fo-tvprm@coconutboard.gov.in

## വിത്ത് ഉൽപാദന പ്രദർശന തോട്ടങ്ങൾ

**ആന്ധ്രാപ്രദേശ്** : അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, വേഗിവാഡ, (വില്ലേജ്) പി.ഒ.തടികലപ്പുടി (വഴി), വെസ്റ്റ് ഗോദാവരി (ജില്ല) ആന്ധ്രാപ്രദേശ് – 534 452.
ഫോൺ : 8331869886 ഇ–മെയിൽ : f-vegiwada@coconutboard.gov.in

**ആസ്സാം** : ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, അഭയാപുരി, ബോങ്കായ്ഗോൺ, , ആസ്സാം – 783 384. ഫോൺ : 03664 -262491
ഇ–മെയിൽ : f-abhayapuri@coconutboard.gov.in

**കർണ്ണാടക**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ലോക്സാര പി.ഒ., മാൺഡ്യ ജില്ല, കർണ്ണാടക – 571 478. ഫോൺ :08232298015
ഇ–മെയിൽ : f-mandya@coconutboard.gov.in

**കേരള**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, നേര്യമംഗലം, കേരള. പിൻ 686 693.ഫോൺ: (0485) 2554240
ഇ–മെയിൽ : f-neriamangalam@coconutboard.gov.in

**ഒഡീഷ**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, പിട്ടാപ്പള്ളി, കുമാരബസ്ത പി.ഒ., ഖുർദ ജില്ല – 752 055, ഒഡീഷ. ഫോൺ : 8280067723
ഇ–മെയിൽ : f-pitapalli@coconutboard.gov.in

**ബീഹാർ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സിംഗേശ്വർ പി.ഒ, പിൻ 852 128, മധേപുര ജില്ല, ബീഹാർ ഫോൺ : (06476) 283015
ഇ–മെയിൽ : f-madhepura@coconutboard.gov.in

**ഛത്തീസ്ഖർ**:അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, കൊണ്ടഗോൺ 494 226, ബാസ്താർ ജില്ല, ഛത്തീസ്ഖർ.
ഫോൺ: (07786) 242443 ഫാക്സ്: (07786) 242443
ഇ–മെയിൽ: f-kondagaon@coconutboard.gov.in

**മഹാരാഷ്ട്ര**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദപോലി വില്ലേജ്, സത്പതി പി.ഒ., പാൽഗാർ ജില്ല, പിൻ – 401405, മഹാരാഷ്ട്ര.
ഫോൺ : (02525) 256090 മൊബൈൽ :07767948448 & 7776940774
ഇ–മെയിൽ : f-palghar@coconutboard.gov.in

**തമിഴ്നാട്**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദാലി, തിരുമൂർത്തി നഗർ പി.ഒ., ഉദുമൽപെട്ട്,തമിഴ്നാട് – 642 112 ഫോൺ : (04252) 265430
ഇ–മെയിൽ : f-dhali@coconutboard.gov.in


**ത്രിപുര**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ഹിച്ചാച്ചെറ, സഖ്ബാരി പി.ഒ., ജോലാബാരി വഴി, സാബ്റൂം, സൗത്ത് ത്രിപുര, ത്രിപുര പിൻ :799141 ഇ–മെയിൽ : f-hitchachara@coconutboard.gov.in

**പശ്ചിമ ബംഗാൾ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഫുളിയ ശാഖയ്ക്ക് സമീപം, എൻ.എച്ച് 34, ബെലേമാഥ് പി.ഒ. നദിയ, പശ്ചിമ ബംഗാൾ 741402, ഫോൺ : (03473) 234002
ഇ–മെയിൽ : f-fulia@coconutboard.gov.in

2024 ജനുവരി
പുസ്തകം 16
ലക്കം 1
വില: 4 രൂപ

Registered No: KL/EKM/719/2024-26
Licence No. KL/CR/EKM/WPP-10/2024-26
Licensed to Post Without Prepayment
RNI No. KERMAL/2009/32819

ഇന്ത്യൻ നാളികേര ജേണൽ
Date of Publication - 23/1/2024




आगे की सोचें..
संरक्षित और सुरक्षित रहें
മുൻകൂട്ടി ആലോചിക്കൂ
സംരക്ഷണവും സുരക്ഷയും ഉറപ്പാക്കൂ

# 5 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് വെറും 94 രൂപയ്ക്ക്

ലഭിക്കുന്ന പരിരക്ഷ
- ചികിത്സാ ചിലവുകൾക്ക് ആശ്വാസം
- അപകടാനുബന്ധ തൊഴിൽ നഷ്ടം
- അംഗവൈകല്യം
- ജീവഹാനി

## ആർക്കെല്ലാം അംഗമാകാം ?

തെങ്ങുകയറ്റ
നാളികേര വിളവെടുപ്പ്
നീര ഉൽപാദന
തൊഴിലാളികൾ

**പ്രായപരിധി – 18 – 65**

അപേക്ഷാ ഫാറത്തിന്
നാളികേര വികസന ബോർഡിന്റെ വെബ് സൈറ്റ്
www.coconutboard.gov.in സന്ദർശിക്കുക/
അടുത്തുള്ള കൃഷി വിജ്ഞാന കേന്ദ്രവുമായി
ബന്ധപ്പെടുക

# വരൂ...
# കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകൂ

നാളികേര വികസന ബോർഡ് സംരംഭം.
പങ്കാളി – ന്യൂ ഇന്ത്യ അഷ്വൂറൻസ് കമ്പനി ലിമിറ്റഡ്

**തെങ്ങുകയറ്റ തൊഴിലാളികൾക്കും
നാളികേര വിളവെടുപ്പുകാർക്കും
പ്രയോജനകരമായ
അപകട ഇൻഷുറൻസ് പദ്ധതി**

अधिक जानकारी के लिए कृपया संपर्क करें :
കൂടുതൽ വിവരങ്ങൾക്ക് ദയവായി ബന്ധപ്പെടുക :
0484 2377266 (एक्स्टेंशन എക്സ്റ്റൻഷൻ 255)
नारियल विकास बोर्ड, कोची
നാളികേര വികസന ബോർഡ്, കേരഭവൻ
എസ് ആർ വി റോഡ്, കൊച്ചി – 11

Printed and published by Mini Mathew, on behalf of Coconut Development Board, Printed at M/s KBPS, Kakkanad, Kochi-30 and published at Coconut Development Board, Govt. of India,
Ministry of Agriculture and Farmer's Welfare, Kera Bhavan, Kochi-11, Editor: Deepthi Nair S.